# കെയ്റോസ്

2013 MAY | Vol.12 | Issue 5 | ₹15



## ഒരുപേരും കുറേ ചിന്തകളും

‘പാവങ്ങളെ മനസ്സിലാക്കണമെങ്കിൽ പാവങ്ങളെക്കാൾ താണ നിലയിൽ ജീവിക്കണം.’ *വാ. മദർ തെരേസ*



## വാഴ്ത്തപ്പെട്ട മദർ തെരേസ (1950 – 1997)

സ്വന്തമാവശ്യങ്ങളെ ഏറ്റവും പരിമിതപ്പെടുത്തിക്കൊണ്ടുള്ള മദറിന്റെ ജീവിതം അനേകർക്കു ജീവനു കാരണമായി. ദിവസത്തിന്റെ ആദ്യ രണ്ടു മണിക്കൂർ ഈശോയുമായുള്ള സംഭാഷണം... അതിൽ നിന്നും ലഭിച്ച ശക്തിയാൽ ദൈവ സ്നേഹം മറ്റുള്ളവരുമായി ആവോളം പങ്കുവയ്ക്കുന്ന നീണ്ട മണിക്കൂറുകൾ... അതിനൊടുവിൽ സ്വയം വിശ്രമത്തിനായി ദിവസവും മൂന്നു മണിക്കൂറിൽ മാത്രമൊതുക്കിയ ഉറക്കം...

രണ്ടുജോഡി വസ്ത്രങ്ങളും അന്തേവാസികളുടെ ചെരുപ്പുകളിൽ നിന്ന് ഏറ്റവും മോശപ്പെട്ട പരുക്കൻ ചെരുപ്പും ഒരു തുണിസഞ്ചിയും മാത്രമാണ് മദറിന്റെ സുഖസൗകര്യങ്ങളുടെ ലോകം.

എങ്കിലും ആരാരുമില്ലാത്ത അനേകായിരങ്ങൾക്ക് അത്താണിയാകുവാൻ ഈ പാവങ്ങളുടെ അമ്മയെ ദൈവം ഉപകരണമാക്കി.

*Cover: Saint Francis of Assisi in Ecstasy an oil painting by Jusepe de Ribera (1642)*

## എഡിറ്റോറിയൽ

# ഫ്രാൻസിസ് എന്ന പേര്



അടുത്ത നാളുകളിലെ വാർത്തകളിലെ താരം പുതിയ മാർപാപ്പായായിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഏറെക്കാര്യങ്ങൾ ലോകത്തിനിന്നറിയാം. ബ്യൂണസ് അയേഴ്സിൽ ജനനം, അർജന്റീനാ സ്വദേശി, 76 വയസ്സ്, 1998 ൽ ബ്യൂണസ് അയേഴ്സ് ആർച്ച്ബിഷപ്പ്, 2001–ൽ കാർഡിനൽ, 266–ാം മാർപാപ്പ, അഞ്ച് മക്കളിൽ മൂത്തവൻ, അപ്പൻ റെയിൽവേ ജോലിക്കാരനും, അമ്മ കുടുംബിനിയുമായിരുന്നു, കുടുംബവേരുകൾ ഇറ്റലിയിൽ, ബാസ്‌ലോറൻസ് ഡി അൽമാഡി എന്ന ഫുട്ബോൾ ക്ലബിന്റെ അടുപ്പക്കാരൻ, മാർപാപ്പയാകുന്ന ആദ്യത്തെ ഈശോ സഭാംഗം, തെക്കൻ ഭൂഖണ്ഡത്തിൽ നിന്നും അമേരിക്കയിൽ നിന്നുമുള്ള ആദ്യത്തെ മാർപാപ്പാ, ജോർജ് മാരിയോ ബെർഗോഗ്ലിയോ എന്ന് യഥാർഥ പേര്.

ടാംഗോ ഡാൻസിന്റെയും, അർജന്റീനയിലെ പരമ്പരാഗത സംഗീതമായ മിലോങ്ങയുടെയും ഇഷ്ടക്കാരൻ, സെമിനാരി പഠനത്തിനു മുൻപ് രാസവസ്തുക്കളുടെ ടെക്നിഷ്യനായി ജോലി, ഒൻപത് ഭാഷകളിൽ പ്രാവീണ്യം. ഏറ്റവും കംഫർട്ടബിൾ ഭാഷ സ്പാനീഷ്; ഇറ്റാലിയൻ ഭാഷയും ഏറെ പരിചിതം. ശ്വാസകോശങ്ങളിലൊന്ന് 21–ാം വയസ്സിൽ നീക്കം ചെയ്യപ്പെട്ടയാൾ.

എളിമയുടെയും, വിനയത്തിന്റേയും ശൈലി, പാവങ്ങളോടുള്ള കരുതലും, കരുണയും, പക്ഷംചേരലും, സാമൂഹ്യനീതിയോടുള്ള പ്രതിബദ്ധത, വിമാനത്തിലെ ഇക്കോണമി ക്ലാസ്സ് യാത്രക്കാരൻ, വിശാലമായ ബിഷപ്പ്ഹൗസിനു പകരം ലളിതമായ ഫ്ളാറ്റിലെ ജീവിതം, സ്വയം ഭക്ഷണം പാകം ചെയ്യുക, പൊതു ഗതാഗത മാർഗങ്ങൾ ഉപയോഗിച്ചുള്ള യാത്രകൾ.

സെമിനാരി പഠനകാലത്ത് ഒരു പെൺകുട്ടിയിൽ ആകൃഷ്ടനായി ഒരാഴ്ചയോളം പ്രാർഥിക്കാൻ പോലുമാകാതെ കഴിഞ്ഞ ചെറുപ്പക്കാരൻ. മാർപാപ്പായായതിനുശേഷം ആദ്യമായി ജനങ്ങളെ ആശിർവദിക്കുന്നതിനുമുൻപ് തനിക്കുവേണ്ടി പ്രാർഥിക്കാനാവശ്യപ്പെടുക, മാർപാപ്പായുടെ പെസഹാ വ്യാഴാഴ്ചയിലെ കാൽ കഴുകൽ ശുശ്രൂഷയിൽ ചരിത്രത്തിൽ ആദ്യമായി സ്ത്രീകളുടെയും, മുസ്ലിം മതസ്ഥരുടെയും കാൽകഴുകി ചുംബിക്കുക.

കാർഡിനലായിരുന്ന കാലത്ത് കമ്യൂണിയനും ലിബറേഷനും എന്ന കത്തോലിക്കാ



അല്മായ സുവിശേഷവൽക്കരണ മുന്നേറ്റവുമായുള്ള ബന്ധം ശ്രദ്ധേയം.

ലാറ്റിൻ അമേരിക്കൻ ബിഷപ്പുമാരുടെ 2007 -ലെ സമ്മേളനത്തിൽ അന്ന് കാർഡിനലായിരുന്ന ഫ്രാൻസിസ് മാർപാപ്പപറഞ്ഞു. ‘നമ്മൾ ജീവിക്കുന്നത് ലോകത്തിലെ ഏറ്റവും തുല്യതയില്ലാത്തിടത്താണ്. ഈ പ്രദേശം ഏറെ വളർന്നെങ്കിലും ദുരിതങ്ങൾ ഏറ്റവും കുറച്ചേ കുറഞ്ഞിട്ടുള്ളു. അനീതിയുള്ള വിതരണ സംവിധാനമാണിവിടെയുള്ളത്. അത്തരം സാഹചര്യം സ്വർഗത്തെ നോക്കി നിലവിളിക്കുന്നു. നമ്മുടെ അനേകം സഹോദരർക്ക് ജീവിതത്തിന്റെ പൂർണതയിലേയ്ക്ക് വളരാനുള്ള സാധ്യതകൾ അത് ഇല്ലാതാക്കി കളയുന്നു.’

‘ദരിദ്രയായ സഭയെ ഞാൻ എത്രമാത്രം ഇഷ്ടപ്പെടുന്നു. ദരിദ്രർക്കുവേണ്ടിയുള്ള സഭയെയും.’

പുതിയ മാർപാപ്പാ ഫ്രാൻസിസ് എന്ന പേര് സ്വീകരിച്ചത് ലോകമാസകലം ചർച്ചയായി. ചരിത്രത്തിലിന്നുവരെ മറ്റാരും ഫ്രാൻസിസ് അസ്സീസിയെപ്പോലെ യേശുവിനെ പിൻചെന്നിട്ടില്ലത്രേ. അത്രമാത്രം വ്യക്തതയോടെയും, കൃത്യതയോടെയുമാണദ്ദേഹം യേശുവിന്റെ ജീവിതം മാതൃകയാക്കിയതും, ഈശോയുടെ പ്രവൃത്തികൾ തുടർന്നതും, വിശുദ്ധഫ്രാൻസിസും അദ്ദേഹത്തിന്റെ സുഹൃത്തുകളും ദാരിദ്ര്യം ആഘോഷിക്കുകയും, ചിലപ്പോൾ ആരാധിക്കുകയും ചെയ്തവരാണത്രേ. ക്രൈസ്തവരല്ലാത്തവർക്കുപോലും അസ്സീസിയിലെ ഫ്രാൻസിസിന്റെ ജീവിതം ഇന്നും പ്രചോദനകരമായി തുടരുന്നു.

പുതിയ മാർപാപ്പായുടെ ഫ്രാൻസിസ് എന്ന പേരും, ഇതുവരെ മനസ്സിലാക്കാനിടവന്നിട്ടുള്ള ചിന്തകളും, കാഴ്ചപ്പാടുകളും, ജീവിതശൈലിയും കേരളത്തിലെ സഭയ്ക്ക് എന്ത് സന്ദേശമാണ് നൽകുന്നത് എന്ന് ഗൗരവത്തോടെ അന്വേഷിക്കേണ്ടതാണ്. കുറേക്കൂടി ലളിതമാകുവാനും ഇല്ലാത്തവരുടെയും, നഷ്ടപ്പെട്ടവരുടെയും കൂടെ നിൽക്കാനുമുള്ള പ്രേരണയുണർത്തുന്ന പേരാണിത്. ആത്മാവ് സഭകളോട് സംസാരിക്കുന്നത് എന്താണെന്ന് കേൾക്കാൻ ചെവികൾ തുറന്നു വയ്ക്കാം.

*സ്നേഹപൂർവം,* ***ചാക്കോച്ചൻ ഞാവള്ളിൽ***

*kairosmag@gmail.com*

Kairos Magazine | May 2013 | Vol.12 | Issue 5 | www.kairos.jesusyouth.org | facebook.com/Readkairos

വിലാസം: കെയ്റോസ്, എമ്മാവുസ്, എച്ച്.എം.ടി. കോളനി പി.ഒ. പിൻ-683 503. ഫോൺ: 0484 - 2558825
ഇമെയിൽ: kairosmag@gmail.com

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: ₹ 180 | അഞ്ചു വർഷത്തേക്ക് ₹ 800 | വിദേശത്തേക്ക് ₹ 1500 (ഒരു വർഷത്തേക്ക്)

സ്പിരിച്വൽ ഡയറക്ടർ **ഫാ. ഷിബു ഒ.സി.ഡി (KYCT Animator)** 9895840991, പ്രിന്റർ ആൻറ് പബ്ലിഷർ **റെജി കരോട്ട്** 9447394142, എക്സിക്യൂട്ടീവ് മാനേജർ **ജോബി തോമസ് (KYCT Co-ordinator)** 9995213936

ചീഫ് എഡിറ്റർ **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513, അസോസിയേറ്റ് എഡിറ്റർ **സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ് **ഫാ. ജോഷി മാക്കീൽ** 9895942870, **റെന്നി ഞാറക്കുളം** 9447459474, **ബാബു തുണ്ടത്തിൽ** 9446256120, **അഡ്വ. കെ.ജെ. ജോൺസൺ** 9447245745, **ഡോ. കൊച്ചുറാണി ജോസഫ്** 9447155736, **ഡോ. സൂസി ജോസ്** 9446224723, **ടിറ്റോ മാത്യു** 9605360572, **അഞ്ജു റോസ്** 8086380461, **അരുൺ ആന്റണി** 9447378547, **ജോബി തോമസ് കട്ടപ്പന** 9400472357, **ഷാലു തോമസ്** 9677103641, **ഷാജി ജോസഫ്** 9895405631, **രാജേഷ് മത്തായി** 9447576650, **നൈനിൽ രാജേഷ്** 9446123934, **അനിഷ വി.ജെ** 9747266752, **സന്തോഷ് ഡോമിനിക്ക്** 9895849707, **സിൻജോ പി.കെ** 9895711787, **ജെയിംസ് ആഴ്ചങ്ങാടൻ** 9846142576, **ജോസി ആലഞ്ചേരി** 9249902760, **ഷാജി ലുയിസ്** 9895763292, **ജോസ് കുര്യൻ** 9447128457

സർക്കുലേഷൻ/മാനേജർ **ജോജി ബാബു മമ്പള്ളിൽ** 9447742672, ഫിനാൻസ് മാനേജർ **ടോമി തോട്ടുങ്കൽ** 9645869036

ഡിസൈൻ **ഷാജി ജോസഫ് അറക്കൽ** 9895405631

കത്തുകൾ

# ചാനലുകളിൽ നിന്ന് രക്ഷിക്കണേ...

പ്രിയ എഡിറ്റർ,

ടിവി ചാനലുകളെ വെറുത്തുപോയ സമയമായിരുന്നു ഇത്. എപ്പോൾ തുറന്നാലും ഗണേഷ്കുമാർ, പി.സി. ജോർജ്, ഗൗരിയമ്മ. ഒന്നുമില്ലാതിരിക്കുമ്പോൾ വീണുകിട്ടുന്ന അപ്പക്കഷണങ്ങൾക്കുവേണ്ടി ആർത്തികാണിക്കുന്നവരെപ്പോലെ അവതാരകരും റിപ്പോർട്ടർമാരും. അതിലും അസഹനീയമായി ചർച്ചകൾക്കെത്തുന്നവരുടെ ഒച്ചപ്പാടും. ഇതിൽ ഒരുവാർത്തയെങ്കിലും ജനത്തിനുഗുണം ചെയ്യുന്നതാണോ? എന്തിനാണ് ഈ ചാനലുകൾ കാണുന്നത്?

ഈ വാർത്തകൾക്കെല്ലാം പിറകിൽ വ്യക്തിതാത്പര്യങ്ങളും സത്യത്തിന്റെ വളച്ചൊടിക്കലുമുണ്ടെന്ന് വ്യക്തമാണ്. വാർത്തകൾ സൃഷ്ടിക്കുന്നത് രാഷ്ട്രീയക്കാരും ചില ചാനൽ റിപ്പോർട്ടർമാരും ചേർന്നാണല്ലോ. എന്തിനാണ് പ്രാധാന്യം നൽകേണ്ടത്, എന്താണ് സത്യം എന്ന ബോധം പോലും ഇവർക്ക് നഷ്ടപ്പെട്ടെന്നു തോന്നുന്നു. ചില ബ്രേക്കിങ് ന്യൂസുകൾ കണ്ടാൽ ചിരിയും കരച്ചിലും ഒരുമിച്ചുവരും. ചാനലുകൾ നന്നാവുമെന്ന് പ്രതീക്ഷയില്ല. പ്രേക്ഷകരെ എങ്ങനെ അവരുടെ സമയവും സമാധാനവും നഷ്ടപ്പെടാതെ രക്ഷിക്കാം എന്നാണ് ഇനി ചിന്തിക്കേണ്ടത്. മാധ്യമങ്ങളെ എങ്ങനെ ഉപയോഗിക്കണം എന്ന മേഖലയിലേക്ക് കെയ്റോസിന്റെ ശ്രദ്ധ ക്ഷണിക്കാനാഗ്രഹിക്കുകയാണ്. വായനക്കാർക്ക് ഗുണകരമായ രീതിയിൽ ഒരുമാധ്യമ പഠനം കെയ്റോസ് നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

*വി.സി. ജോസ് ഇടുക്കി*

ജേക്കബ് കോച്ചേരി



# സ്കൂളിലെ ദന്താശുപത്രി

അധ്യാപനജീവിതത്തിലേയ്ക്ക് പ്രവേശിച്ച വർഷം എൽ.പി. ക്ലാസ്സിലായിരുന്നു നിയമനം. ക്രിസ്റ്റീൻ ധ്യാനങ്ങളിൽ സഹായിക്കുന്നതുകൊണ്ട് കുട്ടികളുമായി സല്ലപിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. പാട്ടും കഥകളും പാഠങ്ങളുമായി ക്ലാസ്സിലെപ്പോഴും ആരവമായിരുന്നു. എന്നാൽ ഇന്റർവെൽ സമയങ്ങളിൽ ജോർജ് സാറിന്റെ ക്ലാസ്സിൽ കുട്ടികൾ തിക്കിത്തിരക്കി കയറുന്നത് കാണാമായിരുന്നു. ചില കുട്ടികൾ വാ പൊത്തിക്കൊണ്ട് ഓടുന്നതും കാണാം. ചിലപ്പോൾ 'ഞാാാ...' എന്ന വിലാപവും.

ജോർജ്സാറിന്റെ 2-ാംക്ലാസ്സ് ഒരു ദന്താശുപത്രി കൂടിയാണെന്ന് അടുത്തദിവസം കണ്ടറിഞ്ഞു. പറിഞ്ഞുപോരാൻ കൂട്ടാക്കാതെ നിൽക്കുന്ന കുട്ടികളുടെ വായിലെ കുറ്റിപ്പല്ലുകൾ മുതൽ അണപ്പല്ലുകൾ വരെ ജോർജ് സാറിന്റെ ബലമേറിയ നീണ്ട വിരലുകൾക്ക് മുന്നിൽ നിഷ്പ്രഭമായി. പല്ലുപറിച്ചുകഴിഞ്ഞാൽ ഒന്നു തിരുമ്മിവിടുക കൂടി ചെയ്യും. ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന ആ വിദ്യാലയത്തിലെ ഏക ദന്താധ്യാപകനാണ് ജോർജ്സാർ. അതുമാത്രമല്ല നഖം വെട്ടാതെ നടക്കുന്ന വിദ്യാർഥികളെ കണ്ടെത്തി ജോർജ് സാറിന്റെ മുൻപിലെത്തിക്കുന്ന സ്ക്വാഡിനും പിടിപ്പതു പണിയുണ്ട്. കൂടാതെ ഉളുക്ക്, ചതവ്, മുറിവ് തുടങ്ങിയ ആതുരശുശ്രൂഷകൾക്കുള്ള കിറ്റ് സാറിന്റെ ക്ലാസ്സ്മുറിയിലുണ്ടാകും. സ്കൂളിലെത്തിയാൽ വൈകുംവരെ സ്റ്റാഫ്റൂമിൽ പോകാതെ കുട്ടികൾക്കൊപ്പം ക്ലാസ്സ്മുറിയിൽത്തന്നെയായിരുന്നു ആ അധ്യാപകൻ. റിട്ടയറാകുന്ന ദിവസങ്ങളിൽ കൊച്ചുകുട്ടികൾ കണ്ണുനീരോടെ യാത്രയാക്കുന്നതും കാണാനിടയായി.

കനത്ത ശമ്പളം വാങ്ങുമ്പോഴും ഭിക്ഷക്കാരെപ്പോലെ ജ്ഞാനദാഹത്തോടെ വിദ്യാർഥികൾ നിൽക്കണമെന്നും തങ്ങൾ ദയാവായ്പാൽ എറിഞ്ഞുകൊടുക്കുന്ന വിജ്ഞാനത്തിന്റെ എല്ലിൻ കഷണങ്ങൾ സ്വീകരിച്ച് ജ്ഞാനദാഹമടക്കണമെന്നും ശഠിക്കുന്ന ഒട്ടേറെ അധ്യാപകരെ ഇന്നും ക്ലാസ്സ്മുറികളിൽ കാണാം. എന്നാൽ ഒന്നോർക്കുക! അവരൊന്നും ഒരു കുഞ്ഞിന്റെയും മനസ്സിൽ കുടിയേറിയവരല്ല; അവർക്കൊന്നും ആ വിദ്യാർഥിയുടെ ജീവിതത്തിൽ ഒരു ചലനവും സൃഷ്ടിക്കാനും കഴിയില്ല.



പത്താംക്ലാസ്സുകാരുടെ യാത്രയയപ്പ് യോഗത്തിൽ ഹെഡ്മാസ്റ്റർ പ്രസംഗിക്കുകയായിരുന്നു. "നിങ്ങൾ ഏതാനും വർഷങ്ങളിൽ ഓരോ തൊഴിൽ മേഖലയിലും വ്യത്യസ്ത ജോലികളിലും പ്രവേശിക്കും. നിങ്ങൾ ഒരു കള്ളനാവുകയാണെങ്കിൽ കായംകുളം കൊച്ചുണ്ണിയെപ്പോലെ നല്ല കള്ളനാവുക. ഒരു രാഷ്ട്രീയനേതാവാകുകയാണെങ്കിൽ ഗാന്ധിജിയെപ്പോലെയാവുക. ഒരധ്യാപകനാകുകയാണെങ്കിൽ കെ.എസ്. രാധാകൃഷ്ണനെപ്പോലെയാകുക. ദൈവവിളി സ്വീകരിക്കുന്നുവെങ്കിൽ മദർ തെരേസയെപ്പോലെ ആകാൻ ശ്രമിക്കുക – ഏത് മേഖലയിലെത്തിയാലും അതിൽ ഒന്നാമനാകാൻ പരിശ്രമിക്കുക. എങ്കിലേ ആ ഉദ്യോഗത്തിന് ഒരർഥം ഉണ്ടാകൂ".

ഏത് ജോലി എന്നതിനപ്പുറം അതിനോട് നമ്മൾ പുലർത്തുന്ന സമർപ്പണമാണ് പ്രധാനം. ദൈവം എന്നും വിലമതിക്കുന്നതും ഈ സമർപ്പണത്തെയാണല്ലോ.

രണ്ട് സഹോദരങ്ങൾ കളിയിലേർപ്പെടുകയാണ്. ജ്യേഷ്ഠൻ പറഞ്ഞു: "ഞാൻ പോലീസ് നീ കള്ളൻ" കളിമുഷിഞ്ഞപ്പോൾ അച്ഛനും അമ്മയും കളിയായി. അപ്പോഴും ചേട്ടൻ അച്ഛനായി. കളിയുടെ മറ്റൊരു ഘട്ടത്തിൽ പശ്ചാത്തലം സ്കൂളായി. അനുജൻ ചാടിക്കയറിപ്പറഞ്ഞു: "ഇപ്രാവശ്യം ഞാൻ സാറ് – ചേട്ടൻ കുട്ടിയാവണം". "ശരി! നീ സാറായിക്കോ. പക്ഷേ, ഞാൻ ഹെഡ്മാസ്റ്ററാകും".

എപ്പോഴും ഉയർന്നുനിൽക്കാനുള്ള മാനുഷികഭാവത്തിനപ്പുറത്ത് സേവനത്തിന്റെ വിളിയും വഴിയും നമ്മൾക്ക് മുൻപിലില്ലേ! ക്രൂശിതൻ നമ്മോട് പറയുന്നതും അതല്ലേ.

അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ

മറ്റുള്ളവർക്കുവേണ്ടി ജീവിതത്തിന്റെ പങ്കുറച്ചൊക്കെ മിച്ചം വയ്ക്കുന്നവരാണ് വിവേകികൾ. അവരുടെ ജീവിതങ്ങൾ മഹത്തരമെന്ന് കാലം വാഴ്ത്തും ■

## അനുഭവം

സണ്ണി കോക്കാപ്പിള്ളിൽ

# 'ആരാണ് കണ്ണീരു കുടിക്കുന്നതെന്ന് അപ്പോൾ നമുക്കറിയാം!'



ഏറ്റവും കൂടുതൽ വിവേകത്തോടെയും ശ്രദ്ധയോടെയും കൈകാര്യം ചെയ്യേണ്ട ഒരു സംഗതിയെ തികഞ്ഞ ലാഘവത്തോടെ സമീപിച്ചതിന്റെ വേദനയനുഭവിക്കുകയാണ് വിനീത. എത്ര മാത്രം ആവേശത്തോടെയാണ് അന്ന് സ്വന്തം മാതാപിതാക്കളോടു വാദിച്ചത്. മനസ്സിന്റെ ഇഷ്ടമാണ് ഏറ്റവും വലുത്. മതത്തിന്റെ മതിൽക്കെട്ടിനുള്ളിൽ തളച്ചിടാനുള്ളതല്ല ഹൃദയബന്ധങ്ങൾ. ശരീരവും മനസ്സും ഒന്നായിക്കഴിയുമ്പോൾ മറ്റൊന്നിനും അതിനിടയിൽ പ്രസക്തിയില്ല. എല്ലാവരും ആലോചിച്ചു കണ്ടുപിടിച്ചു നടത്തിയതൊക്കെ ഇപ്പോൾ സുഖകരമായ അവസ്ഥയിലാണെന്ന് ഉറപ്പിച്ചു പറയാമോ?

'ആരാണു കണ്ണീരു കുടിക്കുന്നതെന്ന് അപ്പോൾ നമുക്കറിയാം.' സ്വന്തം പിതാവിന്റെ മുൻപിൽ നടത്തിയ വെല്ലുവിളിയോർക്കുമ്പോൾ വിനീതയ്ക്ക് ഇപ്പോഴും ഞെട്ടലാണ്. 'എന്തെങ്കിലും സംഭവിച്ചാൽ നിങ്ങളുടെയടുക്കൽ കൈനീട്ടാൻ ഞാൻ വരില്ല. അതോർത്ത് ആരും വിഷമിക്കേണ്ട,' പ്രായത്തിന്റെ തിളപ്പിൽ മുറ്റിനിന്ന ആത്മവിശ്വാസത്തോടെയാണ് അങ്ങനെ പറഞ്ഞത്. കാരണം, ഈ പ്രപഞ്ചമൊട്ടാകെ നിനക്കായി ഞാൻ നൽകുമെന്ന് ഭദ്രൻ ആണയിട്ടു പറയുമ്പോൾ ഇനി മറ്റെന്താണു വേണ്ടത്? തന്റെ മക്കൾ എല്ലാവരെയുംകാൾ ഉയർന്നുനിൽക്കണമെന്ന വാശിയോടെയാണ് അവരെ ഇന്റർനാഷണൽ സ്കൂളിൽ ചേർത്തത്. പക്ഷേ, അവിടുത്തെ കനത്ത ഫീസ് താങ്ങാനാവുന്നില്ല. ആശുപത്രിയിലെ കമ്പ്യൂട്ടർ വിഭാഗത്തിലെ ജോലികൊണ്ട് ഒരു കുടുംബത്തെ മുന്നോട്ടു നയിക്കാനാവുന്നില്ല.

മുഖത്തെ ഭാവം നോക്കി വിശേഷങ്ങൾ ആരാഞ്ഞ് ഹൃദയത്തിലേക്കു കടക്കാൻ വിരുതുള്ളയാളായിരുന്നു ഭദ്രൻ. ആശുപത്രിയിലെ ഡ്രൈവർ. തന്നെ കൂടുതൽ മനസ്സിലാക്കാനും ശ്രദ്ധിക്കാനും ഒരാളുണ്ടെന്ന കാര്യം വിനീതയെ അതീവ സന്തുഷ്ടയാക്കി. അനുദിനം അംബരചുംബികളുയർന്നുകൊണ്ടിരിക്കുന്ന മെട്രോ നഗരത്തിൽ ഒന്നിച്ചു ചെലവഴിക്കാൻ എത്രയോ സ്ഥലങ്ങളുണ്ട്. സൺഡേ ഡ്യൂട്ടിയുണ്ടെന്നു പറഞ്ഞു വീട്ടിൽ നിന്നിറങ്ങിയ അനിയത്തിയെ ബോട്ടുജെട്ടിയിൽ വച്ച് അനിതയും ഭർത്താവും യാദൃച്ഛികമായി കണ്ടതോടെയായിരുന്നു പ്രശ്നങ്ങളാരംഭിച്ചത്. ഇടവകയിലെ വാർഡു പ്രസിഡന്റിന്റെ മകൾക്ക് ഇങ്ങനെയൊരു ബന്ധമോ? മക്കൾക്കു വിശ്വാസം പകർന്നു നൽകുന്നതിൽ വീഴ്ച പറ്റിയെന്ന ആരോപണത്തിനു മുൻപിൽ സ്ഥാനമൊഴിയേണ്ടിവന്ന പിതാവിന്റെ ജാള്യത വിനീതയ്ക്കു പ്രശ്നമല്ലായിരുന്നു. എല്ലാം എന്റെ വിധിയെന്നു പറഞ്ഞ് മൗനം പൂണ്ട അമ്മയുടെ വിഷാദഭാവവും അവളെ വിഷമിപ്പിച്ചില്ല. അറ്റകൈയ്ക്ക് ഇടവകയിലെ പ്രാർഥനാഗ്രൂപ്പിന്റെ ലീഡറുടെ നിർദേശപ്രകാരം ഒരു ധ്യാനത്തിനയച്ച

പ്പോൾ അവൾ പിൻതിരിയാമെന്നു തീരുമാനിച്ചു. പക്ഷേ, മറ്റൊരു വിവാഹത്തിന് സമ്മതമില്ല.

പക്ഷേ, ഈ തീരുമാനം ഭദ്രനിഷ്ടമല്ലായിരുന്നു. താൻ സ്നേഹിച്ച പെണ്ണിനെ എന്തുവിലകൊടുത്തും കൈവശമാക്കും എന്നവൻ തീരുമാനിച്ചു. വിനീത വീട്ടുതടങ്കലിലായെന്നു സംശയിച്ച ഒരവസരത്തിൽ അവൻ ഏതാനും കൂട്ടുകാരെ സംഘടിപ്പിച്ച് അവളുടെ വീടിന്റെ ഗേറ്റിൽ സത്യാഗ്രഹമിരുന്നു. ഒരു കുടുംബത്തെ സംബന്ധിച്ചിടത്തോളം മറ്റുള്ളവരുടെ മുൻപിൽ മാനംകെടാൻ ഇനിയെന്തുണ്ട്? പ്രശ്നം സ്ഫോടനാത്മകമായിനിന്ന ഒരവസരത്തിൽ വിനീതയും ഭദ്രനും റജിസ്റ്റർ ഓഫീസിൽ വച്ച് സുഹൃത്തുക്കളുടെ സാന്നിധ്യത്തിൽ നിയമപ്രകാരം വിവാഹിതരായി.

ഒരാഴ്ചയ്ക്കുശേഷം നഗരപ്രാന്തത്തിലുള്ള ഒൻപതു നിലയുള്ള ഫ്ളാറ്റിന്റെ മുകളിലത്തെ നിലയിൽ പുതിയൊരു ജീവിതം അവർ തുടങ്ങി. ബാൽക്കണിയിൽ നിന്നു നോക്കുമ്പോൾ നഗരത്തിന്റെ പടിഞ്ഞാറുഭാഗം മുഴുവൻ കാണാമായിരുന്നു. ലോകം മുഴുവൻ കാൽക്കീഴിലായി. പക്ഷികൾവരെ താഴെയാണു പറക്കുന്നത്. മേഘങ്ങളോടു കിന്നാരം പറഞ്ഞ്, രാത്രിയിൽ മിന്നിത്തെളിയുന്ന ലക്ഷക്കണക്കിനു ഇലക്ട്രിക്ക് ബൾബുകളുടെ പ്രകാശധാര കണ്ട്... സ്വർഗം നാണിക്കട്ടെ.

മനുഷ്യന്റെ അസൂയ എത്രയധികം വിലക്കുകളാണ് ബന്ധങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വസന്തം വിടർത്തുന്ന ജീവിതത്തിന്റെ സുന്ദരമുഹൂർത്തങ്ങളെ തിരിച്ചറിയാൻ കഴിയാത്ത യാഥാസ്ഥിതിക മനോഭാവങ്ങളെ അടിച്ചുതകർക്കാൻ ഇനിയും ആയിരം പേർ കടന്നുവരട്ടെ...

ഫ്ളാറ്റിലെ ജീവിതവും രണ്ടു കുട്ടികളുടെ ജനനവുമെല്ലാം ജീവിതത്തിൽ കൂട്ടിമുട്ടിക്കാൻ തങ്ങളുടെ വരുമാനം പോരായെന്നു തിരിച്ചറിഞ്ഞപ്പോൾ അവകാശത്തിനുവേണ്ടി ഭദ്രൻ വിനീതയെ വീട്ടിലേക്കു പറഞ്ഞയച്ചു. കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ ഏതാനും ലക്ഷം രൂപയും കുറച്ച് ആഭരണങ്ങളും വിനീതയ്ക്കു കിട്ടി. തന്റെ ഭാഗം സ്വത്ത് മുഴുവൻ കൈപ്പറ്റിയതായി മുദ്രപേപ്പറിൽ അവൾ ഒപ്പിട്ടു കൊടുക്കേണ്ടിവന്നു. സ്വന്തമായി ഒരു വീടു വാങ്ങാൻ ആ തുക തികയാത്തതിനാൽ ഭദ്രന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു.

**എത്ര കണ്ടാലും കേട്ടാലും പഠിക്കാത്തവർ അനുഭവത്തിലൂടെ യാഥാർഥ്യങ്ങളെ തിരിച്ചറിയുമ്പോഴേയ്ക്കും സമയം ഒരിക്കലും തിരിച്ചുവരാത്തവിധം കടന്നുപോയിരിക്കും**

വിനീതയ്ക്കു കൊടുത്തതിനുശേഷം ബാക്കി തന്റെ പേരിലുള്ളതെല്ലാം പിതാവ് മൂത്തമകൾ അനിതയുടെ പേരിലെഴുതിക്കൊടുത്തു. മൂന്നുനാലു വർഷങ്ങൾ യാന്ത്രികമായാണു കടന്നുപോയത്. അമ്മയ്ക്കു പ്രായമായി എന്നുപറഞ്ഞ് ഭദ്രൻ സ്വന്തം വീട്ടിലേക്കുള്ള പോക്കു കൂട്ടി. ചില ദിവസങ്ങളിൽ അവിടെയാണ് കിടന്നുറങ്ങുന്നത്. ഇതിലൊരസ്വാഭാവികതയും വിനീതയ്ക്കു തോന്നിയില്ല.

നാളുകളേറെ ചെന്നപ്പോൾ വിനീതയ്ക്കു ഒരു കാര്യം മനസ്സിലായി. ഭദ്രന്റെ അമ്മാവന്റെ മകൾ ശ്രീലക്ഷ്മി തങ്ങളുടെ വിവാഹജീവിതത്തിൽ ഒരു കരടായി മാറിയിരിക്കുന്നു. മുറപ്പെണ്ണിനെ വിവാഹം ചെയ്യാൻ വീട്ടുകാർ കഠിനമായി നിർബന്ധിക്കുന്നു. പലപ്പോഴും അവർ കണ്ടുമുട്ടാറുമുണ്ട്...

'എന്റെ ജീവിതം എന്തുകൊണ്ട് ഇങ്ങനെയായി?' വിനീതയുടെ ചോദ്യമാണിത്.

യൗവനത്തിന്റെ പുളപ്പിൽ ആരെയും വെല്ലുവിളിക്കാനെളുപ്പമാണ്. എന്നെയോർത്ത് ആരും കരയേണ്ട എന്ന് വിനീത മാതാപിതാക്കളോട് അന്നൊരിക്കൽ പറഞ്ഞെങ്കിലും അവരുടെ കണ്ണുകളും ഇപ്പോൾ തോരാതെയായിരിക്കുന്നു. എന്തെങ്കിലും സഹായം ചെയ്യണമെന്നുവച്ചാൽ സ്വത്തെല്ലാം മൂത്തമകൾക്ക് തീറെഴുതി കൊടുക്കുകയും ചെയ്തു.

ഇന്ദ്രിയസുഖങ്ങൾക്കു പിന്നാലെ ആർത്തിപിടിച്ച് ഓടുമ്പോൾ ജീവിതത്തെയിട്ടു പന്തുതട്ടിക്കളിക്കുകയാണെന്ന് പലരും മനസ്സിലാക്കുന്നില്ല. എത്ര കണ്ടാലും കേട്ടാലും പഠിക്കാത്തവർ അനുഭവത്തിലൂടെ യാഥാർഥ്യങ്ങളെ തിരിച്ചറിയുമ്പോഴേയ്ക്കും സമയം ഒരിക്കലും തിരിച്ചുവരാത്തവിധം കടന്നുപോയിരിക്കും. ഇങ്ങനെയുള്ളവരെ നോക്കിയാണോ ഈശോ ഇങ്ങനെ പറഞ്ഞിരിക്കുന്നത്:

'നിങ്ങൾ തീർച്ചയായും കേൾക്കും, എന്നാൽ മനസ്സിലാക്കുകയില്ല; നിങ്ങൾ തീർച്ചയായും കാണും, എന്നാൽ ഗ്രഹിക്കുകയില്ല. അവർ കണ്ണുകൊണ്ടു കണ്ട്, കാതുകൊണ്ടു കേട്ട്, ഹൃദയം കൊണ്ടു മനസ്സിലാക്കി, മാനസാന്തരപ്പെടുകയും ഞാൻ അവരെ സുഖപ്പെടുത്തുകയും അസാധ്യമാകുമാറ് ഈ ജനതയുടെ ഹൃദയം കഠിനമായിത്തീർന്നിരിക്കുന്നു; ചെവിയുടെ കേൾവി മന്ദീഭവിച്ചിരിക്കുന്നു; കണ്ണ് അവർ അടച്ചുകളഞ്ഞിരിക്കുന്നു' (മത്തായി 13:14–15) ■



**കൂടിക്കാഴ്ച**

അരുൺ ആന്റണി

# ദൈവം ലാൽജോസിനോടുകൂടെ

**ഇത് ഇത്തിരി പഴയകഥയാണ്; ഒറ്റപ്പാലത്തിന് അടുത്ത് ഒരു ഉൾനാടൻ ഗ്രാമത്തിലെ ക്രൈസ്തവ കുടുംബത്തിൽ നിന്ന് ഡിഗ്രി പഠനം പൂർത്തിയാക്കി ഒരു ഇരുപത് വയസ്സുകാരൻ സിനിമ സ്വപ്നങ്ങളുമായി മദ്രാസിലേക്ക് വണ്ടികയറുന്നു. അവന് സ്വന്തമായി മൂന്ന് ജോഡി വസ്ത്രങ്ങളും അമ്മ ഉണ്ടാക്കിയ നാലു കുപ്പി അച്ചാറും; ഒപ്പം സിനിമയെന്ന മായാലോകത്ത് വഴിതെറ്റാതിരിക്കുവാൻ ഉറ്റവരുടെ നിഷ്കളങ്കമായ പ്രാർഥനയും. ഇരുപത്തി രണ്ടാം വയസ്സിൽ സിനിമയിലേക്ക് കാൽവയ്ക്കുന്നു, പ്രമുഖ സംവിധായകരോടൊപ്പം സംവിധാന സഹായി ആയി ആദ്യ പത്തുവർഷങ്ങൾ. തുടർന്ന് സ്വതന്ത്ര സംവിധായകനാകുന്നു; പതിയെ മലയാളത്തിലെ മുൻനിര സംവിധായകരുടെ ശ്രേണിയിലേക്കും.**

സിനിമയിൽ ലാൽജോസ് എന്നാൽ വിജയം എന്നും അർഥമുണ്ടോ എന്ന് സംശയിച്ചു പോകുന്നു. ഒരു സിനിമ വിജയിപ്പിക്കുക എന്നത് നിസ്സാര കാര്യമല്ല, സിനിമയിലൂടെ പ്രേക്ഷകരെ ചിന്തിപ്പിക്കുക അതിലേറെ ശ്രമകരം! ഈ രണ്ടു കാര്യങ്ങളും ലാൽ ജോസ് എന്ന സംവിധായകൻ ഇന്ന് ഒരു ശീലമാക്കിയിരിക്കുന്നു. കാലിക പ്രസക്തിയുള്ള വിഷയങ്ങൾ അസ്വാദനത്തികവോടെ അവതരിപ്പിക്കുന്നതിൽ ലാൽ ജോസ് 'ക്ലാസ്സ്' തെളിയിച്ചു കഴിഞ്ഞു. തന്റെ പുതിയ ചിത്രമായ 'ഇമ്മാനുവേൽ'-ന്റെ റീലിസ് തിരക്കുകൾക്കിടയിലും ലാൽജോസ് കെയ്റോസിനോട് മനസ്സുതുറക്കുന്നു. സിനിമയെപ്പറ്റി, വിശ്വാസജീവിതത്തെപ്പറ്റി, അതിലുപരി ജീവിതത്തിലെ ചില 'കെയ്റോസ്' അനുഭവങ്ങളെപ്പറ്റി.

'ആദ്യമായി മികച്ച സംവിധായകനുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരം സ്വന്തമാക്കിയ താങ്കൾക്ക് കെയ്റോസിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. മലയാള സിനിമയ്ക്ക് സാമ്പത്തിക വിജയം ഉണ്ടാകില്ല എന്ന അവസ്ഥയിലാണ് 'മീശമാധവൻ' ചരിത്രവിജയം നേടുന്നത്. അതുപോലെ തന്നെ ക്ളാസ്സ്മേറ്റ്സും. ഇവയോടൊപ്പം വിജയങ്ങളുടെ തുടർക്കഥകളും.

**എങ്ങനെ കാണുന്നു സ്വന്തം വിജയങ്ങളെ?**

വിജയങ്ങൾ മാത്രമല്ല പരാജയങ്ങളും ഉണ്ടായിട്ടുള്ള ഒരു കരിയർ ആണ് എന്റേത്. 'രണ്ടാം ഭാവം' എന്ന ചിത്രത്തിന്റെ പരാജയത്തിൽ അൽപം വ്യസനിച്ചിരുന്ന അവസരത്തിൽ സംവിധായകൻ സേതുമാധവൻ സാർ തന്ന ഉപദേശം ഞാൻ ഇപ്പോഴും ഓർക്കുന്നു. ഒരു കവിത വിജയിക്കുമ്പോൾ അത് തൂലികയുടെ വിജയമല്ല, തൂലിക പിടിച്ച ആളുടേതാണ്. അദ്ദേഹത്തിന്റെ ഈ സന്ദേശം ഞാൻ ഇന്നും മുറുകെ പിടിക്കുന്നു. അതുകൊണ്ട് തന്നെ വിജയങ്ങൾ എന്റേതല്ല; എന്നെ ഉപയോഗിക്കുന്ന ദൈവത്തിന്റേതാണ്.

**ലാൽ ജോസിന് എന്താണ് സിനിമ?**

ഇരുപത്തി രണ്ടാം വയസ്സിൽ സിനിമയിൽ കടന്നു വന്നതാണ് ഞാൻ. അന്നു മുതൽ എനിക്കെല്ലാം സിനിമയാണ്. ഞാൻ ഇന്ന് എന്തൊക്കെയാണോ, അതിനെല്ലാം പിന്നിൽ സിനിമയുണ്ട്. എനിക്കറിയുന്ന ഏക ജോലിയും സിനിമയാണ്. സിനിമയുമായുള്ള ബന്ധം അഭേദ്യമാണ്. ഇത് എന്റെ അസ്ഥിത്വമാണെന്ന് പറയാം.

**എല്ലാ വിഭാഗത്തിലും പെട്ട ആളുകൾക്കും രസിക്കുന്ന തികഞ്ഞ എന്റർടെയ്നർ ചിത്രങ്ങൾ ഒരുക്കിയിരുന്ന ലാൽജോസ്**



ബോധ്യപ്പെട്ടു. അതുകൊണ്ട് തന്നെ അതിനുശേഷം ഇറങ്ങിയ സിനിമകളിൽ എല്ലാം തന്നെ എന്തെങ്കിലും ഒരു പോസിറ്റീവ് സന്ദേശം ഉൾക്കൊള്ളിക്കാൻ ഞാൻ ബോധപൂർവം ശ്രമിച്ചിട്ടുണ്ട്. 'അയാളും ഞാനും തമ്മിൽ' എന്ന സിനിമയിലും സംഭവിച്ചിട്ടുള്ളത് അതുതന്നെയാണ്. തെറ്റിലേക്ക് നീങ്ങുമ്പോൾ ആളുകളെ പിന്നിലേക്ക് വലിക്കുന്ന ചില സന്ദർഭങ്ങൾ ഈ സിനിമയിലും കാണാം. സിനിമയുടെ കഥ കേട്ടപ്പോൾ അതിനൊരു കാലിക പ്രസക്തി തോന്നുകയും അതിനെ ആസ്വാദനത്തികവോടെ അവതരിപ്പിക്കാൻ പറ്റും എന്ന വിശ്വാസവുമാണ് ഈ സിനിമയിലേക്ക് നയിച്ചത്.

**ഇപ്പോൾ ഇറക്കുന്ന ചിത്രങ്ങളിൽ ചില ശക്തമായ മാനുഷിക മൂല്യങ്ങൾ, സന്ദേശങ്ങൾ ഉൾക്കൊള്ളിക്കുന്നു. ഇതിനുള്ള കാരണം?**

ഒരിക്കലും സിനിമയിലൂടെ ഒരു മോശം സന്ദേശം കൊടുക്കുവാൻ ശ്രമിച്ചിട്ടില്ല, കൊടുത്തിട്ടുമില്ല. എന്റെ എല്ലാ സിനിമകളിലും നന്മയുടെയും സത്യത്തിന്റെയും ഭാവം ഉൾക്കൊള്ളുന്നുണ്ട്. കയ്പുള്ള മരുന്ന് മധുരത്തിൽ പൊതിഞ്ഞ് നൽകുക എന്ന ആയുർവേദ തത്ത്വമാണ് ഞാൻ എന്റെ സിനിമകളിൽ സ്വീകരിച്ചിരിക്കുന്നത്. സിനിമയുടെ ആസ്വാദന മൂല്യമാണ് ഈ മധുരം, നേരിട്ടു പറഞ്ഞാൽ കയ്ക്കുന്ന സന്ദേശങ്ങൾ മധുരത്തിൽ പൊതിഞ്ഞ് ഞാൻ കൊടുത്തിട്ടുണ്ട്. ഇതിനോടൊപ്പം ഇന്ന് തിരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ എന്റെ പ്രായവും അനുഭവവും ഒരു കാരണമാകുന്നുണ്ട്.

**അവാർഡ് നേടിയ 'അയാളും ഞാനും തമ്മിൽ' എന്ന സിനിമയെക്കുറിച്ച്?**

'ക്ലാസ്സ്മേറ്റ്സ്' ചെയ്യുന്നതുവരെ സിനിമ ആളുകളെ കാര്യമായി സ്വാധീനിക്കും എന്ന് ഞാൻ വിശ്വസിച്ചിരുന്നില്ല. പക്ഷേ, 'ക്ലാസ്സ്മേറ്റ്സ്' സമൂഹത്തിൽ ഉണ്ടാക്കിയ മാറ്റം എനിക്കൊരു തിരിച്ചറിവായിരുന്നു. സിനിമ ജനങ്ങളെ സ്വാധീനിക്കുവാനും മാറ്റങ്ങൾ സൃഷ്ടിക്കുവാനും ശക്തമാണ് എന്ന്

**ഇങ്ങനെ ഏറ്റവും ജനപ്രിയമായ ഒരു മാധ്യമത്തിൽ തിളങ്ങി നിൽക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ ലാൽ ജോസിന്റെ മൂല്യങ്ങൾ, ആത്മീയത, പ്രാർഥന?**

പത്താം ക്ളാസ്സു വരെ ഞാൻ എന്റെ പള്ളിയിലെ അൾത്താരബാലനായിരുന്നു. തുടർന്ന് ഗായകസംഘത്തിന്റെ ഭാഗമായി. കുടുംബത്തിൽ നല്ലൊരു പ്രാർഥനാന്തരീഷം ഉണ്ടായിരുന്നു. ഇന്നിപ്പോൾ ജീവിതത്തിൽ ഞാൻ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ദൈവത്തെയാണ്. ഇതൊക്കെ എന്നെ സ്വാധീനിക്കുന്നുണ്ട്, ഒപ്പം എന്റെ സിനിമയെയും.

**ഒരു പാരമ്പര്യ ക്രിസ്ത്യാനി എന്നതിനപ്പുറത്തേക്ക് ലാൽ ജോസിന് ആരാണ് ക്രിസ്തു?**

ക്രിസ്തു എനിക്കൊരു നല്ല സുഹൃത്താണ്. എന്തും പങ്കു വയ്ക്കാവുന്ന എന്തിനും ആശ്രയിക്കാവുന്ന ഒരു നല്ല സുഹൃത്ത്. പല ഘട്ടത്തിലും ഞാൻ ഒരുപാട് ആശ്രയിക്കുന്നുണ്ട്. അതുപോലെ തന്നെ ഒരാൾ എന്നെ ക്രിസ്ത്യാനിയായി തിരിച്ചറിയുന്നത് എന്റെ പ്രവൃത്തിയിലൂടെയും നിലപാടുകളിലൂടെയും ആകണം എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ പേരോ കുടുംബമോ വാക്കുകളോ ഒന്നും ഇവിടെ പ്രസക്തമാവുന്നില്ല.



ദൈവാനുഭവം എന്ന നിലയിലുള്ള സംഭവങ്ങൾ?

പത്തു വയസ്സിൽ ഒരസുഖം ബാധിച്ച് എന്റെ വലതു കൈ തളർന്നു പോവുകയുണ്ടായി. ഓപ്പറേഷൻ നടത്തിയ ഡോക്ടർ പോലും കൈ സുഖമാകാനുള്ള സാധ്യത വിരളമാണെന്നും വിശ്വാസമുണ്ടെങ്കിൽ പ്രാർഥിച്ചോളാനും പറഞ്ഞു. അടുത്ത ഒരു ഒന്നര വർഷത്തോളം ചികിൽസയും പ്രാർഥനകളും തുടർന്നു. ഒരു ഘട്ടത്തിൽ വലതു കയ്യുടെ കാര്യം മറന്നു കളയാനും ഇടതുകൈ ഉപയോഗിച്ച് പരിശീലിച്ചു തുടങ്ങാനും ഡോക്ടർ പറയുകയുണ്ടായി. അത്ഭുതമെന്നു പറയട്ടെ പിന്നീട് ആ കൈ സുഖപ്പെട്ടു. എന്റെ ആദ്യ കുർബാനയുടെ ദിവസം, കുർബാന സ്വീകരിച്ചിറങ്ങിയ സമയത്താണ് എന്റെ വലതു കയ്യിലെ ആദ്യത്തെ പ്രകടമായ മാറ്റം കാണുന്നത്. എന്റെ മാതാപിതാക്കളുടെ വിശ്വാസവും പ്രാർഥനയും എനിക്ക് അന്ന് വലിയ കരുത്തായിരുന്നു. ഇന്നിപ്പോൾ ജീവിതത്തിൽ ഓരോ നിമിഷവും ഓരോ ദൈവാനുഭവമായി തോന്നാറുണ്ട്. ഓരോ പ്രഭാതങ്ങളിലും ഉണരുന്നത് തന്നെ വലിയൊരു അനുഭവമല്ലേ. പലപ്പോഴും ഈ ദൈവാനുഭവം എന്റെ സിനിമകളിലും പ്രകടമാണ്.

ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്താണ്, സിനിമ, കുടുംബം...?

എന്നെ സംബന്ധിച്ചടത്തോളം കുടുംബത്തെയും സിനിമയെയും വേർതിരിക്കാനാവില്ല. കുടുംബമില്ലെങ്കിൽ തീർച്ചയായും എനിക്ക് സിനിമയും ഇല്ല. ഇങ്ങനെയൊരു മാതാപിതാക്കളോ ഭാര്യയോ എന്റെ ഒപ്പം ഇല്ലായിരുന്നെങ്കിൽ ഞാൻ ഒന്നും ആകുമായിരുന്നില്ല. ഇന്നു കാണുന്ന ഈ പ്രശസ്തിയിലേക്ക് കടന്നു വരുന്നതിനുമുമ്പ് ബുദ്ധിമുട്ടുകളുടെ കാലഘട്ടമുണ്ടായിരുന്നു. അന്നും ഇന്നും എന്നോടൊപ്പം സുഖത്തിലും ദു:ഖത്തിലും കൂടെ നിൽക്കുന്ന എന്റെ ഭാര്യ എനിക്ക് വലിയ കരുത്താണ്. ഭാര്യ ഒരു അധ്യാപികയാണ്; ഞങ്ങൾക്ക് രണ്ടു പെൺകുട്ടികൾ.

പുതുതലമുറയുടെ സാമൂഹിക പ്രതിബദ്ധത ഫേസ്ബുക്കിൽ മാത്രമാണെന്ന് ഈയിടെ പറഞ്ഞിരുന്നല്ലോ. കേരളത്തിലെ യുവജനങ്ങളെക്കുറിച്ചുള്ള ചിന്തകൾ എന്താണ്? അവരോടുള്ള സന്ദേശം എന്താണ്?

യുവജനങ്ങൾ എന്നും പ്രതികരണശേഷിയുള്ളവരാണ്. മുമ്പ് പ്രതികരണം കൂടുതൽ തെരുവിലായിരുന്നു; ഇന്നത് ഫേസ്ബുക്കിലും. പ്രതികരിക്കുന്നത് തെറ്റല്ല; പക്ഷേ, എന്തിനൊക്കെ പ്രതികരിക്കണം എന്നുള്ള ഔചിത്യം ഇന്നത്തെ തലമുറയ്ക്ക് നഷ്ടമായിരിക്കുന്നു. പലപ്പോഴും ക്ലാസ്സിൽ തൊട്ടരികിൽ ഇരിക്കുന്നവന്റെ പ്രശ്നങ്ങളോ വേദനയോ കാണാതെയാണ് വിദൂരങ്ങളിൽ നടക്കുന്ന സംഭവവികാസങ്ങളിൽ പ്രതികരിക്കുന്നത്. യുവജനങ്ങളോട് എനിക്ക് പറയാനുള്ളത് എടുത്തുചാടി പ്രതികരിക്കാതിരിക്കുക, കാര്യങ്ങൾ മനസ്സിലാക്കി പ്രതികരിക്കുക എന്നാണ്. അതുപോലെ തന്നെ മറ്റുള്ളവരുടെ അവസ്ഥ മനസ്സിലാക്കിക്കൊണ്ടുകൂടി പ്രതികരിക്കുകയും അവരോട് ഇടപെടുകയും ചെയ്യുക. മറ്റുള്ളവർക്ക് സാന്ത്വനമേകുന്ന ഇടപെടലുകളിലൂടെ യുവതലമുറയ്ക്ക് സാമൂഹിക പ്രതിബദ്ധത വളർത്താൻ കഴിയട്ടെയെന്നു പ്രാർഥിക്കുന്നു ■



ജോബി തോമസ് എം.ടെക്ക്, കട്ടപ്പന





# ശൂന്യമായ കല്ലറ നൽകുന്ന തെളിവ്

## ക്രിസ്തു സത്യമായും ഉയിർത്തെണീറ്റോ?

ഏതെങ്കിലും ഒരു വ്യക്തി മരണശേഷം തന്റെ ശരീരത്തോടുകൂടി ഉയിർത്തെണീറ്റു എന്നു കരുതുക. ഇതു കഴിഞ്ഞാൽ പിന്നെ അയാളെ അടക്കിയിരുന്ന കല്ലറയിൽ അയാളുടെ ശവശരീരം കാണാൻ പാടില്ല. 'ശൂന്യമായ കല്ലറ നൽകുന്ന തെളിവ്' അഥവാ 'Empty Tomb Evidence' (ETE) എന്നാണ് ഇതിനെ നമ്മൾ വിളിക്കുന്നത്. യേശുവിന്റെ ഉയിർപ്പ് എന്നത് അവന്റെ ശിഷ്യന്മാർ കെട്ടിച്ചമച്ച ഒരു നുണപ്രചരണം ആയിരുന്നു എന്നു സങ്കൽപിക്കുക. എങ്കിൽ ഈ നുണ പ്രചരിപ്പിക്കുന്നതിനുമുമ്പ് അവർക്ക് ETE എന്ന തെളിവ് വ്യാജമായി ഹാജരാക്കേണ്ടിയിരുന്നു.

ശിഷ്യന്മാർ ETE എന്ന തെളിവ് ഹാജരാക്കുന്നതും, യേശു ഉയിർത്തു എന്ന അവകാശവാദം ഉന്നയിക്കുന്നതും യേശുവിന്റെ മരണശേഷം ഒരു വർഷം കഴിഞ്ഞാണ് എന്നു കരുതുക. അങ്ങനെയെങ്കിൽ ശവശരീരം കല്ലറയിൽ കാണപ്പെടാത്തത് ഉയർത്തതിനാലല്ല, പിന്നെയോ ദ്രവിച്ചുപോയതിനാലാണ് എന്നേ ജനങ്ങൾ കരുതുകയുള്ളൂ.

ശിഷ്യന്മാർ ETE എന്ന തെളിവ് ഹാജരാക്കുന്നത് യേശുവിന്റെ മരണശേഷം ഏതാനും മാസങ്ങൾ കഴിഞ്ഞാണ് എന്നിരിക്കട്ടെ. അങ്ങനെയെങ്കിൽ മറ്റൊരസ്ഥികൂടം യേശുവിന്റെ കല്ലറയിൽ കൊണ്ടുവന്നുവച്ചിട്ട് യേശു ഉയിർത്തില്ല എന്നു സ്ഥാപിക്കാൻ അവന്റെ ശത്രുക്കൾക്ക് സാധിക്കും.

ഇനി ശിഷ്യന്മാർ ETE എന്ന തെളിവ് ഹാജരാക്കുന്നത് യേശുവിന്റെ മരണശേഷം ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിലാണ് എന്നു കരുതുക. ഈ അവസരത്തിൽ ശത്രുപക്ഷം കല്ലറയ്ക്ക് കാവൽ നിൽക്കുന്നുമില്ല എന്നുമിരിക്കട്ടെ. അങ്ങനെയെങ്കിൽ ശവശരീരം കല്ലറയിൽ കാണപ്പെടാത്തത് യേശു ഉയിർത്തതിനാലല്ല, പിന്നെയോ ശിഷ്യന്മാർ മോഷ്ടിച്ചതിനാലാണ് എന്നേ ജനങ്ങൾ കരുതുകയുള്ളൂ.

ശത്രുപക്ഷം കല്ലറയ്ക്ക് ഉണർന്നു കാവൽ നിൽക്കുമ്പോൾ ശവശരീരം മോഷ്ടിച്ച് ETE എന്ന തെളിവ് ഹാജരാക്കുക എന്നത് തികച്ചും അസാധ്യമായ കാര്യമാണ്.

ഇനി, ശത്രുപക്ഷം കല്ലറയ്ക്ക് കാവൽ നിൽക്കുന്നുണ്ട്, എന്നാൽ അവരെല്ലാവരും ഉറങ്ങിയപ്പോൾ ശിഷ്യന്മാർ ശവശരീരം മോഷ്ടിച്ചു എന്ന ആരോപണം പരിഗണിക്കുക. മോഷ്ടിക്കാൻ ഒരു ശ്രമം ഉണ്ടായാൽ അതിൽ പതിനൊന്ന് പുരുഷന്മാരെങ്കിലും (യൂദാസ് ഒഴികെ) ഉൾപ്പെടാൻ സാധ്യതയുണ്ടെന്ന് ശത്രുക്കൾക്കറിയാം. അതിനാൽ അവർ കുറഞ്ഞത് അഞ്ച്പേരെയെങ്കിലും കാവൽ നിർത്തും. ഇവർക്ക് അഞ്ച്പേർക്കും കൂടി ഒരുമിച്ച് ഉറങ്ങേണ്ട ആവശ്യമില്ല.

ഇനി, കാവൽക്കാർക്ക് ശിഷ്യന്മാർ കൈക്കൂലി നൽകിയശേഷം ശവശരീരം മോഷ്ടിച്ച് യേശു ഉയിർത്തു എന്നു നുണപറയാൻ കാവൽക്കാർ സമ്മതിച്ചു, എന്ന ആരോപണം പരിഗണിക്കുക. താൻ ദൈവപുത്രനാണെന്ന് അവകാശപ്പെട്ട യേശുവിന് ക്രൂശുമരണശിക്ഷ വാങ്ങിക്കൊടുക്കുന്നതിൽ ഏതാനും ദിവസങ്ങൾക്കുമുമ്പ് യഹൂദമതമേധാവികൾ വിജയിച്ചു എന്ന കാര്യം കാവൽക്കാർക്ക് നന്നായി അറിയാം. അതിനാൽ തങ്ങൾ മേൽപറഞ്ഞ പ്രകാരമുള്ള ഒരു കൃത്യത്തിന് ഒരുമ്പെട്ടാൽ അധികാരികൾ അത് മുഖവിലയ്ക്കെടുക്കില്ല എന്നും ശക്തമായ നടപടികൾ തങ്ങളുടെ നേർക്കുണ്ടാകുമെന്നും അവർക്ക് ബോധ്യമുണ്ട്. അതിനാൽ ഇത്ര ഉയർന്ന റിസ്ക് അവർ എടുക്കില്ല.

ETE എന്ന തെളിവ് വ്യാജമായി ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകളെപ്പറ്റി ഒരു ഏകദേശധാരണ നിങ്ങൾക്കു ലഭിച്ചു എന്നു കരുതുന്നു. അതിനാൽ ETE എന്ന തെളിവ് ബൈബിളിൽ പറഞ്ഞിരിക്കുന്ന പ്രകാരം അതിസ്വാഭാവികമായി നൽകപ്പെട്ടതിനാലായിരിക്കണം ഉയിർത്തു എന്ന അവകാശവാദം വിജയിച്ചത് ■



## കവർസ്റ്റോറി

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

# എന്റെ ചുമൽ താഴുന്നു... നിന്റെ കാരുണ്യ പ്രവൃത്തിയാൽ...

പുതിയ മാർപാപ്പ സഭയ്ക്ക് പുതിയ പ്രതീക്ഷകൾ നൽകുന്നു, അദ്ദേഹത്തിന് സഭയെക്കുറിച്ചുള്ള പ്രതീക്ഷകൾ അതിരൂപതയുടെ വെളിച്ചത്തിൽ ഞാൻ വിശകലനം ചെയ്യട്ടെ. ആഗോളമാണുതാനും പരാമർശ വിഷയം.

നാനൂറോളം കുടുംബങ്ങൾ താമസിക്കുന്ന ഇടവകസമൂഹം. അജപാലന സന്ദർശനത്തിന്റെ അവസാനഭാഗം. അഞ്ചുമണിയോടടുത്ത് രോഗികളെ സന്ദർശിക്കുന്നതിന്റെ കൂട്ടത്തിൽ കവലയുടെ അടുത്തുള്ള വീട്ടിലേക്ക് സ്വാഗതം. 23 വയസ്സുള്ള, മാനസിക വൈകല്യമുള്ള സുന്ദരിയായ ഒരു മകൾ മാതാപിതാക്കളോടൊപ്പം താമസിക്കുന്ന വീട്. രണ്ടു മുറികളിൽ ഒന്നിലാണ് അവളുടെ താമസം. കവലയിലേക്കു തുറന്നിട്ടിരിക്കുന്ന ജനലുകൾ. പല കണ്ണുകളും ആ ജനലുകളിലേക്ക്. അവളുടെ അമ്മ പറഞ്ഞു: ഞങ്ങളുടെ ഹൃദയമാണിവൾ. ദൈവത്തിന്റെ ദാനത്തിന് എന്നും നന്ദിയേയുള്ളൂ. എങ്കിലും വസ്ത്രങ്ങൾ ധരിക്കുന്നതിൽ വിമുഖത കാണിക്കുന്ന ഇവളെ ആരെങ്കിലും എന്തെങ്കിലും ചെയ്യുമോ എന്നോർക്കുമ്പോൾ ഉള്ളിൽ തീയാണ്. പോകേണ്ട പല പരിപാടികളും വേണ്ടെന്നു വച്ച് 24 വർഷമായി, 365 ദിവസവും കണ്ണിലെണ്ണയൊഴിച്ച് അവളെ പരിപാലിക്കുന്നു. ഇവരുടെ ജീവിതം പത്രത്തിലോ, ടി.വി.യിലോ വന്നതായി അറിവില്ല. കാരണം, വരാൻ തക്ക അസാധാരണത്വം ഒന്നും അതിനില്ല. അവളുടെ നാണം മറയ്ക്കാൻ അമ്മ അവളെ സഹായിക്കുന്നു. അതിലെന്ത് ന്യൂസ് വാല്യു.

മറ്റൊരിടവകയിൽ അജപാലന സന്ദർശത്തിന്റെ അവസാന മുഖം. പള്ളിമുറ്റത്ത് ആളുകളുണ്ട്. പള്ളിയിലെ ഭക്തസംഘടന, പാവപ്പെട്ടവർക്ക് പത്ത് ആട്ടിൻകുട്ടികളെ നൽകുന്നു. ഇതു പരസ്യപ്പെടുത്തി പള്ളിയുടെ മുൻപിൽ മൂന്ന് ഫ്ളക്സ് ബോർഡുകൾ വച്ചിരിക്കുന്നു. സ്ഥലം എം.എൽ.എ. പള്ളിയിലുണ്ട്, പഞ്ചായത്ത് പ്രസിഡന്റ്, സംഘടനയുടെ അതിരൂപത പ്രതിനിധികൾ എന്നിവരും ഒപ്പമുണ്ട്. അഭിവന്ദ്യപിതാവാണ് ആടുകളെ പാവപ്പെട്ടവർക്കു നൽകുന്നത്.

ജീവിതത്തിന്റെ അരിഷ്ടതകളും സങ്കടങ്ങളുമായി എട്ട് കുടുംബനാഥകളും, രണ്ട് കുടുംബനാഥന്മാരും ആ വീടുകളിലെ ഇളയ കുട്ടികളും തല കുനിച്ചു നിൽക്കുന്നു. ആടുകളെ സ്വീകരിച്ചുകൊണ്ട് എത്രയും വേഗം പോകണമെന്നവർക്കുണ്ട്. എന്നാൽ സാധിക്കുന്നില്ല. മൈക്കിലൂടെ പ്രസംഗങ്ങൾ നീണ്ടു. ഒരു മണിക്കൂറിനുശേഷം ആടുകളെ നൽകി. ഫോട്ടോകളെടുത്തു. പിറ്റേദിവസത്തെ പത്രത്തിൽ അവ കാണപ്പെട്ടു. അഭിവന്ദ്യ പിതാവിന്റെയും സംഘാടകരുടെയും തലകുനിച്ചു നിൽക്കുന്ന മക്കളുടേയും ചേർന്നുള്ള ഫോട്ടോ!!! അവരുടെ നാണം മറയ്ക്കാൻ ആരും ഒന്നും ചെയ്തില്ല.

വിശ്വാസസമൂഹം എന്നും കാരുണ്യപ്രവൃത്തികളുടെ മുന്നിലുണ്ടാകണം. അഭയമില്ലാത്തവന് കിടപ്പാടമായി, വിശക്കുന്നവന് അപ്പമായി, അപമാനിക്കപ്പെടുന്നവർക്ക് അഭയസ്ഥലമായി, രോഗികൾക്ക് മരുന്നായി ക്രിസ്തു വീണ്ടും വീണ്ടും നമ്മളിലൂടെ ജനിക്കണം. എന്നാൽ അവ കുനിഞ്ഞ തലകൾ സൃഷ്ടിക്കരുത്. താഴുന്ന ചുമലുകൾ നൽകരുത്.

തന്റെ പേര് അനേകം ചുണ്ടുകളിൽനിന്നു കേട്ടു തുടങ്ങിയപ്പോൾ അവൻ വിജന പ്രദേശ

ങ്ങളിലേക്ക് പിൻമാറി എന്നാണ് സത്യവേദത്തിലെ വാക്യം. അവിടുത്തെ അരുമശിഷ്യന്മാരിൽ പലരും ഇന്ന് വളരെ വ്യത്യസ്തരായിരിക്കുന്നു. എന്തെങ്കിലും ചെയ്യാൻ ശ്രമിച്ചാൽ നാലു പേരറിയണം, പരാമർശിക്കപ്പെടണം, മാധ്യമങ്ങളിൽ കാണപ്പെടണം, സ്മാരകങ്ങൾ നൽകപ്പെടണം. നവലിബറൽ സംസ്കാരം, രാഷ്ട്രീയചുവയോടെ തിരുമുറ്റത്ത് തിമിർത്താടുന്നു.



*Painting: "The Good Samaritan" 1874 by Artist Vasily Surikov*

എന്തു ചെയ്യുന്നു എന്നല്ല പ്രധാനം, എങ്ങനെ കാണപ്പെടുന്നു എന്നതാണ് മുഖ്യം. അതിനിടയിൽ പലരുടെയും തലകളും ചുമലുകളും കുനിഞ്ഞുപോകുന്നു. അവരുടെ കുഞ്ഞുമക്കളുടെ കണ്ണുകളിൽ അപമാനിക്കപ്പെട്ടോയെന്ന സന്ദേഹം ഉടലെടുക്കുന്നു. ഒറ്റപ്പെടുത്തലിന്റെ ഈ പുതിയ പാതകൾ വെട്ടിക്കൊണ്ടുള്ള നമ്മുടെ മുന്നേറ്റത്തിന് വിശ്വാസപ്രഘോഷണമെന്നോ, പുണ്യപ്രവൃത്തികളെന്നോ, നല്ല സമറായക്കാരന്റെ കാരുണ്യപ്രവൃത്തികളെന്നോ എന്തുതന്നെ വിളിച്ചാലും അത് കൂട്ടായ്മയുടെ തീരാക്കളങ്കമായി എന്നും വിശ്വാസ സമൂഹത്തിൽ നിലകൊള്ളും. വലിയ നിലവിളികൾ അവരുടെ ഹൃദയത്തിൽ ഉയരുന്നുണ്ട്. നമ്മുടെ സഹായം ലഭിക്കുന്നവരെ അൾത്താരയിലേക്കു വിളിച്ച് താക്കോൽ നൽകാതെ എന്നാണ് വീടില്ലാത്തവന് വീട് നൽകുവാൻ സാധിക്കുക; പള്ളിയുടെ പൊതുസമ്മേളനത്തിൽ വേദിയിലേക്കു വിളിക്കാതെ എന്നാണ് ഒരു പാവപ്പെട്ട കുട്ടിക്ക് വിദ്യാഭ്യാസ സഹായം നൽകുവാൻ സാധിക്കുക, പ്രസംഗപീഠത്തിൽ നിന്നുകൊണ്ട് അർഹിക്കുന്ന വ്യക്തിയുടെ പേര് വിളിച്ചുപറഞ്ഞ് പിരിവ് നടത്താതെ എങ്ങനെയാണ് മാരകമായ ഒരു അപകടത്തിൽപ്പെട്ട ആളിനെ സാമ്പത്തികമായി സഹായിക്കുവാൻ സാധിക്കുക, പള്ളിയുടെ നിർമാണത്തിനായുള്ള പിരിവുകൾ നൽകാത്തവർക്ക് പരസ്യമായി ആക്ഷേപിക്കപ്പെടലിന്റെ വക്കിലെത്താതെ ഓരോ കുടുംബത്തിന്റേയും സ്വകാര്യതയെ ബഹുമാനിക്കുവാൻ സാധിക്കുക; അപ്പോഴാണ് ഈ ഭൂവിൽ നിന്ന് വിശ്വാസം നഷ്ടപ്പെട്ടിട്ടില്ല എന്ന് ക്രിസ്തുവിനു പറയുവാൻ സാധിക്കുക.

തികഞ്ഞ നിശബ്ദതയിൽ, ആരാലും ശ്രദ്ധിക്കപ്പെടാതെ, ഒരു മാധ്യമത്തിലും നിറഞ്ഞു നിൽക്കാതെ നിത്യമായ സത്യത്തിന് ഉപാസന നടത്തുന്ന അനേകർ ഈ മണ്ണിനെ വിണ്ണോളം ഉയർത്തുന്നു. വിശ്വാസയാത്രയിൽ വ്യക്തികളുടെയും കുടുംബങ്ങളുടേയും സ്വകാര്യതയും, മാനുഷിക മഹിമയും അന്തസ്സും പരിപാലിക്കുവാൻ ജാഗരൂകതയോടെ വർത്തിക്കുന്ന ഒരു സഭയ്ക്ക് ജന്മം നൽകിയാലോ? വിശ്വാസ വർഷം ഉയർത്തുന്ന വെല്ലുവിളികൾ കാഠിന്യമേറിയതാണ്. എങ്കിലും യേശു നടന്നുപോയ മണ്ണല്ലേ ഇത് - പ്രത്യാശ പൂത്തു നിൽക്കുന്നു... ■

*മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്*
*എറണാകുളം-അങ്കമാലി അതിരൂപത സഹായ മെത്രാനാണ്*



കവർസ്റ്റോറി

ആലിസ് മാത്യു

# ഇങ്ങനെയൊരാൾ ഇവിടെ ജീവിച്ചിരുന്നു

അസ്സീസിയിലെ തെരുവിൽ കൂടി ആ യുവഗായക സംഘം മേളക്കൊഴുപ്പിൽ നീങ്ങുകയാണ്. കോമളനായ അവരുടെ നേതാവ് ഫ്രാൻസിസ്. ഭാവിയിൽ മാടമ്പി സ്ഥാനം സ്വപ്നം കണ്ടു നടക്കുന്ന ചെറുപ്പക്കാരൻ. ഇപ്പോൾ തന്നെ സുഹൃത്തുക്കളുടെയിടയിൽ അവൻ ഒരു മാടമ്പി തന്നെ. വിരുന്നുശാലകളിലെ സൽക്കാരവും സായാഹ്ന സംഗീത സദസ്സുമൊന്നും അവന്റെ പിതാവായ പീറ്റർ ബർണദോനെ അസ്വസ്ഥപ്പെടുത്തിയില്ല. തന്റെ സ്വപ്നങ്ങൾക്കൊത്താണ് പുത്രനെന്ന് അയാൾ തിരിച്ചറിഞ്ഞു. എന്നാൽ മാതാവായ പീക്കാ ഇതെല്ലാം ആശങ്കയോടെയാണ് വീക്ഷിച്ചിരുന്നത്.



Painting: "The Dream of Innocent III" 1297-1299 by Artist Giotto

1201-ൽ അസ്സീസി നഗരം പെറൂജിയാ നഗരവുമായി ഒരു മത്സരത്തിലേർപ്പെട്ടു. തർക്കങ്ങളെല്ലാം മത്സരത്തിലവസാനിക്കുന്ന ഒരു കാലഘട്ടമായിരുന്നു അത്. ഒടുവിൽ യുദ്ധം പ്രഖ്യാപിക്കപ്പെട്ടു. രാജ്യസ്നേഹത്താൽ ഹൃദയം ത്രസിച്ച ഫ്രാൻസിസ് കൂട്ടുകാർക്കൊപ്പം യുദ്ധത്തിനു പുറപ്പെട്ടു. പടച്ചട്ടയണിഞ്ഞു നിൽക്കുന്ന യോദ്ധാവിനെക്കണ്ട് അപ്പന്റെ കൺകുളിർത്തു. എന്നാൽ, ഫ്രാൻസിസും കൂട്ടരും യുദ്ധത്തിൽ പരാജയപ്പെട്ടു.

രണ്ടാമതും ഒരു യുദ്ധത്തിനുള്ള സന്നാഹമായി. ഇത്തവണ ഇന്നസെന്റ് തൃതീയൻ മാർപാപ്പയ്ക്കുവേണ്ടി ജർമനിക്കെതിരെയായിരുന്നു ഇറ്റലിയുടെ യുദ്ധം! ക്യാംപിലായിരുന്ന ഫ്രാൻസിസിന് ഒരു സ്വപ്നമുണ്ടായി. ഒരു സ്വരം അവൻ കേട്ടു: "ഫ്രാൻസിസ്, ഫ്രാൻസിസ്... യജമാനനെ സേവിക്കുന്നതോ ഭൃത്യനെ സേവിക്കുന്നതോ കൂടുതൽ അഭിമാനകരം." "യജമാനനെ സേവിക്കുന്നത്" ഫ്രാൻസിസ് മറുപടി പറഞ്ഞു. വീണ്ടും സ്വരം ചോദിച്ചു: "അങ്ങനെയെങ്കിൽ ഭൃത്യനെ സേവിക്കാൻ നീ പോകുന്നതെന്തിന്?" ഫ്രാൻസിസ് ഞെട്ടിയുണർന്ന് ചുറ്റും നോക്കി. ആരുമില്ല! എന്താണ് സംഭവിച്ചത്? മനസ്സ് അസ്വസ്ഥമാകാൻ തുടങ്ങി. ദൈവമേ, ഞാൻ എന്തു ചെയ്യണം? വീണ്ടും സ്വരം കേട്ടു: "നീ അസ്സീസിയിലേക്ക് മടങ്ങുക. നീ എന്തു ചെയ്യണമെന്ന് അവിടെവച്ച് അറിയിക്കാം".

തിരിച്ചു ചെന്നാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ!! ഫ്രാൻസിസ് വല്ലാത്ത ആശയക്കുഴപ്പത്തിലായി. ആലോചനയ്ക്കു ശേഷം ഉറച്ച തീരുമാനത്തോടെ അവൻ അസ്സീസിയിലേക്ക് മടങ്ങി. വിവരമറിഞ്ഞ പിതാവ് പൊട്ടിത്തെറിച്ചു. കൂട്ടുകാർ ചുറ്റും കൂടി. വിരുന്നുശാലയിലേക്ക് അവനെ നിർബന്ധപൂർവം കൂട്ടിക്കൊണ്ടുപോയി. പതിവിനു വിപരീതമായി ആരവങ്ങളിൽ പെടാതെ ഏകാകിയെന്നവണ്ണം ഫ്രാൻസിസ് നിന്നു. ഒഴിവുനേരങ്ങളിൽ വിശുദ്ധ ദമിയാനോ പള്ളിയിൽ ഫ്രാൻസിസ് പോകാൻ തുടങ്ങി. ഒരു ദിവസം ദമിയാനോ പള്ളിയിലെ ക്രൂശിതരൂപത്തിനു ചുറ്റും വലിയ ഒരു പ്രകാശവലയം കാണപ്പെട്ടു. ആ രൂപത്തിൽ നിന്നും ഒരു സ്വരം കേട്ടു: "ഫ്രാൻസിസ്... ജീർണാവസ്ഥ പ്രാപിച്ചിരിക്കുന്ന എന്റെ ആലയം പുതുക്കി പണിയുക" ഫ്രാൻസിസിന്റെ ദൈവവിളിയുടെ മണിനാദം മുഴങ്ങി.

ഫ്രാൻസിസ് ഒരാളെ പ്രണയിച്ചിരുന്നു, ക്ലാര എന്ന സുന്ദരിയെ. കാട്ടിനുള്ളിൽ ഒളിച്ചു താമസിക്കുന്ന കുഷ്ഠരോഗികൾക്ക് മറ്റാരുമറിയാതെ ക്ലാര ഭക്ഷണം എത്തിച്ചു കൊടുക്കുമായിരുന്നു. ക്ലാരയുടെ സൗന്ദര്യത്തിനപ്പുറം ഈ നന്മയാവാം അവൻ കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത്. കാലങ്ങൾ പിന്നിട്ടു. ക്രിസ്തുവിന്റെ സ്നേഹത്തിനു മുന്നിൽ പ്രണയവും വഴിമാറി. ഫ്രാൻസിസും ക്ലാരയും സന്ന്യാസത്തിന്റെ പാതയിലായി.

തന്നെക്കുറിച്ചുള്ള ദൈവത്തിന്റെ വഴികൾ വ്യത്യസ്തമാണെന്ന് അവൻ തിരിച്ചറിഞ്ഞു. പിന്നീട് നമ്മൾ കാണുന്നത് പിതാവിന്റെ പട്ടുവ്യാപാരശാലയുടെ മട്ടുപ്പാവിൽ നിന്ന് ജനാലയിലൂടെ താഴെ തെരുവിൽ നിൽക്കുന്ന പാവങ്ങൾക്ക് വസ്ത്രങ്ങൾ ഇട്ടുകൊടുക്കുന്ന ഫ്രാൻസിസിനെയാണ്. ഒരു യാത്രയിലായിരുന്ന പീറ്റർ ബർണദോൻ മടങ്ങിയെത്തി. കേട്ട വാർത്തകൾ അയാളെ അസ്വസ്ഥനായി. തർക്കങ്ങളും ഉപദേശങ്ങളും എല്ലാം നടന്നെങ്കിലും ഫ്രാൻസിസിന്റെ



*Painting: "St. Francis praying" 1595 by Artist El Greco*

തീരുമാനത്തിൽ മാറ്റമുണ്ടായില്ല. കെട്ടിപ്പൊക്കിയ സ്വപ്നസൗധം തകർന്നതിൽ പീറ്റർ ബർണദോർ ഭ്രാന്തനെപ്പോലെ അലറി... ഫ്രാൻസിസുമായി ഇനി ഒരു ബന്ധവുമില്ല. ഫ്രാൻസിസ് വീടുവിട്ടിറങ്ങി, ക്രിസ്തുവിന്റെ ആലയം പണിയാൻ... എല്ലാം ഉപേക്ഷിച്ച് എന്തിന് ഉടുവസ്ത്രം പോലും...

സന്യാസത്തിന്റെ ആദ്യവഴികൾ...ഫ്രാൻസിസ് അസ്സീസിയിലെ തെരുവിലെ വീടുകൾതോറും കയറിയിറങ്ങി ഭിക്ഷ യാചിച്ചു. ചിലപ്പോൾ തെരുവിൽ അപ്പനും മകനും തമ്മിൽ കണ്ടുമുട്ടുമായിരുന്നു... മകനെ കണ്ട മാത്രയിൽ ശാപവാക്കുകൾ പറഞ്ഞ് അയാൾ നടന്നകലുമായിരുന്നു.

സന്യാസസമൂഹത്തിന് സഭയുടെ അംഗീകാരം വേണം. യാതൊരു മുന്നറിയിപ്പും കൂടാതെ ഫ്രാൻസിസും പതിനൊന്ന് ശിഷ്യന്മാരും ഇന്നസെന്റ് തൃതിയൻ മാർപാപ്പയുടെ മുന്നിലെത്തി. വൃത്തിഹീനമായ വസ്ത്രം, നഗ്നമായ പാദം, പാറിപ്പറന്ന മുടി... മാർപാപ്പ സംശയത്തോടെ നോക്കി... ആരാണിവർ? ഫ്രാൻസിസ് വിനയപുരസ്സരം പറഞ്ഞു "സുവിശേഷമനുസരിച്ച് ജീവിക്കുവാനും പ്രസംഗിക്കുവാനും വേണ്ടി അനുവാദം തേടി വന്നതാണ് ഞങ്ങൾ". "സുവിശേഷം പ്രസംഗിക്കുവാനോ? വൃത്തിഹീനരായ നിങ്ങൾ പന്നികളുടെ കൂട്ടത്തിൽ കിടന്നുരുണ്ട് അവരോട് പ്രസംഗിക്കുക". മാർപാപ്പ കോപത്തോടെ പറഞ്ഞു. ഹൃദയഭേദകമായിരുന്നു ആ വാക്കുകളെങ്കിലും, ഫ്രാൻസിസിന് ഒരു ഭാവഭേദവും ഉണ്ടായില്ല.

അന്നു രാത്രിയിൽ മാർപാപ്പയ്ക്ക് ഉറക്കം വന്നില്ല. തിരുസഭ നേരിടുന്ന പല പ്രതിസന്ധികളും പാപ്പായെ അലട്ടിയിരുന്നു. പാഷണ്ഡത നിറഞ്ഞിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ചിന്തകൾ മയക്കത്തിലേക്ക് വഴുതി വീണപ്പോൾ പാപ്പായ്ക്ക് ഒരു ദർശനമുണ്ടായി. ലാറ്ററൻ ദേവാലയം അടിയോടെ ഇളകിയാടുന്നു. ഒരു വശത്തേക്ക് മറിഞ്ഞ് നിലം പതിക്കുമെന്നായി. ഒന്നും ചെയ്യാനാവുന്നില്ല. അപ്പോൾ അതാ അരയിൽ കയറു കെട്ടിയ ഒരു പ്രാകൃത വേഷക്കാരൻ പള്ളിമുറ്റത്തേക്ക് ഓടിവരുന്നു. ആടിയുലയുന്ന പള്ളിക്കടുത്തേക്ക് ഓടിവരുന്ന അയാളോട് പാപ്പ പറയുന്നു അരുത് അപകടമാണ്. പക്ഷേ, അതൊന്നും ശ്രവിക്കാതെ ആ ചെറുപ്പക്കാരൻ നിലംപതിക്കാൻ പോകുന്ന പള്ളിഭിത്തിയുടെ അടുത്തെത്തി. പെട്ടന്ന് അയാൾ ഭിത്തിയോളം വലുതായി തോളുകൊണ്ട് ഭിത്തിയിൽ ശക്തമായി തള്ളി. പള്ളി പൂർവസ്ഥിതിയിലായി. പെട്ടന്ന് അയാൾ പഴയരൂപം പ്രാപിച്ചു. പാപ്പ അയാളെ സൂക്ഷിച്ചുനോക്കി. കഴിഞ്ഞ പകൽ സമയം തന്റെ മുറിയിൽ കയറിവന്ന ആ മനുഷ്യൻ... അതെ അയാൾ തന്നെ!

പ്രഭാതമായപ്പോൾ മാർപാപ്പ സേവകരെ അയച്ചു. ഫ്രാൻസിസിനെ കണ്ടുപിടിക്കണം! അവരുടെ തിരച്ചിലിനൊടുവിൽ കണ്ടെത്തി. മാർപാപ്പയുടെ കോപത്തോടെയുള്ള വാക്കുകൾ ഒരു കല്പനയായി സ്വീകരിച്ച ഫ്രാൻസിസും കൂട്ടരും പന്നിക്കൂട്ടത്തെ അന്വേഷിച്ച് റോമിൽ ചുറ്റി. നഗരത്തിന്റെ ഒഴിഞ്ഞ മൂലയിൽ പന്നിക്കൂട് കണ്ടെത്തി. അതിൽ കിടന്നുരുണ്ടശേഷം പന്നികളോട് സുവിശേഷം പ്രസംഗിക്കുകയായിരുന്നു.

തന്റെ അപമര്യാദയിൽ പാപ്പ ആത്മാർഥമായി ദുഃഖിക്കുകയും ഫ്രാൻസിസിന്റെ എളിമയിലും അനുസരണത്തിലും അഭിനന്ദിക്കുകയും ചെയ്തു.

സന്യാസസമൂഹത്തിലെ സഹോദരന്മാർക്ക് തിരുത്തലുകൾക്കായി നൽകിയിരുന്ന പരിശീലനം മിക്കപ്പോഴും വ്യത്യസ്തങ്ങളായിരുന്നു. ഒരിക്കൽ ആശ്രമത്തിലെ ഒരു സഹോദരനോട് പറഞ്ഞു. "വരൂ നമുക്ക് ഇന്ന് കവലയിൽ ഒരു പ്രസംഗമുണ്ട്". സായാഹ്നത്തിൽ ഫ്രാൻസിസും സഹോദരനും കൂടി ആശ്രമത്തിൽ നിന്നിറങ്ങി. വഴിയാത്രയിൽ ഫ്രാൻസിസ് നിലത്തേക്കു മാത്രം നോക്കി നടന്നു. ഒന്നും ഉരിയാടിയില്ല. കവലയിലെത്തി, അതുപോലെതന്നെ തിരിച്ച് ആശ്രമത്തിലേക്ക് നടന്നു. വലിയൊരു പ്രസംഗം കേൾക്കാൻ ആഗ്രഹിച്ചുപോയ സഹോദരന് സങ്കടമായി. അയാൾ ചോദിച്ചു. എപ്പോഴാ പ്രസംഗം? ഫ്രാൻസിസ് പറഞ്ഞു "ഇന്നത്തെ പ്രസംഗം കഴിഞ്ഞു, കണ്ണുകളെ നിയന്ത്രിക്കലായിരുന്നു ഇന്നത്തെ നമ്മുടെ പ്രസംഗം."

ഒരു നോമ്പുകാലം, ഉപവാസത്തിന്റെയും പകലത്തെ അലച്ചിലിന്റെയും ക്ഷീണത്തിൽ തളർന്നുറങ്ങുകയായിരുന്നു ആശ്രമത്തിലെ സഹോദരന്മാർ. അർധരാത്രി ഒരു വിളി കേട്ട് എല്ലാവരും ഉണർന്നു. "ഞാനിപ്പോൾ മരിക്കും... ഞാനിപ്പോൾ മരിക്കും... എനിക്കു വിശക്കുന്നു." തളർന്നുറങ്ങിയിരുന്ന എല്ലാവരും ഉണർന്നു. ഫ്രാൻസിസ് നേരെ പോയത് ഊട്ടുശാലയിലേക്കാണ്. കഴിക്കുവാനുള്ള ആഹാരമെടുത്ത് വെച്ചിട്ട് അയാൾക്കൊപ്പമിരുന്നു. ആദ്യം ഫ്രാൻസിസ് കഴിച്ചു. എന്നിട്ട് അയാളോട് കഴിക്കാൻ പറഞ്ഞു. അപരനെ ഒരു തരത്തിലും നോവിക്കാത്ത ഫ്രാൻസിസിന്റെ സ്നേഹം തന്നെയായിരുന്നു ആ ജീവിതത്തിന്റെ സൗന്ദര്യം.

ഫ്രാൻസിസ് തന്റെ കൂട്ടത്തിൽ പലപ്പോഴും കൊണ്ടുനടന്നവരാണ് ലെയോ, ആഞ്ജലോ, റൊഫീനോ. ഇവരിൽ ലെയോയോട് ഒരു പ്രത്യേക അടുപ്പമുണ്ടായിരുന്നു. നിഷ്കളങ്കത നിമിത്തം ഫ്രാൻസിസ് ഓമനപ്പേരായി വിളിച്ചിരുന്നത് "ദൈവത്തിന്റെ കുഞ്ഞാട്" എന്നാണ്. ഫ്രാൻസിസിന്റെ നിഴൽപോലെ അദ്ദേഹത്തിനൊപ്പം ലെയോ ഉണ്ടാകുമായിരുന്നു. ആശ്രമത്തിനടുത്തുള്ള അൽവർണാ മലയിലെ പാറപ്പുറത്ത് മുട്ടുകുത്തി കൈകൾ വിരിച്ച് മണിക്കൂറുകളോളം പ്രാർഥിച്ചിരുന്ന ഫ്രാൻസിസ് സമാധിയിലാകുമായിരുന്നു. ആ സമയങ്ങളിൽ ലെയോ അതീവ ബഹുമാനത്തോടുകൂടി ആ പാദങ്ങളിൽ സ്പർശിച്ചുകൊണ്ട് ദൈവത്തോട് അപേക്ഷിക്കും "എന്റെ കർത്താവേ, പുണ്യവാനായ എന്റെ പിതാവിന്റെ യോഗ്യതമൂലം പാപിയായ എന്നിൽ കനിയണമേ."

ജീവിതവഴിയിൽ നാഥന്റെ തിരുമുറിവുകൾ ഫ്രാൻസിസിന്റെ ശരീരത്തിലും പതിഞ്ഞു. എന്നിട്ടും, അദ്ദേഹത്തിനു വിശ്രമമില്ലായിരുന്നു. ആ ജീവിതത്തെക്കുറിച്ചുള്ള ലെയോയുടെ വാക്കുകൾ... "വ്രണം വന്ന് വിണ്ടുകീറി നീരുവന്നു വീർത്ത പാദങ്ങളുമായി പകൽ മുഴുവൻ അലയും. ക്രിസ്തുവിനു വേണ്ടി ഇത്രയും അലഞ്ഞ മറ്റൊരു പാദം ഭൂമിയിലുണ്ടാകില്ല. ഒടുവിൽ രാത്രിയിൽ വേദനയുമായി ദാരിദ്ര്യത്തെ പ്രണയിച്ച് അദ്ദേഹം കിടക്കയിൽ കിടക്കുമ്പോൾ ഞാൻ ആ പാദത്തെ നോക്കിയിരിക്കും. ഞാൻ നോക്കിയിരിക്കുമ്പോൾത്തന്നെ ആ പാദങ്ങൾ നിശ്ശബ്ദമായി എന്നോടു സംസാരിക്കും. ഇതുപോലെ എനിക്കും ക്രിസ്തുവിനുവേണ്ടി അലയാൻ കഴിഞ്ഞെങ്കിൽ... അദ്ദേഹം ഗാഢനിദ്രയിലായിക്കഴിയുമ്പോൾ ഞാൻ ആ പാദത്തെ കെട്ടിപ്പിടിച്ചു ചുംബിക്കും. അന്നേരം എനിക്കുണ്ടാകുന്ന നിർവൃതിയും ആനന്ദവും വിവരിക്കാനാവില്ല..." ■



*Painting: "Saint Francis of Assisi" by Artist: Cimabue*

ഫാ: എബ്രഹാം പള്ളിവാതുക്കൽ എസ്.ജെ.



# ഒരു പേരിൽ എന്തിരിക്കുന്നു ?

എന്തായിരിക്കണം താങ്കളുടെ പേര്, ഫ്രാൻസിസ്! ഇന്നേവരെ ഒരു പാപ്പായും സ്വീകരിക്കാത്ത പേര്. അസ്സീസിയിലെ വി. ഫ്രാൻസീസിന്റെ, പതിതരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള പ്രേമവും, സൃഷ്ടപ്രപഞ്ചത്തോട് താദാത്മ്യം പ്രാപിച്ച്, ആദികൃപാവര പദവിയിലേയ്ക്ക് (Original justise and integrity). ഈ പ്രപഞ്ചത്തെ എത്തിക്കാനുള്ള ആഗ്രഹവും, പിന്നെ വി.ഫ്രാൻസിസ് സേവ്യറിന്റെ പ്രേഷിത തീക്ഷ്ണതയും അജപാലക -കരുതലും (Pastoral concern), ആ പേരിൽ നിക്ഷിപ്തമായിട്ടുണ്ട് എന്ന് ഏതാനും ദിവസങ്ങൾക്കുള്ളിൽ അദ്ദേഹം തെളിയിച്ചു.



Painting: “St. Francis Giving his Mantle to a Poor Man” 1297-1299 by Artist Giotto

സനാതന തത്വങ്ങളെയും ധാർമിക മൂല്യങ്ങളെയും ഉയർത്തിക്കാട്ടി, ദൈവാത്മാവിന്റെ ബലത്തിൽ, സഭാമക്കളുടെ പിൻബലത്തോടെ സഭയെയും ലോകത്തെയും നയിക്കാൻ പ്രാപ്തനായവൻ എന്ന് അദ്ദേഹത്തിന്റെ ചിന്തകളും വാക്കുകളും ജീവിതശൈലിയും വിളിച്ചോതുന്നു. നഗരത്തിനും ലോകത്തിനും (Urbiet Orbi) ആശിർവാദത്തിന് ജനം തലകുനിച്ചപ്പോൾ, നിങ്ങൾ ആദ്യം എനിക്കായി പ്രാർഥിക്കുക എന്ന് പറഞ്ഞ് തലകുനിച്ചുനിന്ന പാപ്പ സമസ്തപ്രപഞ്ചത്തിന്റേയും ഹൃദയം കവർന്നു.

ഇറ്റാലിയൻ റെയിൽവേയിലെ ഉദ്യോഗസ്ഥന്റെ മകനായി 1936 ഡിസംബർ 17-ന് അർജന്റീനായിലെ ബ്യൂണസ് ഐറീഷിൽ ജനിച്ച അദ്ദേഹം, ഇരുപത്തിരണ്ടാം വയസ്സിൽ വൈദിക പഠനം ആരംഭിച്ച്, 1969 ഡിസംബർ 13-ന് ഈശോസഭാവൈദികനായി. 1973-79 കാലഘട്ടത്തിൽ അദ്ദേഹം അർജന്റീനയിലെ ജസ്വീറ്റ് പ്രവിൻഷ്യലായി, 1992-ൽ ബ്യൂണസ് ഐറീഷിന്റെ സഹായ മെത്രാനായി; 1998-ൽ അവിടുത്തെ ആർച്ച് ബിഷപ്പുമായി. 2001-ലാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ കർദിനാൾ ശുശ്രൂഷയ്ക്ക് അഭിഷേകം ചെയ്ത് ഉയർത്തിയത്. തന്റെ അജപാലന ശുശ്രൂഷയിൽ പാവപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സഭയോട് ചേർത്ത് നിർത്തുവാനും ജീവന്റെ സുവിശേഷം പ്രഘോഷിച്ച് ഭ്രൂണഹത്യയ്ക്കും ലൈംഗിക അരാജകത്വത്തിനും എതിരായി സ്വരമുയർത്തുവാനും, ശബ്ദമില്ലാത്തവരുടെ ശബ്ദമായിക്കൊണ്ട്, മുന്നേറിയ ചിരത്രമുണ്ട്. ഒപ്പം, ആഗോളവൽക്കരണത്തിന്റെ വിപത്തുകളെയും അമിതമായി സമ്പത്ത് സ്വരുക്കൂട്ടുന്നതിന്റെ അപകടങ്ങളെയും വ്യക്തമാക്കാനും അദ്ദേഹം ശ്രദ്ധിച്ചു.

ഫ്രാൻസിസ് പാപ്പായുടെ വ്യക്തിജീവിതം ആധുനിക ലോക സങ്കല്പങ്ങൾക്ക് ഒരു വെല്ലുവിളിയാണ്. കർദിനാളിന്റെ ആഡംബരപൂർണമായ വസതി വിട്ട് സാധാരണക്കാരൻ വസിക്കുന്ന ഫ്ളാറ്റിൽ, സ്വയം ഭക്ഷണം പാചകം ചെയ്തും, ഒട്ടുമുക്കാലും സമയം ഔദ്യോഗിക വാഹനവും ഡ്രൈവറെയും ഉപേക്ഷിച്ച്, സാധാരണ ഗതാഗത സംവിധാനങ്ങളിൽ യാത്രചെയ്തും അദ്ദേഹം തന്റെ ശുശ്രൂഷകൾ തുടർന്നു. റോമിലേയ്ക്ക് പുതിയ മാർപാപ്പയുടെ തിരഞ്ഞെടുപ്പിന് വന്നതും ഇക്കോണമിക്ലാസ്സിൽ, സാധാരണക്കാരുടെ കൂടെയായിരുന്നു!

ലോകം ഇന്ന് നേരിടുന്ന വെല്ലുവിളികളെ സ്വജീവിതത്തിലൂടെയും പ്രഘോഷണങ്ങളിലൂടെയും, നേരിടുന്ന വ്യക്തിയാണ് ഫ്രാൻസീസ് പാപ്പ. ജീവനെതിരെയും സമാധാനത്തിനെതിരെയും ലോകമെമ്പാടുമുള്ള തെറ്റായ പ്രവണതകളെ ശക്തമായി അദ്ദേഹം എതിർക്കുന്നു. സഭയ്ക്കുള്ളിൽ കാലാകാലങ്ങളിൽ കുമിഞ്ഞുകൂടുന്ന മാലിന്യക്കൂമ്പാരങ്ങളെ തുടച്ചു നീക്കി യേശു വിഭാവനം ചെയ്യുന്ന നവമായ വ്യവസ്ഥിതി പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാക്കാൻ ഫ്രാൻസീസ് പാപ്പ പ്രതിജ്ഞാബദ്ധനാണ്. മതസൗഹാർദത്തിന്റെയും, ശാന്തിയുടെയും, സത്യത്തിന്റെയും, നീതിയുടെയും, പുതുയുഗ പിറവിയ്ക്ക് മാർപാപ്പയോടൊപ്പം നമുക്കും പ്രാർഥിക്കാം സഹകരിക്കാം ■

ശ്രീപ്രസാദ്

# ഫ്രാൻസിസ് എന്ന ജീവിതരീതി

എന്റെ തലോടലേറ്റ തോക്കുകൾ
വിശക്കുന്നവർക്കായി അപ്പം വർഷിക്കുന്നു
അധ്വാനിയുടെ വിയർപ്പെന്റേത്
അടിമയുടെ കുരിശെന്റേത്
തടവറയിലെ മൃതിയെന്റേത്
അടർക്കളത്തിലെ ബലിയെന്റേത്

*(സച്ചിദാനന്ദൻ)*

കാലിൽ ചെളി പുരളാതെ ഈ ഭൂമിയിലൂടെ നടക്കാൻ വിശുദ്ധിക്കും കഴിയില്ല എന്ന് എഴുതിയത് കസൻദ്സാക്കിസാണ്. അസ്സീസിയിലെ ഫ്രാൻസിസിന്റെ ത്യാഗോജ്വല ജീവിതം എഴുതിയ അതേ കസൻദ്സാക്കിസ്. മാനവികതയിലെ അനന്തമായ നന്മയെ, പ്രതീക്ഷയെ കസൻദ്സാക്കിസ് കണ്ടെടുത്തതും അതേ ഫ്രാൻസിസിൽ നിന്നു തന്നെയായിരുന്നു. വിശുദ്ധിയെ കുറിച്ച് എഴുതുന്നവരും വിശുദ്ധരാക്കപ്പെടുന്ന മാന്ത്രികത. ഇവിടെയൊരു ഭൂമിയുണ്ടെന്നും, അതിൽ നമുക്കൊരു ജീവിതമുണ്ടെന്നും അത് സ്നേഹത്തിന്റെ അനന്തമായ ഖജനാവാണെന്നും ബഷീർ നമ്മളോട് പറയുന്നതിനു മുൻപേ ഫ്രാൻസിസ് പറഞ്ഞിരുന്നു. കസൻദിസാക്കിസ് എഴുതിയിരുന്നു. ആ വിശുദ്ധിക്കായി, ആ നന്മയ്ക്കായി അഗ്നിസ്നാനം ചെയ്തുവെന്നതാണ് ഫ്രാൻസിസിനെ നമ്മളിൽ പുണ്യവാളനാക്കി നിറയ്ക്കുന്നത്. അന്തരാത്മാവിൽ നിന്ന് ഉറപൊട്ടി ഒഴുകുന്ന അഗ്നിദ്രാവകം കൊണ്ട് കസൻദ്സാക്കിസ് പകർത്തിവച്ച ആ ജീവിതത്തിൽ നമുക്ക് നിരന്തരം ഉരുവിടാൻ പലതുമുണ്ട്. അത് പലപ്പോഴും യേശുവിനെ പോലെ മൂന്നാംപക്കങ്ങളിൽ ഉയിർക്കൊള്ളുന്നുമുണ്ട്.

അവിശ്വാസികൾക്കു പോലും ഫ്രാൻസിസ് എന്തുകൊണ്ട് സ്വീകാര്യനാകുന്നുവെന്ന് നാസ്തികരുടെ ലോകം പലപ്പോഴും തലപുകച്ചിട്ടുണ്ട്. ആത്യന്തികമായ സ്നേഹമെന്ന കാന്തിക ശക്തിയാണ് ഫ്രാൻസിസിലേക്ക് നമ്മെ ഏകീഭവിപ്പിക്കുന്നത്. അത് ഉപാധികളില്ലാത്തതാണ്. ഉപേക്ഷിക്കപ്പെടാത്തതാണ്. ഭാര്യയോടോ പുത്രനോടോ അമ്മയോടോ മാതൃരാജ്യത്തോടോ ഏതെങ്കിലും ആദർശത്തോടോ ദൈവത്തോടു തന്നെയോ ഉള്ളതാകട്ടെ, സ്നേഹമെല്ലാം ഒന്നു തന്നെ. സ്നേഹത്തിന്റെ ഏറ്റവും താഴ്ന്ന പടിയിൽ ഉള്ളതായാൽ പോലും അതിൽ നേടുന്ന വിജയം നമ്മെ ദൈവത്തിലേക്ക് നയിക്കും. ഫ്രാൻസിസ് വാക്കും പൊരുളും ഉയിരുമാകുന്നതും ഈ ചിന്തയിലാണ്.

പുതിയ കാലത്തെ ജീവിതത്തിലേക്ക് കണ്ടെടുക്കേണ്ട പലതും നിറഞ്ഞതാണ് ഫ്രാൻസിസിന്റെ ചെയ്തികളും മൊഴികളും. സഹചാരിയായ ലിയോയോട് ഫ്രാൻസിസ് പറയുന്നത് കേൾക്കുക. ദുഷ്ടതയ്ക്കു കരുണ കൊണ്ട് മറുപടി കൊടുക്കുന്നതാണ് ഏറ്റവും വലിയ ശിക്ഷ. തന്നോട് ദൈവം ചെയ്തതും അതായിരുന്നല്ലോവെന്ന് ഫ്രാൻസിസ് ഓർക്കുന്നു. ഒന്നു കേട്ട് മറുകയ്യിൽ വാളെടുക്കുന്നവർക്കുള്ള വേദോപദേശം കൂടിയാണ് അത്. മനുഷ്യനുവേണ്ടിയുള്ള നിലയ്ക്കാത്ത പ്രാർഥന.

ആധ്യാത്മികത മനുഷ്യരാശിയെ വരണ്ടതാക്കേണ്ടതല്ലെന്നും ഫ്രാൻസിസ് പറയുന്നുണ്ട്. മാനവികത വിട്ടൊരു ആധ്യാത്മികതയെ അദ്ദേഹം അംഗീകരിച്ചതുമില്ല. ഒരു കഥ കേൾക്കുക. കഠിനമായ വ്രതത്തിന്റെ നാളുകളിൽ ഒന്നിൽ ഫ്രാൻസിസിന്റെ സതീർഥ്യന് വിശന്നു. അയാൾ അത് ഉറക്കെ വിളിച്ചു പറയുകയും ചെയ്തു. ഫ്രാൻസിസ് ഉടൻ ആ സഹോദരനെ അടുക്കളയിലേക്ക് വിളിച്ചുകൊണ്ടുപോയി. ആദ്യം ഫ്രാൻസി

സ് ഭക്ഷിക്കുകയും, പിന്നീട് ഒരു പിടി ആ സഹോദരന് നൽകുകയും ചെയ്തു. ഇക്കൂട്ടത്തിൽ താൻ മാത്രം വ്രതത്തിനിടയിൽ ഭക്ഷണം കഴിച്ചല്ലോ എന്ന കുറ്റബോധം ആ സഹോദരന് തോന്നാതിരിക്കാനായിരുന്നു ഫ്രാൻസിസ് അങ്ങനെ ചെയ്തത്.

ഈ ലോകം മനുഷ്യനുവേണ്ടി സൃഷ്ടിച്ചു എന്ന ഭോഷ്ക്കിനെ നിസ്സാരമായി തള്ളിക്കളയുന്നു ഫ്രാൻസിസ്. അത് മനുഷ്യനു കൂടി വേണ്ടി സൃഷ്ടിച്ചുവെന്നേയുള്ളൂ. ചേതനവും അചേതനവുമായ കോടാനുകോടി ഭൗമവർഗത്തിനെന്ന പോലെ. പള്ളി പണിയാൻ അനുവാദം മേടിക്കാൻ പോപ്പിന്റെ അടുത്ത് പോകുന്നതിന് ഇറങ്ങിയ ലിയോ അങ്ങനെയൊരു ഫ്രാൻസിസിനെ കണ്ടെത്തുന്നുമുണ്ട്. ലിയോ രാവിലെ വന്നു നോക്കുമ്പോൾ ഉറങ്ങിക്കിടന്നിരുന്ന ഫ്രാൻസിസിനെ കാണാനില്ല. ചുറ്റുപാടെല്ലാം പരതിയപ്പോൾ അതാ, ഒരുകിളി കൂടൊരുക്കുന്നത് നോക്കി മരക്കൊമ്പിൽ ഇരിക്കുകയാണ് ഫ്രാൻസിസ്. ഇറങ്ങി വന്ന ഫ്രാൻസിസ് പറഞ്ഞത്, കിളികൾ തനിക്ക് പള്ളിപണിയാൻ അനുവാദം തന്നുവെന്നാണ്. ഇനി പോപ്പിനെ കാണേണ്ട ആവശ്യമില്ലത്രേ. ഒടുവിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു നിർത്തുകയും ചെയ്തു. ഇന്നു ഞാൻ ഒരു പുതിയ ഭാഷ പഠിച്ചു, പക്ഷികളുടെ ഭാഷ. അവ പറഞ്ഞതത്രയും ദൈവസ്നേഹത്തെ കുറിച്ചായിരുന്നു.

*Painting:*
*"St. Francis Preaching to the Birds"*
*1297-1299 by Artist Giotto*



ദൈവം സർവശക്തനെന്നു പറയുമ്പോഴും, നമ്മളിലും അകൈതവമായ ശേഷിയുണ്ടെന്ന് പറയുന്ന ഭൂമിയിലെ മനുഷ്യന്റെ യഥാർഥ മഹത്വം നമ്മൾ തിരിച്ചറിയുന്നു. ആ മനുഷ്യൻ ഫ്രാൻസിസാണ്. ലിയോയ്ക്ക് അത് ബോധ്യപ്പെട്ടത് ഒരു കപ്പൽ യാത്രയിലായിരുന്നു. ആകാശത്തിനും കടലിനുമിടയിൽ സർപ്പഫണങ്ങൾ പോലെ തിരമാലകൾ കപ്പലിനെ മുറിവേൽപിച്ച ആ രാത്രിയിൽ. തകർത്തടിക്കുന്ന അതിന്റെ പ്രഹരത്തിൽ പക്ഷേ ഫ്രാൻസിസ് മാത്രം ഭയന്നില്ല. വിനീതനായി അദ്ദേഹം കടലിനോട് അഭ്യർഥിച്ചുകൊണ്ടിരുന്നു, ഒന്നു ശാന്തമാകാൻ. നിരാശയുടെ നീർക്കയത്തിലും അചഞ്ചല



*Painting: "Saint Francis and his birds" by Artist: Stanley Spencer*

മായി പ്രാർഥിക്കുന്ന ആ മനുഷ്യൻ എത്ര വായിച്ചാലും തീർന്നുപോകാത്ത പരംപൊരുളാണെന്ന് ലിയോ കണ്ടു. ചരാചര സൃഷ്ടികളുടെ ആത്മാവിന്റെ മൂലക്കല്ല് ഒന്നു തന്നെയെന്ന് ലിയോ അന്ന് തിരിച്ചറിഞ്ഞു.

ശാന്തമായ കടലിനെ നോക്കി ലിയോ പറയുന്നത് കേൾക്കുക. അത് ഫ്രാൻസിസ് പഠിപ്പിച്ചതാണെന്നും അറിയൂ. മനുഷ്യാത്മാവ് കടലിനോട് സംസാരിച്ചതും കൽപിച്ചതും കടൽ അനുസരിച്ചതും അവിശ്വാസികൾക്ക് ഒരിക്കലും സ്വീകാര്യമാവില്ല. പക്ഷേ, ആ രഹസ്യം എനിക്കറിയാം. ആത്മാവ് കടലിനേക്കാൾ ശക്തമാണ്. മരണത്തേക്കാൾ ശക്തമാണ്. മനുഷ്യശരീരത്തിൽ നിന്നു പുറത്തുവരാനും തകരുന്ന ലോകത്തെ താങ്ങാനും അതിനു കഴിയും.

ഫ്രാൻസിസിനെ കുറിച്ചുള്ള നോവൽ എഴുതിക്കൊണ്ടിരുന്നപ്പോൾ സ്നേഹവും ഭക്തിയും ആരാധനയും കൊണ്ട് തന്റെ മനസ്സു നിറഞ്ഞുകവിഞ്ഞെന്ന് കസൻദ്സാക്കിസിന്റെ സാക്ഷ്യമുണ്ട്. ഫ്രാൻസിസ് ഒരു പുണ്യവാളൻ മാത്രല്ല, നന്മ നിറഞ്ഞ ഒരു ജീവിത രീതികൂടിയാണ്. അത്രത്തോളം എത്തുവാൻ ഒരുപക്ഷേ നമുക്ക് കഴിഞ്ഞെന്നു വരില്ല. പക്ഷേ, ആ തണലിൽ ഇത്തിരി നേരം വിശ്രമിക്കാനെങ്കിലും നമുക്കാവണം ■

## കവർസ്റ്റോറി

ജോർജ് ജോൺ

# ഭാരം കുറയ്ക്കാൻ ചില മാർഗങ്ങൾ

പറന്നുപൊങ്ങേണ്ട ജീവിതങ്ങൾ ഇഴഞ്ഞു നീങ്ങുന്നതു കണ്ടിട്ടില്ലേ? എടുത്താൽ പൊങ്ങാത്ത ഭാരങ്ങൾ ജീവിതത്തോടു കൊളുത്തിയിട്ട്, സങ്കീർണതകളുടെ കൂമ്പാരമായ മനസ്സുമായി... ഭാരങ്ങളും സങ്കീർണതകളും ഒഴിവാക്കിയൊരു ജീവിതം ഈ ഗ്രഹത്തിലില്ല. എങ്കിലും നമ്മളായിട്ട് കൂട്ടിച്ചേർക്കുന്ന ചിലതിലല്ലേ, ഈ യാത്രയുടെ രസം പോകുന്നത്? ശരിക്കൊന്നുചിന്തിച്ചാൽ ജീവിതത്തിന് ആഘോഷം എന്നൊരർഥംകൂടിയുണ്ടെന്നു തോന്നുന്നു.

നവീനും ജലീലും ചേർന്നാൽ അവിടെ സൂര്യനുദിക്കും. ശ്രീപ്രസാദും സുബൈറും കൂടി വന്നാൽ അവിടെ പൂക്കളും വിടരും. ഇനി ആൽവിൻകൂടി എത്തിയാലോ പൊട്ടിച്ചിരികളുടെ വേലിയറ്റവും. ഒരു കുപ്പി ബിയർപോലുമില്ലാതെ എത്രദിനങ്ങൾ അവർ ലഹരിയിൽ മുക്കി. മദ്യമാണ് ഉൻമാദമുണ്ടാക്കുന്നതെന്ന് ആരെങ്കിലും പറഞ്ഞാൽ പൊട്ടത്തെറ്റാണത്. സൗഹൃദമാണ് തലയ്ക്കുപിടിക്കുന്നത്. ഈ ചങ്ങാതിക്കൂട്ടത്തിലിരുന്നാലറിയാം ഇവിടെ സ്വർഗം സൃഷ്ടിക്കാൻ എത്ര എളുപ്പമാണെന്ന്.

നിയന്ത്രണങ്ങളില്ലാതെ സംസാരിക്കാനും ചിരിക്കാനും വേണമെങ്കിൽ കരയാനും സ്വാതന്ത്ര്യമുള്ള ഒരു സ്ഥലത്തെ മറ്റെന്തു വിളിക്കും? ഇതുപോലെ ഭാരമില്ലാത്തവരായി മാറാൻ പറ്റിയ ഒരു കൂട്ട് തരപ്പെടുത്തിയാൽമതിയല്ലോ ജീവിതം ആഘോഷമാക്കാൻ.

മിടുക്കനായിരുന്നു അയാൾ. കഠിനാധ്വാനി. കമ്പനിയിൽ തുടർച്ചയായി പെർഫോർമൻസ് അവാർഡ്. അവധിയെടുക്കാതെയും ഓവർടൈം ജോലി ചെയ്തും ബോസിന്റെ പ്രശംസഹോൾസെയിലായി വാങ്ങിയയാൾ. തീർന്നില്ല, പല വിദേശ യാത്രകളും നടത്തി... മറ്റുള്ളവരെയെല്ലാം പരാജയപ്പെടുത്തിയപ്പോൾ മൽസരം തന്നോടുതന്നെയായി. എല്ലാവരും പറഞ്ഞു, 100% സക്സസ്ഫുൾ.

അദ്ദേഹത്തിന് ത്യാഗങ്ങളും ചെയ്യേണ്ടിവന്നിട്ടുണ്ട്. സായാഹ്നത്തിൽ തന്റെ കൈയും പിടിച്ച് ബീച്ചിലൂടെ നടക്കണമെന്ന ഭാര്യയുടെ ആഗ്രഹം നിറവേറ്റാനായില്ല. മകളുടെ ഉറക്കത്തിലുള്ള ചിരി കാണാൻ കഴിഞ്ഞില്ല, നിലാവുള്ള രാത്രിയിൽ ടെറസിൽ മലർന്നു കിടന്ന് നേർത്തസ്വരത്തിൽ ഗസൽ കേൾക്കണമെന്ന മോഹം നടന്നില്ല... പക്ഷേ, ത്യാഗങ്ങളില്ലാതെ നേട്ടങ്ങളില്ലല്ലോ.

നേടി എന്നുപറയുമ്പോൾ... പണമല്ലാതെ മറ്റെന്തു നേടി? നേടിയ പണം ഉപയോഗിക്കാൻ സമയമുണ്ടോ? അതോ അറുപതു കഴിഞ്ഞിട്ട് ഉപയോഗിക്കുമോ?

പക്ഷേ, ഒരുപാട് കോൺട്രിബ്യൂട്ട് ചെയ്തില്ലേ?

ആർക്ക്, സമൂഹത്തിനായി എന്തെങ്കിലും കണ്ടുപിടിത്തം നടത്തിയോ? അധ്വാനിച്ചതിന്റെ നൻമ എത്രപേർക്കുകിട്ടി...

നൻമ കമ്പനിക്കല്ലേ... മൂന്നുപേർ ചെയ്യേണ്ട അനുദിന ജോലി ഒറ്റയ്ക്കുചെയ്തു കമ്പനിക്കു കൂടുതൽ ലാഭമുണ്ടാക്കിക്കൊടുത്തു. സ്വന്തം ജീവിതം ഹൃദയമോ വികാരങ്ങളോ ഇല്ലാത്ത ഒരു മൾട്ടിനാഷനൽ കമ്പനിക്ക് അടിയറവച്ചു. തൊഴിലിനും തൊഴിലുടമയ്ക്കും അടിമയായി, മൽസരം നിറച്ച് ജീവിതം സങ്കീർണമാക്കി. ആർക്കെങ്കിലും ഒരു നൻമ ചെയ്തെന്ന തോന്നൽ പോലും ലഭിക്കാതെ ജീവിതം നശിപ്പിച്ചു. ഇതാണ് തിരിച്ചറിവ്. ജോലിക്ക് അടിമപ്പെടുന്നതും ആത്മാർഥത കാണിക്കുന്നതും രണ്ടും രണ്ടാണെന്ന തിരിച്ചറിവ്. ഈ സായന്തനങ്ങളും കൊച്ചുതണുപ്പും ചിരിയും സൗഹൃദങ്ങളും നഷ്ടപ്പെടുത്തിയിട്ട് നാം എന്തുനേടാനാണ്?

രസകരമായ ഒരുസംഭാഷണമായിരുന്നു അത്.

ആംഗ്രി ബേർഡ്സ് കളിച്ചിട്ടുണ്ടോ? എന്താണത്... അയ്യേ അതറിയില്ലേ,,, ഏറ്റവും പ്രചാരമുള്ള കംപ്യൂട്ടർ ഗെയിം... സോറി ഞാൻ കേട്ടിട്ടില്ല. അതുകൊണ്ട് എന്താണ് പ്രയോജനം... സമയം പോകാൻ ഏറ്റവും നല്ല വഴിയല്ലേ... സമയം പോകാനോ... ഉള്ളസമയം കൂടി



പോയാൽ ഞാൻ എന്തുചെയ്യും? മാത്രമല്ല എനിക്ക് ആവശ്യമെന്നുതോന്നാത്തതൊന്നും ഞാൻ ചെയ്യാറില്ല. ഗെയിംകളിക്കാരന്റെ സ്വരമൊന്നു താഴ്ന്നു. നൂറുകണക്കിന് ഗാഡ്ജറ്റുകളും കോടാനുകോടി ആപ്സും രംഗത്തിറങ്ങുമ്പോൾ ഇവയെല്ലാം പഠിക്കാതെയും പരീക്ഷിക്കാതെയും ജീവിച്ചാൽ അതൊരു ജീവിതമാകില്ല എന്ന ചിന്തയുടെ തള്ളിക്കയറ്റമുള്ളകാലമാണ്. ഇതിനെല്ലാമായി സമയം ഭാഗിച്ചാൽ ബാക്കി എന്തുണ്ട് 24 മണിക്കൂറിൽ. ഇല്ല. ആംഗ്രി ബേർഡ് കളിച്ചില്ലെന്നു കരുതി ഒന്നും സംഭവിക്കില്ല. ഒരു ആപ്ളിക്കേഷൻ ഇല്ലാതെപോയാൽ ജീവിതം തീരുകയുമില്ല.

ഒറ്റയ്ക്കാണെന്നു തോന്നിപ്പോകുന്നു ഭായ്. എന്റെ അറിവിൽ അഞ്ചു ഗേൾഫ്രണ്ട്സുള്ള ഒരു ചുള്ളൻ പയ്യനാണു പറയുന്നത്. രാത്രിയിലും പകലും അവൻ ഫോൺ ചെയ്യുന്നു. ഉണ്ണുമ്പോഴും ഉറങ്ങാൻ കിടക്കുമ്പോഴും മെസേജ് അയയ്ക്കുന്നു. പലപ്പോഴും വിലപിടിച്ച സമ്മാനങ്ങൾ കൈമാറുന്നു. ബൈക്കിൽ കറങ്ങാൻപോകുന്നു. എന്നിട്ട് ഇപ്പോൾ ഒറ്റയ്ക്കാണുപോലും.

> **സമയത്തിന്റെ തുടക്കം, പ്രപഞ്ചത്തിന്റെ അതിര്, ഊർജത്തിന്റെ ഉൽപത്തി ഇതൊന്നും അത്ഭുതമായിട്ടു നിനക്ക് തോന്നിയില്ലെങ്കിൽ ഞാൻ നിസ്സഹായനാണ് കുഞ്ഞേ**

അഞ്ചുപേരും അവരുടെ വേദനകളും വിഷമങ്ങളും ഇവനോട് പങ്കുവച്ചു. ഇവൻ എല്ലാപ്രശ്നങ്ങൾക്കും പരിഹാരം മണിക്കൂറുകളെടുത്ത് പറഞ്ഞുകൊടുത്തു. ചുരുക്കത്തിൽ വികാരജീവികളായ അഞ്ചുടമകളുള്ള ഒരു അടിമയായി നായകൻ മാറി. അവസാനം ഓരോരുത്തരായിഅകലുമ്പോൾഅവന്ശൂന്യതയും. ഇത്രയും ഭാരം ബന്ധങ്ങൾക്കുണ്ടാകുന്നതെങ്ങനെ? 22 വയസ്സുകാരനെന്തിനാണ് ഇത്രയും സങ്കീർണതകൾ? അൽപം നെഗറ്റിവെങ്കിലും ഇക്കൂട്ടർക്ക് കാണാൻ പറ്റിയ ഒരു സിനിമ ഉണ്ട്. ജോർജ് ക്ളൂണിയുടെ അപ് ഇൻ ദി എയർ.

എല്ലാക്കാര്യങ്ങളിലും സ്റ്റാൻഡേർഡ് നോക്കുന്നതിൽ കണിശക്കാരനെന്നാണ് അദ്ദേഹത്തെപ്പറ്റി പറയുന്നത്. ബ്രാൻഡഡ് ഉൽപന്നങ്ങൾ മാത്രം വാങ്ങും. ഗ്രേഡ് തൃപ്തികരമായ ഹോട്ടൽ കണ്ടില്ലെങ്കിൽ വിശപ്പുസഹിക്കുകയേ ഉള്ളൂ. ഓഫീസിൽ താഴ്ന്ന ജീവനക്കാരോടോ, പ്യൂൺമാരോടോ സൗഹൃദ സംഭാഷണമില്ല. തിയറ്ററിൽ സിനിമ കണ്ടിട്ട് ചിരിക്കുന്നവർ സ്ഥലകാല ബോധമില്ലാത്തവരാണെന്ന് അയാൾ ഉറച്ചുവിശ്വസിച്ചു. അയാളുടെ ഇഷ്ടങ്ങളും സാധ്യതകളും അങ്ങനെ പരിമിതപ്പെട്ടു. എത്രയോ കോമഡി സിനിമകൾ അയാൾ പാഴാക്കി? എത്രപേരുടെ സൗഹൃദം ആസ്വദിക്കാതെ കളഞ്ഞു? അരികിലുണ്ടായിരുന്നിട്ടും എല്ലാവരും അയാൾക്ക് അകലെയായി, തനിക്കു ചുറ്റും അയാൾതന്നെ പണിത വൻമതിലിന് ദിവസവും ഉയരംകൂടിയും വന്നു. ഒന്നേ നമുക്ക് പറയാനുള്ളൂ. പാവം മനുഷ്യൻ.

വലിയ സത്യങ്ങൾ ലളിതമായ വാചകങ്ങളിലൂടെ പറയുന്നവരെ കണ്ടിട്ടില്ലേ. ഈ മരങ്ങൾ ഇപ്പോൾ നട്ടാൽ നമുക്കെന്തുപ്രയോജനം എന്നുചോദിക്കുന്ന പുതുതലമുറക്കാരനോട് വയോധികന്റെ മറുപടി. ഇപ്പോൾ നമ്മൾ കാണുന്നത് പണ്ട് ഇതുപോലെ ആരോ വച്ചതാണ്.

ദൈവത്തിന്റെ അത്ഭുതപ്രവൃത്തി കാണാതെ വിശ്വസിക്കില്ല എന്നുപറയുന്ന ശിഷ്യനോട് ഗുരുപറയുന്നു. സമയത്തിന്റെ തുടക്കം, പ്രപഞ്ചത്തിന്റെ അതിര്, ഊർജത്തിന്റെ ഉൽപത്തി ഇതൊന്നും അത്ഭുതമായിട്ടു നിനക്ക് തോന്നിയില്ലെങ്കിൽ ഞാൻ നിസ്സഹായനാണ് കുഞ്ഞേ.

അറബിക്കഥ എന്ന സിനിമയിൽ ശ്രീനിവാസൻ തന്റെ സമ്പാദ്യം മുഴുവൻ മറ്റൊരാൾക്കു കൊടുക്കുമ്പോൾ പറയുന്നൊരു ന്യായമുണ്ട്. ഞങ്ങൾ കമ്യൂണിസ്റ്റുകാർ ജീവിക്കാനാവശ്യമുള്ളതിൽകൂടുതൽ പണം കൈയിൽവയ്ക്കരുതെന്നാണ്... കൊടുക്കുക അയാളുടെ കരുണയല്ല കടമയാണെന്ന് എത്ര ലളിതമായി പറഞ്ഞു?

അണിഞ്ഞൊരുങ്ങുന്നതിൽ അധികമൊന്നും ശ്രദ്ധിക്കാത്ത യുവതിയെ കണക്കിനുശകാരിച്ച കൂട്ടുകാരിയെ നിശ്ശബ്ദയാക്കിയ മറുപടി ഇങ്ങനെയാണ്. ഈ ലോകത്തുള്ളവർക്ക് എപ്പോഴും എന്നെ ശ്രദ്ധിക്കുക എന്നതിനേക്കാൾ വലിയ കാര്യങ്ങൾ ചെയ്യാനുണ്ടെന്നാണ് എന്റെ വിശ്വാസം. കാര്യം എത്ര സിംപിൾ.

മരണക്കിടക്കയിൽ കിടന്ന് ചുറ്റുമുള്ളവരോട് ഇങ്ങനെ പറഞ്ഞ ഒരാളെ അറിയാം. നിങ്ങൾ ഇങ്ങനെ കരയരുത്... ഇവിടെ നിന്ന് പോകാൻ പാടില്ലാത്തവിധം ഇവിടം എന്നെ അത്ര ആകർഷിച്ചിട്ടില്ല- മരിക്കാത്ത വാക്കുകളല്ലേ ഇത്.

ജീവിതത്തിൽ ഇനി എത്ര നിമിഷങ്ങളുണ്ടെന്നല്ല, ഓരോ നിമിഷത്തിലും ജീവിതത്തിന്റെ നിറവ് എത്രയുണ്ടെന്നാണ് ചിന്തിക്കേണ്ടതെന്ന് ഒരു ഹിന്ദിപ്പാട്ടുണ്ട്. ജീവിതത്തിന്റെ നിറവ് സ്വിറ്റ്സർലൻഡിലോ മൊറീഷ്യസ് തീരത്തോ മാത്രമുള്ളതായാൽ നാം എന്തുചെയ്യും? നമ്മളെന്നും കണ്ടുമുട്ടുന്ന മുഖങ്ങളിൽ തെളിയുന്നില്ലേ അത്? ഈ പുഴയിൽ ഒഴുകി വരുന്നില്ലേ? ഈ കാറ്റിൽ മണക്കുന്നില്ലേ? ഒന്നാലോചിച്ചാൽ വിശപ്പും വേദനയും പോലും ഒരു നിറവല്ലേ?

അങ്ങനെയാകുമ്പോൾ എല്ലാം ലളിതമല്ലേ, ദൈവത്തെ മനുഷ്യനോളം ലളിതമാക്കിയവനെ ധ്യാനിച്ചാൽ ഇനി എന്ത് സങ്കീർണത? ■

# മാർച്ചിന്റെ കണ്ണീരായി ഇവർ രണ്ടുപേർ

മാർച്ചിൽ ജീസസ് യൂത്തിന് നഷ്ടമായത് പ്രതിബദ്ധതയുള്ള രണ്ടു യുവമിഷനറിമാരെയാണ്. ജാർഖണ്ഡിലെ ഹസാരിബാഗിൽ നിന്നുള്ള സുഭാഷ് ബിർളയും അംബികാപൂരിലെ വിനോദ് ധുറുവും.

കേന്ദ്ര റിസർവ് പോലീസ് ഫോഴ്സിൽ (CRPF) സേവനം ചെയ്തിരുന്ന സുഭാഷ് ബിർള തീവ്രവാദആക്രമണത്തിലാണ് വീരചരമം പ്രാപിച്ചത്. 24 വയസ്സുകാരനായ ഇദ്ദേഹം ജമ്മുവിൽനടന്ന ആക്രമണത്തിലാണ് കൊല്ലപ്പെട്ടത്. വേറെ അഞ്ച് സി.ആർ.പി.എഫ്. ജവാന്മാരും സംഭവത്തിൽ മരിച്ചിരുന്നു. മാതാപിതാക്കളുടെ ഏകസന്താനമായിരുന്ന ബിർള 2007 മുതൽ ജീസസ്‌യൂത്തിൽ സജീവമായിരുന്നു. പിതാവിനെപ്പോലെ ഒരു സൈനികനാകണമെന്ന് ആഗ്രഹിച്ച ബിർളയ്ക്ക് രണ്ടു മാസം മുൻപാണ് ജമ്മുവിലേയ്ക്ക് നിയമനം ലഭിച്ചത്.



സ്വതവേ സന്തോഷവാനായ യുവാവായിരുന്നു സുഭാഷെന്ന് ജീസസ് യൂത്ത് സുഹൃത്തുക്കൾ സ്മരിക്കുന്നു.

അംബികാപ്പൂരിലെ ജീസസ്‌യൂത്ത് വിനോദ് ദുറുവ് ഇക്കഴിഞ്ഞ മാർച്ച് ഏഴിനാണ് നിര്യാതനായത്. രണ്ടുമാസത്തോളമായി വിനോദ് ഉദരസംബന്ധമായ രോഗം മൂലം ചികിത്സയിലായിരുന്നു. മൂന്നുദിവസം ആശുപത്രിയിലായിരുന്ന വിനോദിന്റെ കരളിനെയും കൂടി രോഗം ബാധിച്ചപ്പോഴാണ് മരണം സംഭവിച്ചത്. 2004 മുതൽ ജീസസ്‌യൂത്തിൽ ഉള്ള വ്യക്തിയായിരുന്നു. ബുദ്ധിപരമായി ചില വെല്ലുവിളികൾ നേരിട്ടിരുന്ന ഇദ്ദേഹം കാര്യങ്ങൾ മനസ്സിലാക്കാനും പ്രവർത്തിക്കാനും കൂടുതൽ സമയമെടുത്തിരുന്നെങ്കിലും ജീസസ്‌യൂത്തിലെ സജീവസാന്നിധ്യമായിരുന്നു.

പ്രതിബദ്ധതയോടെ പ്രാർഥനാഗ്രൂപ്പിലും മീറ്റിങ്ങുകളിലും മുടങ്ങാതെ പങ്കെടുത്തിരുന്നു. ഇദ്ദേഹം ഒരു ടീമിന്റെയും ഭാഗമല്ലെങ്കിലും അംബികാപൂരിലെ ജീസസ്‌യൂത്ത് പ്രോഗ്രാമുകളിൽ ഞാനെന്താണ് ചെയ്യേണ്ടതെന്നു ചോദിച്ച് സജീവമായി പങ്കുചേർന്നിരുന്നു. 27 വയസ്സുകാരനായ വിനോദ് ദിവ്യകാരുണ്യത്തിന്റെ വലിയ ഭക്തനായിരുന്നു; വ്യക്തിപരമായ പ്രാർഥനയിലും വചനവായനയിലും നിഷ്കർഷ പുലർത്തുകയും ചെയ്തിരുന്നു.

ഇവരുടെ ഓർമകൾക്കുമുന്നിൽ കെയ്റോസിന്റെ അഞ്ജലികൾ അർപ്പിക്കുന്നു. ഇവരുടെ ആത്മാക്കൾക്കായി പ്രാർഥനകളും സമർപ്പിക്കുന്നു ■

## പുതിയ MEST ടീമിനെ തിരഞ്ഞെടുത്തു

ജീസസ് യൂത്ത് മെഡിക്കൽ എൻജിനീയറിങ് സ്റ്റുഡന്റ്സ് മിനിസ്ട്രിക്ക് (MEST) പുതിയ ഓൾ കേരള ടീമിനെ തിരഞ്ഞെടുത്തു. അമൽ ജോസ് കോ-ഓർഡിനേറ്ററും തുഷാർ ജോസ് അസിസ്റ്റന്റ് കോ-ഓർഡിനേറ്ററുമാണ്.



## അനുഭവം

ഗിഫ്റ്റി ജോയി



# സൂചിമുനയിലെ സാന്ത്വനം



മാംസം തുളച്ചുകയറുന്ന സൂചിമുനയ്ക്കു സാന്ത്വനം പകരാൻ കഴിയുമോ? സ്റ്റുഡന്റായും സ്റ്റാഫ്നഴ്സായും ട്യൂട്ടറായുമൊക്കെ ആതുര സേവനരംഗത്തു പ്രവർത്തിച്ചപ്പോൾ ഈശോ എന്നെപ്പഠിപ്പിച്ചത് അതാണ്. മുറിക്കപ്പെട്ടവന്റെ സ്നേഹം മുറിവേറ്റവരിലേക്ക് എങ്ങനെ പകർന്നുകൊടുക്കാമെന്ന്.

അങ്ങനെയാണ് നഴ്സിങ് ഒരു ദൈവവിളിയാണെന്ന ചിന്ത എന്നിലുണർന്നത്. നാലു വർഷം കൂടെ നടക്കുന്ന സഹപാഠിയുടെ കണ്ണുനീരിന്റെ കാരണമറിഞ്ഞശേഷം വേണം നാം രോഗികളിലേക്കിറങ്ങാൻ. മാനസികവും ശാരീരികവുമായ വേദന അനുഭവിക്കുന്നവരെല്ലാം നമ്മുടെ കരുണയും സ്നേഹവും സഹായവും അർഹിക്കുന്നുവെന്ന പാഠം കൂടിയാണ് നഴ്സിങ് സ്റ്റുഡന്റായിരിക്കുമ്പോൾ നാം പഠിക്കുന്നത്.

സത്യത്തിൽ സൃഷ്ടാവായ ദൈവത്തിന്റെ സ്നേഹം അടുത്തറിയാനും അവിടുത്തെ ജ്ഞാനംകണ്ട് അത്ഭുതം കൂറാനും ഇടയാക്കുന്നതാണ് മനുഷ്യശരീരത്തെക്കുറിച്ചുള്ള പഠനം. എത്ര സൂക്ഷ്മതയോടെയും കൃത്യതയോടെയുമാണ് നമ്മുടെ ശരീരം അവിടുന്ന് നെയ്തെടുത്തിരിക്കുന്നത്. എല്ലാവരിലും ദൈവത്തിന്റെ കൈയൊപ്പു പതിഞ്ഞിട്ടുണ്ടെന്നത് എല്ലാമനുഷ്യർക്കും സ്വന്തമായ അഭിമാനമല്ലേ.

സ്റ്റാഫ് നഴ്സാകുമ്പോൾ ഈ ലോകത്ത് ലഭിക്കാവുന്നതിൽവച്ചേറ്റവും നല്ല ജോലിയാണ് നാം ചെയ്യുന്നതെന്നുവേണം കരുതാൻ. എന്നാൽ നഴ്സിങ്ങിനെ പണംസമ്പാദനത്തിനുള്ള ഒരു മാർഗം മാത്രമായാണ് കാണുന്നതെങ്കിൽ നമുക്ക് നഷ്ടപ്പെടുന്നത് ജീവകാരുണ്യത്തിന്റെ വലിയൊരനുഭവമാണ്. വ്യക്തികൾ നമുക്ക് വെറും പേഷ്യന്റ് ആകുമ്പോൾ നഴ്സിങ് വെറുമൊരു പ്രഫഷൻ ആകുന്നു. വേദനിക്കുന്നവരോടൊപ്പമായിരിക്കാനുള്ള ഒരുവിളിയാണല്ലോ ഇത്. നമ്മുടെ വാക്കുകളും പുഞ്ചിരിയുമെല്ലാം മരുന്നിനേക്കാൾ അവർക്ക് ഫലം ചെയ്യും. അവരുടെ സൗഖ്യത്തിൽ നമ്മുടെയും അധ്വാനമുക്കുണ്ടെന്ന തിരിച്ചറിവ് നൽകുന്ന സാഫല്യം എത്ര വലുതാണ്. ക്യാൻസറിന്റെ വേദനകളിൽ എന്റെ അമ്മയ്ക്ക് കൂട്ടിരുന്നപ്പോൾ എന്നെ ഒരു സ്റ്റാഫ് നഴ്സാക്കിയ ദൈവപരിപാലന അത്ഭുതപ്പെടുത്തുന്നതായിരുന്നു. സത്യത്തിൽ ഒന്നാലോചിച്ചാൽ നമ്മുടെ മുന്നിലെത്തുന്ന ഓരോ രോഗിയും നമ്മുടെ ആരൊക്കെയോ അല്ലേ? കുറച്ചുനേരത്തേക്കെങ്കിലും ദൈവം അവരെ നമ്മെ ഏൽപിക്കുകയല്ലേ?

തീർച്ചയായും നമ്മുടെ ജോലി പ്രഫഷനലിസം ആവശ്യപ്പെടുന്നുണ്ട്. രോഗികളോടും സഹപ്രവർത്തകരോടുമുള്ള ബന്ധത്തിലും ഇടപെടലുകളിലും ഉയർന്ന വിവേകം കാത്തുസൂക്ഷിച്ചാലേ ഈ പ്രഫഷനലിസം ഉണ്ടാകുകയുള്ളൂ. പുതിയ കാര്യങ്ങൾ പഠിക്കാനും സ്വയം നവീകരിക്കാനും ശ്രദ്ധിച്ചില്ലെങ്കിൽ നമ്മൾ ഇന്നത്തെ ലോകത്തിന് ചേരാത്തവരായി പോകും.

ഒരു നഴ്സിന്റെ മുന്നിലെത്തുന്ന ഭീകരമായ മുറിവുകളും വേദനയും വിലാപങ്ങളുമെല്ലാം സത്യത്തിൽ അയാളെ ഉറപ്പുള്ള ഒരു ഹൃദയത്തിനും ധൈര്യമേറിയ വ്യക്തിത്വത്തിനും ഉടമയാക്കുന്നുണ്ട്. ജീവിതത്തെ കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ സമീപിക്കാനും നമ്മുടെ ജോലി സാഹചര്യങ്ങളിൽ നിന്നു പഠിക്കാം. ആഴമേറിയ ആത്മീയതയിലേക്കുള്ള വിളി കൂടെയാണ് നഴ്സിങ്. ദൃഢമായ വിശ്വാസത്തിലേക്ക് വളരാനും നമ്മുടെ മുന്നിലെത്തുന്നവർക്ക് വിശ്വാസത്തിന്റെ വഴിയിലേക്ക് ഒരു നുറുങ്ങുവെട്ടമാകുവാനുമുള്ള വിളി.

നഴ്സിങ് രംഗത്ത് അധ്യാപനവും തികച്ചും ഒരു ദൈവ ശുശ്രൂഷയാണ്. കുട്ടികളുടെ കൂടെ ആയിരിക്കുമ്പോൾ എനിക്ക് കോളജ് ജീവിതം തിരിച്ചുവന്നതുപോലെ തോന്നാറുണ്ട്. എന്റെ കൈകളിൽ കർത്താവ് ഭരമേൽപിക്കുന്ന ഓരോ കുട്ടിയും വിശുദ്ധയായ നഴ്സ് ആകുന്നത് സ്വപ്നം കാണുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുകയാണ്. തെറ്റുകൾ തിരുത്തണം. എന്നാൽ അനാവശ്യ വിമർശനങ്ങൾ ഒഴിവാക്കണം. കഷ്ടപ്പെട്ട് പഠിക്കാതെ ഇഷ്ടപ്പെട്ട് പഠിക്കാൻ പഠിപ്പിക്കുക. ഓരോ കുട്ടിയേയും വ്യക്തിപരമായി അറിയാനും മനസ്സിലാക്കാനും ശ്രദ്ധിക്കണം, ഇതായിരുന്നു ഞാൻ ട്യൂട്ടറായപ്പോൾ എനിക്ക് മുതിർന്നവർ പറഞ്ഞുതന്നത്.

ജീവിതത്തിന്റെ ഇരുൾപരന്ന സായന്തനങ്ങൾ ഒരു കട്ടിലിലൊതുക്കുന്ന രോഗിക്ക് നാം നൽകുന്ന മരുന്നുകളിൽ സ്നേഹത്തിന്റെ ഛായ പതിപ്പിക്കാം. നാം നൽകുന്ന ഇൻജക്ഷനുകളുടെ വേദന കാരുണ്യത്തിന്റെ കോട്ടൺ കൊണ്ട് തുടച്ചെടുക്കാം. നമ്മുടെ പുഞ്ചിരിയെ പ്രത്യാശയുടെ പ്രകാശത്താൽ നിറയ്ക്കാം ■

*ലേഖിക കോട്ടയം മെഡിക്കൽ സെന്റർ നഴ്സിങ് ട്യൂട്ടറാണ്.*

**അനുഭവം**

ആശിഷ് ജോസ്



# ആരോ എവിടെയോ, നമ്മെ കാത്തിരിപ്പുണ്ട്

താമാൽപൂർ. അസമിലെ ഈ ഗ്രാമപ്രദേശത്തേക്കാണ് ഫുൾടൈമറായി ഞാനെത്തിയത്. വിദ്യാഭ്യാസമോ മറ്റു പരിഷ്കാരങ്ങളോ അധികം ഇല്ലാത്ത കുറേ ജനങ്ങളാണിവിടെ. ക്രൈസ്തവരോട് അത്ര താൽപര്യമില്ല ഇവർക്ക്. മരത്തെയും ഇലകളെയുമെല്ലാം ദൈവമായി കണ്ട് ആരാധിക്കുന്ന രീതിയാണവരുടേത്. കത്തോലിക്കരായി 30 കുടുംബങ്ങളുണ്ട്.

Spoken english class, prayergroup എന്നിവയിലൂടെ ഒരുപാട് യുവജനങ്ങളുമായി സംസാരിക്കാൻ എനിക്ക് ഇടയായി. കേരളത്തിൽനിന്നു തികച്ചും വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു അത്. എന്റെ ഫുൾടൈമർഷിപ്പ് ജീവിതത്തിൽ എന്നെ വളരെയധികം സ്വാധീനിച്ച, മനസ്സിൽ ഇന്നും തങ്ങിനിൽക്കുന്ന ഒരു അനുഭവം ഞാൻ ഇവിടെ കുറിക്കട്ടെ.

ഞാൻ താമസിക്കുന്ന സ്ഥലത്തിനോട് അടുത്തുള്ള അച്ചൻമാരുടെ ഹൗസിൽ എനിക്ക് ഒരു 10 ദിവസം താമസിക്കേണ്ടതായിവന്നു. അവിടെയുള്ള അച്ചന്മാർ സ്ഥലത്ത് ഇല്ലാത്തതിനാലാണത്. എന്നും വൈകിട്ട് 5 മണിയോടുകൂടി അവിടെപോകും. രാവിലെ കുർബാനയ്ക്ക് മുൻപ് തിരിച്ചുവരും. ജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത പത്തുദിനങ്ങളായിരുന്നു അത്.

ഞാൻ ചെന്ന ആദ്യ ദിവസം ഒരു കത്തോലിക്കാ പയ്യനെ അവിടെ കണ്ടുമുട്ടി. കത്തോലിക്കനാണെങ്കിലും ഈശോ ആരാണെന്നൊന്നും അവനറിയില്ല. ജീവിതത്തിൽ കുമ്പസാരിച്ചിട്ടില്ല. പക്ഷേ എല്ലാ ഞായറാഴ്ചയും കുർബാന സ്വീകരിക്കും. എനിക്ക് വളരെ വിഷമം തോന്നി. ആ ഹൗസിൽ തന്നെ ഒരു ചേച്ചിയും നന്നായി പ്രാർഥിക്കുന്ന റിച്ചാർഡ് എന്ന മറ്റൊരു ആൺകുട്ടിയുമുണ്ടായിരുന്നു. ഞാൻ ചെന്ന ദിവസം റിച്ചാർഡ് എന്നോട് പറഞ്ഞു, ബ്രദർ, ഈ ചേച്ചിയോട് ഒന്നു പ്രാർഥിക്കാൻ കൂടാൻ പറയാമോ. പ്രാർഥന എന്നു കേൾക്കുമ്പോഴേ ചേച്ചിക്ക് വെറുപ്പാണ്. ഞാൻ ഒന്നും മറുപടി പറഞ്ഞില്ല.

പിന്നീട് ഞാൻ ആ ചേച്ചിയെ പരിചയപ്പെട്ടു, തുടർന്ന് പലപ്പോഴും വ്യക്തിപരമായി സംസാരിക്കാൻ തുടങ്ങി. ഭക്ഷണം കഴിക്കുമ്പോഴെല്ലാം ഞങ്ങൾ ഒരുമിച്ചിരുന്നാണ് കഴിക്കുക. ഞാനും റിച്ചാർഡും എന്നും പ്രാർഥിക്കും. രണ്ടു ദിവസം കഴിഞ്ഞപ്പോൾ. ആ ചേച്ചിയും പയ്യനും ഞങ്ങളുടെകൂടെ പ്രാർഥിക്കാൻ വന്നു. പിന്നെ അതുപതിവായി. എല്ലാ ദിവസവും സന്ധ്യയ്ക്ക് ആറുമണിക്ക് ഞാൻ അവിടെ ചെല്ലുന്നു. ഞങ്ങൾ ഒരുമിച്ചു ഭക്ഷണം കഴിക്കുന്നു. പിന്നെ പ്രാർഥിക്കാൻ ഇരിക്കുന്നു.

പ്രാർഥന കഴിഞ്ഞ് ഈശോയെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ ഇവർക്ക് പറഞ്ഞുകൊടുക്കുമായിരുന്നു. സാവധാനം അവരും ഒരുപ്രാർഥനാനുഭവത്തിലേക്ക് കടന്നുവന്നു. ഒടുവിൽ അവർ കുമ്പസാരിച്ചു. പിന്നീട് അവരും പങ്കുവയ്ക്കാൻ തുടങ്ങി, ദൈവാനുഭവത്തിന്റെ മണിക്കൂറുകളായിരുന്നു എനിക്ക് അവയൊക്കെ. ഒന്നും അറിയില്ലാത്തവരോട് ഈശോയെക്കുറിച്ച് സംസാരിക്കുക, ഈശോയെ കൊടുക്കുക ഇതൊക്കെ എനിക്ക് പുതിയ അനുഭവങ്ങളാണ്. കുമ്പസാരിച്ചതിനു ശേഷം എന്തെന്നില്ലാത്ത സന്തോഷത്തോടെ അവൻ എന്നോട് Thanks പറഞ്ഞപ്പോൾ എന്റെ മനസ്സ് ഈശോയുടെ സ്നേഹത്താൽ നിറയുന്നതുപോലെ തോന്നി.

അവിടെ നിന്ന് ഞാൻ പോരുന്നതിന്റെ തലേ രാത്രിയിൽ ആ ചേച്ചി എന്നോട് പറഞ്ഞകാര്യങ്ങൾ ഇന്നും എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. ബ്രദർ പറഞ്ഞുതന്നതുപോലെ മറ്റാരും എന്റെ ഈശോ എന്നെ ഇത്രമാത്രം സ്നേഹിക്കുന്നു എന്ന് പറഞ്ഞ് തന്നിട്ടില്ല. അവർ ഇതുപറയുമ്പോൾ അവരുടെ കണ്ണ് നനയുന്നുണ്ടായിരുന്നു. എന്റെയും.

ഈശോയെ അറിയാത്ത ആ രണ്ടു പേർക്ക് ഈശോയുടെ സ്നേഹം പകരാൻ കഴിഞ്ഞത് എന്റെ സാഫല്യമായി ഞാൻ കരുതുന്നു. എന്റെ കെയിൽ ഉണ്ടായിരുന്നത് ദൈവസ്നേഹം മാത്രമാണ്. അവരുടെ ഹിന്ദി ഭാഷ പോലും എനിക്ക് നല്ല വശമില്ലായിരുന്നു. ദൈവസ്നേഹം പകരുന്നതിൽനിന്ന് നമ്മെ തടയുന്നത് നമ്മുടെ പരിമിതികളാണെങ്കിൽ പരിമിതികളില്ലാത്ത നാഥൻ നമ്മുടെ സമീപത്ത് ഉണ്ട് എന്ന് ഓർക്കുക.

ഈ ഒരുവർഷം അനുഗ്രഹത്തിന്റെ വർഷമാണ്. ഈ രണ്ടുപേർ ഈശോയിൽ നിറയാൻ എന്റെ വരവിനായി തമാൽപൂർ കാത്തിരുന്നതുപോലെ നിങ്ങളെയും കാത്ത് ആരൊക്കെയോ എവിടെയോ ഇരിപ്പുണ്ട്. നിങ്ങൾക്ക് മാത്രമേ അവർക്ക് ഈശോയെപ്പറ്റി പറഞ്ഞുകൊടുക്കാൻ സാധിക്കൂ. എൻജിനീയറിങ് കഴിഞ്ഞ് ഇനി എന്തുചെയ്യണം എന്ന് ഞാൻ ചിന്തിച്ച നിമിഷത്തിൽ അനുഗ്രഹത്തിന്റെ, അത്ഭുതത്തിന്റെ വിലമതിക്കാനാകാത്ത ഒരു വർഷം എനിക്കായ് തന്നതുപോലെ ഓരോരുത്തർക്കുമായും ദൈവം അവസരങ്ങൾ കാത്തുവച്ചിട്ടുണ്ട്, തുറന്നഹൃദയത്തോടെ നമുക്ക് നാഥനിലേക്കുതന്നെ നോക്കാം ■


കെയ്റോസ് നിങ്ങളുടെ ഭവനത്തിൽ/ജോലിസ്ഥലത്ത്/കാമ്പസിൽ ലഭിക്കുവാൻ ഈ ഫോം പൂരിപ്പിച്ച ശേഷം മണിഓർഡർ/ ഡി.ഡി. സഹിതം അയയ്ക്കുക

**വരിസംഖ്യ കൂപ്പൺ**

പേര്: ..................................................

അഡ്രസ്സ്: ..................................................

..................................................

ജില്ല: ..................................പിൻ: ..................................

മൊബൈൽ: ..................................ഇമെയിൽ..................................

പണമടയ്ക്കുന്ന രീതി: മണിഓർഡർ/ഡിഡി. തുക: ..................................

**വരിസംഖ്യ ഒരു വർഷത്തേക്ക് ₹180**

വിലാസം: കെയ്റോസ്, എമ്മാവൂസ് എച്ച്.എം.ടി.കോളനി.പി.ഒ.,എറണാകുളം-683503 ഫോൺ: 0484 2558825, 9447742672. Email: kairosmag@gmail.com, www.kairos.jesusyouth.org ചെക്കും ഡ്രാഫ്റ്റും കെയ്റോസ്, എറണാകുളം എന്ന പേരിലാണ് എടുക്കേണ്ടത്. ബാങ്ക് ട്രാൻസ്ഫർ ആയി പണമടയ്ക്കുന്നവർ, മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളോടൊപ്പം കോഡ് നമ്പർ ചേർത്ത് ഈമെയിൽ അയയ്ക്കുക.

**Account Holder:** Kairos Trust **A/c No.:** 13060100110898 **Bank:** Federal Bank **Branch:** Kalamassery **IFSC Code:** FDRL 0001012



## മുന്നേറ്റങ്ങൾ

നൈസിൽ രാജേഷ്




# മനസ്സുവച്ചാൽ മാറ്റങ്ങളുണ്ടാകും

ഈയിടെ പുറത്തിറങ്ങിയ ഇമ്മാനുവൽ എന്ന മലയാള സിനിമ ശ്രദ്ധേയമായത് ദൈനംദിന ജീവിതത്തിലെ തിരക്കുകൾക്കും സമ്മർദങ്ങൾക്കുമിടയിൽ നാം ചെയ്യാൻ മറന്നു പോകുന്ന, വലിയ ബുദ്ധിമുട്ടില്ലാതെ ചെയ്യാൻ കഴിയുന്ന കൊച്ചു കൊച്ചു നന്മകളെക്കുറിച്ചുള്ള ഓർമപ്പെടുത്തലും കൂടിയായതുകൊണ്ടാണ്. നമ്മുടെ ജീവിതത്തിലും ദൈവം നമ്മോടു കൂടെ എന്ന അനുഭവം സമ്മാനിക്കുന്ന ധാരാളം പേരുണ്ട്, അവരിൽ മിക്കവരും ലോകത്തിനു മുൻപിൽ ചെറിയവരും. ചില അനുഭവങ്ങൾ ഇതാ.

ISTD (ഇന്ത്യൻ സൊസൈറ്റി ഫോർ ട്രെയിനിങ് ആൻഡ് ഡവലപ്മെന്റ്) വൈസ് പ്രസിഡന്റ് ആയ ഡോ.രാജേശ്വരി നരേന്ദ്രൻ ഒരു അനുഭവം പറയുന്നുണ്ട്. അവരുടെ രണ്ടാമത്തെ കുട്ടിയുടെ പ്രസവവുമായി ബന്ധപ്പെട്ട് ആശുപത്രിയിൽ അഡ്മിറ്റ് ആയിരുന്ന നാളുകളിൽ എല്ലാ വൈകുന്നേരവും മാനസിക വിഭ്രാന്തിയുള്ള ഒരു സ്ത്രീ ഏഴു മണിക്കു വന്നു വാതിലിൽ മുട്ടും എന്നിട്ട് ഉച്ചത്തിൽ വിളിച്ചു പറയും, നിങ്ങൾക്ക് എന്തെങ്കിലും വ്യത്യാസം വരുത്താൻ കഴിയുമോ? പൊട്ടിച്ചിരിച്ചുകൊണ്ടവർ തന്നെ പറയും: നിങ്ങൾക്കെല്ലാവർക്കും കഴിയും, പക്ഷേ നിങ്ങൾക്കതു വേണ്ട. നിങ്ങൾ ആഗ്രഹിച്ചാൽ മാത്രമേ നിങ്ങൾക്ക് വ്യത്യാസം വരുത്താൻ കഴിയൂ അന്വേഷിച്ചപ്പോൾ ഏക മകൾ നഷ്ടപ്പെട്ട, വീട്ടുകാരുപേക്ഷിച്ച ഒരനാഥ സ്ത്രീയാണവരെന്നറിഞ്ഞു. അതിനു ശേഷം അവരുടെ വാക്കുകൾ രാജേശ്വരിയെ പലപ്പോഴും അസ്വസ്ഥപ്പെടുത്തി. അവർ പറയുന്നതിങ്ങനെ:

പിന്നീട് ഉദയ്പൂരിലെ വിവിധ സാമൂഹ്യ, ആരോഗ്യ പ്രശ്ങ്ങളിൽ സ്ത്രീകളും ഇടപ്പെട്ടു തുടങ്ങിയപ്പോൾ മുതൽ ഇന്നുവരെ സന്തോഷപൂർവം എനിക്കു പറയാൻ കഴി

യും, പണമില്ലാതെ തന്നെ, സമയവും പരിശ്രമവും നിക്ഷേപിച്ച് വ്യത്യാസങ്ങൾ വരുത്താൻ എനിക്കു കഴിഞ്ഞു. എന്റെ കൂടെയുള്ള ടീമിനെ ഞാൻ MAD (Make a Difference) ഏജന്റുകളെന്നു വിളിച്ചു. 21 വർഷങ്ങൾ കഴിയുമ്പോൾ ഒറ്റയ്ക്കു ഈ സംരംഭം തുടങ്ങിയ എന്നോടൊപ്പം ഇപ്പോൾ ആയിരങ്ങളുടെ സഹായഹസ്തങ്ങളുണ്ട്.

സത്യത്തിൽ നന്മചെയ്യാൻ പണമല്ല ഏറ്റവും പ്രധാനമെന്നതാണ് രാജേശ്വരിയുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. ഇറങ്ങിത്തിരിക്കാനുള്ള മനസ്സാണ് പ്രധാനം

## നന്മകൾ കണ്ണിമുറിയാതെ മുന്നോട്ട്

മഹാരാഷ്ട്രയിലെ താനെയിലും ഒരു കൊച്ചു മിടുക്കൻ വാർത്തയായി. ഈ എട്ടു വയസ്സുകാരൻ തന്റെ ജന്മദിനപാർട്ടി വേണ്ടെന്നു വച്ച് 5000 രൂപ മുഖ്യമന്ത്രിയുടെ വരൾച്ചാദുരിതാശ്വാസ ഫണ്ടിലേയ്ക്ക് സംഭാവന ചെയ്തു. മാസങ്ങളായി മാതാപിതാക്കളിൽ നിന്നു ലഭിച്ച പണം സ്വരൂക്കൂട്ടിയാണ് ഈ ബാലൻ ഇപ്രകാരമൊരു നന്മ പ്രവൃത്തി ചെയ്തത്. ഇതുപോലെ എത്രയെത്ര അനുഭവങ്ങൾ നാം വായിക്കുകയും കേൾക്കുകയും ചെയ്തിട്ടുണ്ടാകും? കൊള്ളാം എന്ന് ഒരു പക്ഷേ മനസ്സിൽ പറഞ്ഞിട്ടുമുണ്ടാകും.

Pay It Forward എന്ന ഇംഗ്ലീഷ് സിനിമയിൽ നായകനായ കൊച്ചു ട്രെവർ ഏഴാം ക്ലാസ്സിലേയ്ക്ക് ആദ്യമായി കടന്നു ചെല്ലുമ്പോൾ അവന്റെ സാമൂഹ്യപാഠ അധ്യാപകൻ ക്ലാസ്സിൽ ഒരു ചോദ്യം എല്ലാവരോടുമായി ചോദിച്ചു. ഈ ലോകത്തെ കുറച്ചുകൂടി മെച്ചമാക്കാൻ നിങ്ങൾക്കെന്തുചെയ്യാൻ കഴിയും? ജിവിതത്തിൽ സന്തോഷിക്കാൻ കാര്യമായി ഒന്നുമില്ലാതിരുന്ന, മദ്യപാനിയായ അമ്മയോടൊപ്പം കഴിഞ്ഞിരുന്ന ട്രെവർ അന്നു മുതൽ ആലോചിച്ച് ഒരു ഉത്തരവുമായി എത്തി. നിങ്ങളുടെ കൺമുന്നിൽ വരുന്ന ഒരു വ്യക്തിക്ക് ഒരു സഹായം ചെയ്യുക. തിരിച്ച് നന്ദി പ്രകടിപ്പിക്കുമ്പോൾ അതിനു പകരം കൺമുമ്പിൽ വരുന്ന മറ്റൊരാളെ സഹായിക്കാൻ ആവശ്യപ്പെടുക. ഇങ്ങനെ ഇതു തുടരുമ്പോൾ ലോകം മുഴുവൻ സുന്ദരമാകും. കഥാന്ത്യത്തിൽ ഈ ബാലൻ മരിക്കുമ്പോൾ ആ പട്ടണം മുഴുവൻ അവനോട് ആദരവു പ്രകടിപ്പിക്കാനായെത്തി. അവർക്കൊരോരുത്തർക്കും പറയാനുണ്ടായിരുന്നു ഇത്തരം നന്മയുടെ അനുഭവങ്ങൾ ■

## ലാഭപ്രഭ - just do it

ലാഭപ്രഭ– കേരളത്തിലെ വൈദ്യുതിക്ഷാമം വളരെ രൂക്ഷമാണ്. ഈ പ്രതിസന്ധിയിൽ നിന്നു കേരളത്തെ രക്ഷിക്കാൻ KSEB അവതരിപ്പിച്ച ഒരു ക്യാംപയിൻ ആണ് ലാഭപ്രഭ. പെസഹാവ്യാഴാഴ്ച രാവിലെ പത്രം വായിച്ചപ്പോൾ ലാഭപ്രഭയുടെ പരസ്യം കാണാൻ ഇടയായി. മനസ്സിൽ ഇത് നല്ല ഒരു ആശയമാണല്ലോ എന്ന ചിന്തയും, താമസിച്ചില്ല. KSEB യിലേയ്ക്ക് S.M.S. അയച്ചു. ഉടനെ മറുപടിയും എത്തി. മനസ്സിൽ വീണ്ടും ചില സ്വപ്നങ്ങൾ. ഇത് ജനങ്ങളിലേക്ക് എത്തിച്ചിരുന്നെങ്കിൽ, നാടിന് വലിയ ഒരു നന്മയാകും, താമസിച്ചില്ല. എനിക്ക് അറിയാവുന്ന കുറെപേരെ വിളിച്ചു. S.M.S. അയച്ചു, ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്തു ചോദിച്ചവരെല്ലാംതന്നെ ലാഭപ്രഭയെ കുറിച്ച് അറിഞ്ഞു. പക്ഷേ ആരും റജിസ്റ്റർ ചെയ്തിരുന്നില്ല. ഞാൻ വിളിച്ചുപറഞ്ഞപ്പോൾ എല്ലാവരും തന്നെ റജിസ്റ്റർ ചെയ്തു. മറ്റുള്ളവരോട് പറയാമെന്നും പറഞ്ഞു. എനിക്ക് അറിയാവുന്ന അടുത്തുള്ള കോളജുകളിലും ITI–യിലും ഞാൻ അറിയിച്ചു. എന്റെ ഇടവകയിലെ ഉത്ഥാനോൽസവത്തിൽ ഒരു activity ആയി കുട്ടികൾ ലാഭപ്രഭ ഏറ്റെടുത്തു. കുട്ടികളുടെ വീട്ടിലും അടുത്തുള്ള വീടുകളിലും കുട്ടികൾ ലാഭപ്രഭ ചെയ്യണം. കേരളത്തിലെ ജീസസ് യൂത്തും ഈ ക്യാംപയിനിൽ കാര്യമായി പങ്കെടുത്തു. നമ്മൾ വിചാരിച്ചാലും കേരളത്തിൽ ചില കാര്യങ്ങൾ ചെയ്യാൻ സാധിക്കും ***'എന്റെ പിതാവ് എപ്പോഴും പ്രവർത്തിക്കുന്നു ഞാനും പ്രവർത്തിക്കുന്നു.'***

*ജോസ് കുര്യൻ, കാഞ്ഞിരപ്പള്ളി*

## അനുഭവം

ഷിജി ലാൽ എം.എസ് നെയ്യാറ്റിൻകര



# മോൾ എന്തിനാണ് കരയുന്നത്?

2006 മുതൽ ഞാൻ ഒരു ജീസസ്‌യൂത്താണ്. ദൈവത്തിന്റെ ശക്തമായ സാന്നിധ്യം പലപ്പോഴും തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. ഒരിക്കൽ ഒരു വിശുദ്ധയുടെ സാന്നിധ്യം എനിക്കുണ്ടായി. ഞാൻ പ്ലസ് ടു പഠിക്കുന്ന സമയത്ത് എന്റെ പപ്പ മരിച്ചു പോയി. 2006 -ൽ ഞാൻ എഞ്ചിനീയറിങ് രണ്ടാം വർഷം പഠിക്കുന്നു. ഒരു ദിവസം ഞാൻ പപ്പയെ ക്കുറിച്ച് ഓർത്ത് വളരെയധികം കരഞ്ഞു. രാത്രിയിൽ കരഞ്ഞു കരഞ്ഞ് ഉറങ്ങിപ്പോയി. ഉറക്കത്തിൽ ഞാൻ ഒരു സ്വപ്നം കണ്ടു. ഞാൻ എൽ.കെ.ജി മുതൽ എസ്.എസ്. എൽ.സി. വരെ ഒരു കോൺവെന്റ് സ്കൂളിലായിരുന്നു പഠിച്ചിരുന്നത്. എന്റെ സ്വപ്നം ഇതായിരുന്നു- ഞാൻ വർഷങ്ങൾക്കു മുമ്പ് പഠിച്ചിരുന്ന സ്കൂളിലെ മാതാവിന്റെ ഗ്രോട്ടോയുടെ മുമ്പിൽ ഞാൻ നിൽക്കുന്നു. അപ്പോൾ എന്റെ മുമ്പിൽ മൂന്ന് സിസ്റ്റേഴ്സ് വന്നു. അവർ മൂവരും ഏകദേശം കറുത്ത നിറമുള്ള യൂണിഫോമായിരുന്നു ധരിച്ചിരുന്നത്. അവരുടെ വസ്ത്രങ്ങളിൽ ദിവ്യ കാരുണ്യത്തിന്റെ രൂപം ധരിച്ചിരുന്നു. എന്നോട് നടുവിൽ നിന്ന സിസ്റ്റർ ചോദിച്ചു - മോള് എന്തിനാണ് കരയുന്നത്? ഞാനപ്പോൾ എന്റെ വിഷമങ്ങളെല്ലാം പറഞ്ഞു. അപ്പോൾ സിസ്റ്റർ പറഞ്ഞു ഇവയെല്ലാം ശരിയാക്കുവാൻ ഈശോ ശക്തനാണ്. തളരാതെ പ്രാർഥിക്കുക. എന്നോട് സംസാരിച്ച ആ നടുവിൽ നിന്ന സിസ്റ്ററിന്റെ മുഖം നല്ല ശോഭയുള്ളതായിരുന്നു., പെട്ടെന്ന് ഞാൻ നോക്കിയപ്പോൾ ഒരു പ്രകാശ വലയം തലയ്ക്കു ചുറ്റും ഉള്ളതായി കണ്ടു. മറ്റെങ്ങും ഞാൻ ആ സിസ്റ്ററിനെ കിട്ടില്ല. സിസ്റ്റർ എന്നെ വളരെയധികം ആശ്വസിപ്പിച്ചു. ഞാൻ സിസ്റ്ററിനോട് എവിടുന്നാണെന്നും, ആരാണെന്നും ചോദിച്ചു. അപ്പോൾ സിസ്റ്റർ പറഞ്ഞു എന്റെ പേര് 'മരിയ ഫൗസ്റ്റീന'. ഞാൻ ദൈവ കാരുണ്യത്തെക്കുറിച്ച് പറയുവാനാണ് മോളുടെ മുമ്പിൽ വന്നതെന്നു പറഞ്ഞു. അന്നുവരെയും അങ്ങനെയൊരു പേരുപോലും ഞാൻ കേട്ടിട്ടില്ലായിരുന്നു. ചിലപ്പോൾ പഠിപ്പിക്കാൻ വന്ന പുതിയ സിസ്റ്റേഴ്സ് ആയിരിക്കുമെന്ന് ഞാൻ വിചാരിച്ചു. കുറെ സമയം സംസാരിച്ചു. എന്റെ മനസ്സിന് വലിയ ആശ്വാസമായി. രാവിലെ ഞാൻ ഉറക്കത്തിൽ നിന്ന് ഉണർന്നപ്പോളാണ് മനസ്സിലായത്, ഞാൻ കണ്ടത് സ്വപ്നമായിരുന്നെന്നും ഞാൻ വർഷങ്ങൾക്കു മുമ്പാണ് ആ സ്കൂളിൽ പഠിച്ചതെന്നും, ഇന്നു ഞാൻ എഞ്ചിനീയറിങ് രണ്ടാം വർഷമാണെന്നും. ഞാൻ ഓടിയെഴുന്നേറ്റ് എന്റെ മമ്മിയോട് ഈ സ്വപ്നത്തെക്കുറിച്ച് പറഞ്ഞു. മമ്മി ഉടനെ ചെന്ന് കരുണക്കൊന്തയുടെ ഒരു പുസ്തകം എടുത്തു. അതിന്റെ പുറകിലുള്ള ഫോട്ടോ കാണിച്ചിട്ട് ചോദിച്ചു, ഈ ഫോട്ടോയിൽ കാണുന്ന സിസ്റ്ററിനെയാണോ കണ്ടതെന്ന്. എനിക്ക് അത്ഭുതമായി. ഞാൻ സ്വപ്നം കണ്ട സിസ്റ്റർ തന്നെയായിരുന്നു അത്. ഇത് വിശുദ്ധ മരിയ ഫൗസ്റ്റീനയാണെന്ന് മമ്മിയെനിക്ക് പറഞ്ഞുതന്നു. മമ്മി എന്നും മക്കൾക്ക് വേണ്ടി കരുണക്കൊന്ത ചൊല്ലാറുണ്ടെന്നും പറഞ്ഞു. ഞാൻ പേരുപോലും കേട്ടിട്ടില്ലാത്ത ഒരു വിശുദ്ധ എന്റെ അടുത്തേക്ക് വന്നുവെന്ന് അപ്പോൾ എനിക്ക് മനസ്സിലായി .. ദൈവത്തിന്റെ ശക്തമായ സ്നേഹം എനിക്കപ്പോൾ മനസ്സിലാക്കുവാൻ സാധിച്ചു.

സ്നേഹമുള്ളവരേ, നാം എത്ര ബലഹീനരോ, വിഷമത്തിലോ ആണെങ്കിലും എല്ലാം ക്രിസ്തുവിൽ സമർപ്പിച്ചുകൊണ്ടിരിക്കണം. അപ്പോഴാണ് ഈശോയ്ക്ക് അവിടുത്തെ സ്നേഹവും, സഹവാസവും പ്രകടമാക്കുവാൻ സാധിക്കുന്നത്. ഒറ്റയ്ക്കു കരയാതെ ഈശോയോട് കരയുക. തീർച്ചയായും ആ കണ്ണീർ ഈശോ തുടയ്ക്കും ■

ഡോ. സ്മിതി സനൽ ജോർജ് MD



# ഹാറ്റ്സ് ഓഫ് ഹൈവേ പൊലീസ്

ഓപ്പറേഷനുള്ള ദിവസമായിരുന്നു അത്. ഒൻപതുമണിയോടെ ഞാൻ വീട്ടിൽ നിന്നിറങ്ങി. അങ്കമാലിയിൽ നിന്ന് പോട്ട ധന്യ മിഷൻ ഹോസ്പിറ്റലിലേക്ക് കാറിലെത്താൻ സധാരണ 20 മിനിറ്റാണ് വേണ്ടത്. നല്ല നാലു വരിപ്പാത. വലിയ തടസ്സങ്ങളില്ലാത്തതിനാൽ ഒൻപതരയ്ക്ക് തുടങ്ങേണ്ട ഓപ്പറേഷന് സമയത്തെത്തുമെന്നുറപ്പ്. പതിവുപോലെ സുഗമമായ യാത്ര. എന്നാൽ പോട്ട ജംക്ഷനു മുൻപായി ഇടതുവശത്തുകൂടി വന്ന ഒരു സൈലോ കാർ എന്റെ കാറിനെ ഇടിച്ചു കടന്നുപോയി. ആഘാതത്തിൽ എന്റെ കാർ വല്ലാതെ ഉലഞ്ഞു. ഞാൻ ഞെട്ടിത്തരിച്ചുപോയെങ്കിലും അപകടമൊന്നും പറ്റാതെ ട്രാക്കിൽതന്നെ വണ്ടി നിയന്ത്രിച്ചു നിർത്തി. നൂറുകിലോമീറ്റർ വേഗമെങ്കിലും ഉണ്ടായിരുന്ന സൈലോ വേഗം കുറയ്ക്കുക പോലും ചെയ്യാതെ വിട്ടുപോയി. എന്റെ കാറിനു ചില തകരാറുകൾ പറ്റിയിരുന്നു. അമിത വേഗത്തിലെത്തി എന്റെ കാറിലിടിച്ച് മര്യാദയുടെ ഒരു കണികപോലും ഇല്ലാതെ കടന്നുകളഞ്ഞ അവരെ പിന്തുടർന്ന് പിടിക്കാനാണ് ആദ്യം തോന്നിയത്. പക്ഷേ, സമയം 9.20 ആയിരുന്നു. ഓപ്പറേഷനുള്ള പേഷ്യന്റ് ഇപ്പോൾ അനസ്തീഷ്യയിലായിട്ടുണ്ടാകും. എനിക്ക് സമയം കളയാനില്ല. മാത്രമല്ല, സൈലോയിൽ നാലഞ്ച് പുരുഷൻമാരാണുള്ളത്. പിടികൂടിയാലും എനിക്ക് ഒന്നും ചെയ്യാനാകില്ല. ഞാനൊരു സ്ത്രീയാണെന്ന് അവരും കണ്ടിട്ടുണ്ടാകും. അതാകും ധൈര്യപൂർവം നിർത്താതെ പോയത്. അപ്പോഴാണ് ഫോണിൽ ഹൈവേ പൊലീസിന്റെ നമ്പർ സേവ് ചെയ്തിട്ടുണ്ട് എന്നോർത്തത്. ഉടൻ അവരെ വിളിച്ചു കാര്യം പറഞ്ഞു. ചുവന്ന സൈലോയാണ്, അടുത്തുള്ള ടോളിൽ പിടികൂടാൻ കഴിഞ്ഞേക്കുമെന്നും ഞാൻ പറഞ്ഞു.

ഞാൻ സമയത്ത് ആശുപത്രിയിലെത്തി ഓപ്പറേഷൻ തുടങ്ങി. ഞാൻ പ്രതീക്ഷിച്ചതുപോലെ പത്തുമിനിറ്റിനുള്ളിൽ പൊലീസ് വിളിച്ചു. "മാഡം ആ വണ്ടി പിടിച്ചിട്ടുണ്ട്. എന്തു ചെയ്യണം" ഓഫീസർ ചോദിച്ചു. സത്യത്തിൽ നഷ്ടപരിഹാരം വാങ്ങാനോ അവരെ ക്രൂരമായി ശിക്ഷിക്കാനോ ആയിരുന്നില്ല എന്റെ ഉദ്ദേശ്യം. ഏതു തെറ്റുംചെയ്തിട്ട് കൂസലില്ലാതെ, പൊടിയുംതട്ടി പൊയ്ക്കളയാമെന്ന മനോഭാവത്തിന് മറുപടി കൊടുക്കാനായിരുന്നു ഞാൻ പരാതി നൽകിയത്. പിടിക്കപ്പെടുമെന്ന് അവർ ഒരിക്കലും വിചാരിച്ചിട്ടുണ്ടാകില്ല. ഒരു പെറ്റി കേസ് ചാർജ് ചെയ്തിട്ട് അവരെ വിട്ടയയ്ക്കാം എന്ന് ഞാൻ പറഞ്ഞു.

സത്യത്തിൽ ഹൈവേ പൊലീസിനോട് വലിയ ബഹുമാനവും അവരെക്കുറിച്ച് അഭിമാനവും തോന്നിയ സമയമായിരുന്നു അത്. പലപ്പോഴും പൊലീസിനോട് പരാതിപ്പെട്ടിട്ട് കാര്യമില്ല, അവർ ഒന്നും ചെയ്യില്ല എന്ന വിചാരമാണ് പലർക്കും. അതിനാൽ പലപ്പോഴും കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാറില്ല. പക്ഷേ, നമ്മുടെ ഭാഗത്തുനിന്ന് ചെയ്യേണ്ടത് ചെയ്താൽ നീതി നടപ്പായിക്കിട്ടും എന്നാണ് ഈ സംഭവത്തിൽ നിന്ന് എനിക്ക് മനസ്സിലായത്. നമ്മൾ ചെയ്യേണ്ടത് ചെയ്യാതെ വ്യവസ്ഥിതിയെ കുറ്റപ്പെടുത്തുന്നതിൽ അർഥമില്ല. മറ്റൊന്ന്, പരാതിപ്പെട്ട് നടപടിയുണ്ടായാലും നമുക്ക് കുറ്റക്കാരെ നന്നാക്കാൻ കഴിയില്ല എന്ന തോന്നലാണ്. പക്ഷേ, തെറ്റിന്റെ അനന്തരഫലം പലകുറി അനുഭവിക്കുമ്പോൾ അയാൾ തിരിച്ചുചിന്തിക്കും എന്നതാണ് ശരി. എം.ബി.ബി.എസ്. ഒന്നാം വർഷം എലിയെ വച്ച് ഒരു പരീക്ഷണം നടത്താറുണ്ട്. എലിയുടെ വഴിയിൽ വൈദ്യുതിയുള്ള കമ്പി വയ്ക്കും. ആദ്യം രണ്ടുമൂന്നുതവണ എലിക്ക് ഷോക്കേൽക്കും. പിന്നീട് ആ കമ്പി കാണുമ്പോൾ അതിൽ സ്പർശിക്കാതിരിക്കാൻ എലി ശ്രദ്ധിക്കും. എലിയുടെ വളരെ ചെറിയ തലച്ചോറിനെ വരെ ഇത്തരത്തിൽ ട്രെയിൻ ചെയ്യാമെങ്കിൽ മനുഷ്യന്റെ തലച്ചോറിനെ തീർച്ചയായും പഠിപ്പിക്കാൻ കഴിയും. അതിനാൽ ശരിയായ മാർഗത്തിൽ പ്രതികരിക്കാനുള്ള കാര്യപ്രാപ്തി നാം വളർത്തിയെടുക്കുകയാണ് വേണ്ടത് ■

*പോട്ട ധന്യ മിഷൻ ഹോസ്പിറ്റലിൽ സീനിയർ ഗൈനക്കോളജിസ്റ്റ് ആണ് ലേഖിക.*



# കലപില

അരുൺ ആന്റണി





## ഇമ്മാനുവൽ – ദൈവം നമ്മോടുകൂടെ

ഈ സിനിമയെ അത്ഭുതം എന്നൊന്നും വിശേഷിപ്പിക്കുന്നില്ല. പക്ഷേ, ഇത് എന്തൊക്കെയോ ആണ്. ഇതിൽ നന്മയുണ്ട്. ഒരു നല്ലകുടുംബത്തിന്റെയും വ്യക്തിയുടെയും കഥയുണ്ട്. അതിലുപരി കയ്പുള്ള പല സത്യങ്ങളുമുണ്ട്. ലാഭം മാത്രംലക്ഷ്യംവച്ച് കുതിക്കുന്ന കോർപറേറ്റ് ലോകത്ത് പ്രകാശം പരത്താൻശ്രമിക്കുന്ന ഇമ്മാനുവൽ എന്ന സാധാരണക്കാരന്റെ കഥയാണ് ലാൽ ജോസ് പറയുന്നത്.

സേവനവും പ്രതിബദ്ധതയും പരസ്യവാചകങ്ങളിൽ മാത്രം ഒതുക്കുന്ന കോർപറേറ്റ് കമ്പനികളുടെ യഥാർഥ ചിത്രം സിനിമവരച്ചുകാട്ടുന്നു. ദൈവത്തെയും സഹജീവികളെയും മറന്ന് പ്രശസ്തിക്കും ലാഭത്തിനും വേണ്ടിമാത്രം ജീവിക്കുന്നവരുടെ ഇടയിൽ ഇമ്മാനുവൽ കൂടുതൽ പ്രസക്തനാവുകയാണ്. ദൈവംതന്നതുകൊണ്ട് തൃപ്തിപ്പെടാനും സഹജീവികളെ സ്നേഹിക്കാനും അവരുടെ വേദന കാണുവാനും ഇമ്മാനുവൽ തന്റെ ജീവിതത്തിലൂടെ പഠിപ്പിക്കുന്നു. അസത്യത്തിനും അധാർമികതയ്ക്കുമെതിരെ നിലകൊള്ളുന്ന ഇമ്മാനുവൽ പലപ്പോഴും അക്ഷരാർഥത്തിൽ 'ഇമ്മാനുവൽ' ആകുന്നു.

"എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കുക, തന്നെപ്പോലെതന്നെ അയൽക്കാരനെയും" ക്രിസ്തുവിന്റെ ഈ വാക്കുകൾ സിനിമയിൽ പലയിടത്തും പറയാതെ പറയുന്നു. എക്കാലത്തും ഓർമിക്കപ്പെടുന്ന ഒരു സിനിമ എന്ന് ഇതിനെപ്പറ്റി പറയാൻ ധൈര്യമില്ലെങ്കിലും ഇമ്മാനുവൽ വിളിച്ചുപറയുന്ന സത്യങ്ങൾ ഇക്കാലത്തെ ഒന്നു ചിന്തിപ്പിച്ചിരുന്നെങ്കിൽ എന്ന് ആത്മാർഥമായി ആഗ്രഹിച്ചുപോകുകയാണ് ■





## THE POPE AND THE CEO

വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ സ്വിസ് ഗാർഡ് അംഗമായിരുന്ന ആഡ്രിയാസ് വിഡ്മെർ എഴുതിയ പുസ്തകം. മാർപാപ്പയുടെ കീഴിൽ സേവനം ചെയ്യവേ, അദ്ദേഹത്തിൽനിന്നു പഠിച്ച നേതൃത്വഗുണങ്ങളെയും വിശ്വാസമൂല്യങ്ങളെയുംപറ്റി ഈ പുസ്തകം സംസാരിക്കുന്നു. ജോൺപോൾ മാർപാപ്പയുടെ നേതൃഗുണങ്ങൾ പിന്നീട് സ്വന്തം ജീവിതത്തിലും പ്രത്യേകിച്ച് ഒരുകമ്പനിയുടെ സി.ഇ.ഒ. എന്ന നിലയിലും എങ്ങനെ സഹായകമായെന്ന് വിഡ്മെർ വിശദമാക്കുന്നു.

കുടുംബത്തിലോ സഭയിലോ കലാലയങ്ങളിലോ ജോലിസ്ഥലത്തോ ഒക്കെ പലതരത്തിൽ നാം നേതൃത്വത്തിലേക്ക് നയിക്കപ്പെടുന്നു. ആധുനിക ലോകസാഹചര്യങ്ങളിൽ നിന്ന് വിശുദ്ധി നിറഞ്ഞ ഒരു നേതൃത്വത്തിലേക്ക് നടന്നുകയറിയ ഒരുത്തമ നേതാവിന്റെ ജീവിതം ഈ പുസ്തകത്തിൽ തെളിഞ്ഞുകാണാം. അതുകൊണ്ടുതന്നെ നമ്മുടെ വിശ്വാസജീവിതത്തിൽ ഈ പുസ്തകം വലിയൊരുമുതൽക്കൂട്ടായിരിക്കും. സെന്റ് പോൾസ് ആണ് പ്രസാധകർ. THE POPE AND THE CEO പ്രമുഖ ബുക്ക് സ്റ്റാളുകളിൽ ലഭിക്കും ■

ഡോ. സൂസി ജോസ്



# വെറുപ്പിന് ഇടമില്ല

എന്റെ ഒരു അധ്യാപികയെ ലോകത്തിൽ മറ്റെന്തിനേക്കാളുമധികമായി ഞാൻ വെറുക്കുന്നു. അവരെ കൊന്നുകളയണം എന്നുപോലും എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. എന്നാൽ എന്റെ സഹപാഠികളിൽ വളരെയധികം പേർക്ക് അവരെ ഇഷ്ടമാണെന്ന് ഞാൻ കരുതുന്നു. കോഴ്സ് തീരാറായി വരുന്ന ഈ അവസരത്തിൽ പല കൂട്ടുകാരും ഗുരുത്വത്തെക്കുറിച്ചൊക്കെ സംസാരിക്കുന്നത് ഞാൻ കേൾക്കാനിടയായി. ഇവരോടുള്ള വെറുപ്പ് എന്റെ ഭാവി ജീവിതത്തിന് ഒരു ഭീഷണിയായിത്തീരുമോ എന്നൊരു ഭയാശങ്ക എന്നെ വല്ലാതെ അലട്ടുന്നു. ചേച്ചി എന്നെ ഒന്നു സഹായിക്കുമോ?



മോന്റെ പ്രശ്നം ഈ ഒരധ്യാപികയെ വെറുത്ത് വെറുത്ത് അവരെ ഇല്ലാതാക്കാനുള്ള മനസ്ഥിതിയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു എന്നതാണല്ലോ? ഒന്നു നാം മനസ്സിലാക്കണം ഒരു ശ്രേഷ്ഠനായ അധ്യാപകനും തന്റെ ശിഷ്യഗണത്തിന്റെ നാശം ആഗ്രഹിക്കുന്നില്ല. (എല്ലാവരും ശ്രേഷ്ഠരാവണമെന്നില്ല എന്നവസ്തുത മറക്കുന്നില്ല) തന്റെ സമയവും അറിവും, ആരോഗ്യവും കഴിവുകളും ചിന്താശക്തിയുമെല്ലാംതന്നെ ശിഷ്യഗണത്തിന്റെ ഉന്നമനത്തിനായി വിനയോഗിക്കുകയാണ് ഓരോ ഗുരുവും. താൻ ചെയ്യുന്ന ജോലിക്ക് പ്രതിഫലം പറ്റുന്നുണ്ടെങ്കിൽ പോലും അതിലുമുപരിയായി എത്രയോ മടങ്ങ് പ്രയത്നമാണ് ഓരോ കുട്ടിയുടെയും സമഗ്രവികസനത്തിനായി അവർ ചെലവഴിക്കുന്നത്. ഈയൊരു വ്യക്തിത്വവിജ്ഞാന വികസന പ്രക്രിയയിൽ ഒരു പക്ഷേ ചെറിയ പിഴവുകളും വന്നുപോയേക്കാം. അതു ചിലപ്പോൾ എന്നെയോ നിങ്ങളെയോ രൂപാന്തരപ്പെടുത്താനുള്ള ശ്രമത്തിനിടയിൽ സംഭവിച്ചുപോയതാണെന്നുംവരാം.

പാത്രമറിഞ്ഞേ വിളമ്പാവൂ എന്നൊരു ചൊല്ലുണ്ട്. വിളമ്പുന്നവനും അതിനേക്കാളുപരി ഭക്ഷിക്കുന്നവനും സ്വീകാര്യമായതുമാത്രം നല്കാൻ കഴിഞ്ഞാൽ അതാണ് ഏറ്റവും അഭികാമ്യം. ഭക്ഷിക്കുന്നവന് അതൃപ്തിക്ക് കാരണമാകുന്നത് എത്ര രുചികരമായി ഉണ്ടാക്കി എത്രമാത്രം സ്നേഹത്തോടെ വിളമ്പിയാലും അത് അജീർണമുണ്ടാക്കാനേ ഉപകരിക്കൂ. അതായിരിക്കാം നിങ്ങളുടെ കാര്യത്തിലും സംഭവിച്ചത്. ആ അധ്യാപികയുടെ വ്യക്തിത്വത്തിലെ ഏതെങ്കിലും അംശങ്ങളോ, അവരുടെ ശീലങ്ങളോ പെരുമാറ്റത്തിലെ പാകപ്പിഴകളോ മോന് അതൃപ്തി ഉണ്ടാക്കിയിട്ടുണ്ടാവണം. വീണ്ടും വീണ്ടും അവരുമായി ഇടപഴകാൻ മോൻ നിർബന്ധിതനായി തീർന്നപ്പോഴെല്ലാം ചെറിയൊരു കരടായി കിടന്ന ആ വിദ്വേഷം മലപോലെയായിതീർന്നു എന്നു മാത്രം. മോന്റെ വ്യക്തിത്വത്തിനും അഭിരുചിക്കും ആസ്വാദ്യകരമായതുമാത്രം വിളമ്പാൻ അവർക്കായില്ല. എപ്പോഴും അത് സംഭവ്യമായെന്നും വരില്ല. വ്യത്യസ്തമായ ഇഷ്ടാനിഷ്ടങ്ങൾ ഉള്ള ഒരു ഗ്രൂപ്പിനെ ഒരുമിച്ച് അഭിമുഖീകരിക്കുമ്പോൾ പൊതുവായ നന്മയ്ക്കുതകുന്ന മൂല്യങ്ങളേ പകർന്നുനൽകാനാവൂ. ഈ യാഥാർഥ്യം അംഗീകരിക്കാൻ മനസ്സിനെ പാകപ്പെടുത്തി എടുക്കണം. നമ്മുടെ ഉള്ളിലെ പൈശാചിക പ്രവണതകൾക്ക് നാം സ്വയം കടിഞ്ഞാണിട്ടേ മതിയാവൂ. ആ അധ്യാപികയിൽ കുറെയെങ്കിലും നന്മയുണ്ടെന്ന് അംഗീകരിക്കുക. അതാണല്ലോ അവരെ കുറേ കുട്ടികൾ ഇഷ്ടപ്പെടുന്നത്. നമുക്ക് ഇഷ്ടമില്ലാത്തതെല്ലാം മോശമാണെന്നും അതിനെ ഇല്ലാതാക്കണമെന്നും ഉള്ള ചിന്ത ഹീനമാണ്. പരിശുദ്ധാരൂപിക്ക് എതിരായ വലിയ തിന്മതന്നെയാണ്. അത് മനസ്സിലാക്കി അതിൽ നിന്നും മോചനം നേടാൻ ശക്തമായി പ്രാർഥിക്കുക. അധ്യാപികയോട് തുറന്ന് സംസാരിക്കാൻ അവസരം ഉണ്ടെങ്കിൽ അങ്ങനെചെയ്ത് തെറ്റിദ്ധാരണകൾ അകറ്റണം. തുറവിയുള്ള ഒരു മനസ്സും ക്ഷമിക്കാനും മനസ്സിലാക്കാനുമുള്ള വിവേകവും അധ്യാപികയ്ക്ക് ഉണ്ടാകും. അവരൊരിക്കലും മോനെ ശപിക്കുകയോ സർവനാശത്തിലേക്ക് തള്ളിവിടുകയോ ചെയ്യില്ല. മോനും അവർക്കും വേണ്ടി നിരന്തരം പ്രാർഥിക്കുന്നത് ശീലമാക്കുക. വിശുദ്ധ ഫ്രാൻസീസ് അസ്സീസിയോട് ചേർന്ന് നമുക്കും പ്രാർഥിക്കാം.

"കർത്താവേ എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ" ■

*സസ്നേഹം, സൂസിചേച്ചി*



# വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ

## ഏറ്റവും ക്രൂരതയുള്ള വാഹന ഉടമകൾ ഇവിടെയാണ്!

ഏതാനും വർഷം മുൻപ് ആസ്ട്രേലിയയിൽ നിന്നും ഒരു പോലീസ് ഉദ്യോഗസ്ഥൻ കേരളത്തിലെത്തി. ട്രാഫിക്ക് സുരക്ഷാപഠനത്തിനായിരുന്നു അദ്ദേഹം എത്തിച്ചേർന്നത്. കൊച്ചിയിൽനിന്നും തിരുവനന്തപുരം വരെ യാത്രചെയ്തതിനുശേഷവും ജീവൻ അവശേഷിച്ചതിൽ അദ്ദേഹം അത്ഭുതം കൂറി. മറ്റൊരു വാഹനത്തിന്റെ പുറകെ പോകാൻ ഇവിടെ എന്തിനാണ് ആൾക്കാർ മടിക്കുന്നതെന്ന് അദ്ദേഹം ചോദിച്ചു. അതുപോലെ തന്നെ റോഡു മുറിച്ചു കടക്കുന്നവർക്കായി വാഹനം നിർത്തിക്കൊടുക്കാനും വാഹന ഉടമകൾ മടി കാണിക്കുന്നതും അദ്ദേഹത്തെ അതിശയപ്പെടുത്തി (മലയാള മനോരമ, മാർച്ച് 28).

ഈ സംഭവം പങ്കുവച്ചത് മുൻ ഡി.ഐ.ജി. ജേക്കബ് പുന്നൂസാണ്. ജനങ്ങൾക്കു റോഡു മുറിച്ചുകടക്കാൻ അടയാളപ്പെടുത്തിയിരിക്കുന്ന സ്ഥലത്തുപോലും പല വാഹന ഉടമകളും സ്പീഡ് കുറയ്ക്കുന്നില്ല. പലരും ജീവനുംകൊണ്ട് ഓടി രക്ഷപ്പെടുകയാണ്. വിദേശ രാജ്യങ്ങളിൽ കുഞ്ഞുങ്ങളോ വൃദ്ധരോ റോഡു മുറിച്ചു കടക്കുന്നതു കണ്ടാൽ വാഹന ഉടമകൾ അവർ കടന്നുപോകുന്നതുവരെ വാഹനം നിർത്തിക്കൊടുത്തിരിക്കും. കേരളത്തിൽ 'ജീവൻ വേണമെങ്കിൽ ഓടിക്കോ, അല്ലെങ്കിൽ ഇടിച്ചു തെറിപ്പിക്കും' എന്ന മട്ടിലാണ് വാഹനത്തിന്റെ വരവ്. കാൽനടയാത്രക്കാർക്ക് യാതൊരു പരിഗണനയും വാഹന ഉടമകൾ കൊടുക്കുന്നില്ല. പലരും വാഹനമോടിക്കുന്നതു കണ്ടാൽ തോന്നും റോഡ് തങ്ങൾക്കുവേണ്ടി മാത്രം സംവരണം ചെയ്തതാണെന്ന്.

കഴിഞ്ഞ 12 വർഷത്തിനുള്ളിൽ കേരളത്തിൽ നടന്ന വാഹന അപകടങ്ങളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം അൻപതിനായിരത്തോളമാണ്. ശരാശരി നാലായിരത്തോളം പേർ ഓരോ വർഷവും കേരളത്തിൽ മരണപ്പെടുന്നു. ലോകത്ത് മറ്റെവിടെയെങ്കിലും ഇത്രയും പേർ വാഹനാപകടങ്ങളിൽ മൃതിയടയുന്നത് ഇതുവരെ കേൾക്കാൻ കഴിഞ്ഞിട്ടില്ല. ഏതാനും വർഷം കൊണ്ട് 50,000-ത്തോളം പേർ മരിച്ചുപോയ ഒരു സംഗതിയെ എത്ര ലാഘവത്തോടെയാണ് നാം കൈകാര്യം ചെയ്യുന്നത്. ഇത്രയും വലിയ പ്രശ്നമായിട്ടും അതിന്റേതായ ഗൗരവത്തിൽ നേരിടാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അരലക്ഷം പേരുടെ മരണം യൂറോപ്പിലോ അമേരിക്കയിലോ മറ്റോ ആയിരുന്നെങ്കിൽ അതീവ ഗൗരവത്തോടെ ഇതിനെക്കുറിച്ചുള്ള ചർച്ചകളും നടപടിയും അവിടെ ഉണ്ടാകുമായിരുന്നു. താൻ മുടക്കിയ മുതലിന്റെ പേരിൽ കാൽനട യാത്രക്കാരന്റെ അവകാശങ്ങൾ ഹനിക്കുന്ന കേരളത്തിലെ ചില വാഹന ഉടമകളുടെ ധാർഷ്ട്യം വച്ചു പൊറുപ്പിക്കാൻ പാടില്ലാത്തതാണ്.

60 ലക്ഷം ഭവനങ്ങളും 70 ലക്ഷം വാഹനങ്ങളും എന്നതാണ് കേരളത്തിലെ ഇന്നത്തെ കണക്ക്. റോഡിനുൾക്കൊള്ളാൻ കഴിയുന്നതിന്റെ പത്തിരട്ടി വാഹനങ്ങൾ. പുതിയ റോഡ് ഉണ്ടാക്കാനോ ഉള്ളതു വീതി കൂട്ടാനോ ഇവിടെയാരും സമ്മതിക്കുന്നുമില്ല. ഇതിനിടയിൽ വാഹന ഉടമകളുടെ തേർവാഴ്ചയും. ഓടി രക്ഷപെടാൻപോലും നിവൃത്തിയില്ലാത്ത കുഞ്ഞുങ്ങളും വൃദ്ധരും മരണത്തെ പുൽകുകയല്ലാതെ മറ്റെന്തു ചെയ്യും?

## അമേരിക്കയിലെ ജനപ്രിയ സീരിയൽ എന്താണ്?

അതിമാനുഷിക കഥകളും പരമ്പരകളും അരങ്ങുവാണിരുന്ന അമേരിക്കൻ ടിവിയിൽ ഇപ്പോൾ ഏറ്റവും കൂടുതൽ ജനപ്രിയമായിക്കൊണ്ടിരിക്കുന്നത് ബൈബിൾ പരമ്പരയാണ് (മലയാള മനോരമ മാർച്ച് 28). എന്തുകൊണ്ടാണ് ഇങ്ങനെയൊരു മാറ്റം ഉണ്ടായതെന്നതിന് പ്രത്യക്ഷത്തിൽ ഉത്തരമൊന്നുമില്ല. ചരിത്രത്തിലെ ഒര നിവാര്യതയായി ഇതിനെ കണക്കാക്കാവുന്നതാണ്. മറ്റൊരു പ്രധാന സംഗതി 1950-കൾക്കുശേഷം ഹോളിവുഡിൽ ബൈബിൾ സംബന്ധിയായ ഏഴു പടങ്ങൾ ഇറങ്ങാൻ പോകുന്നുവെന്നതാണ്. 2013 അവസാനത്തിലും 2014-ലുമായി ഇവ പ്രദർശനം ആരംഭിക്കും. നോഹ, ദാവീദും ഗോലിയാത്തും, മോശ, പീലാത്തോസ്, കായേനും ആബേലും, യേശുക്രിസ്തു, കന്യാമറിയം എന്നിവയാണവ.

ലോകജനതയുടെ മേൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന ഒന്നാണ് ഹോളിവുഡു സിനിമകൾ. ഏതോ ഉൾപ്രേരണയാലെന്നവണ്ണമാണ് പ്രധാന നിർമാതാക്കളൊക്കെ ബൈബിൾ കഥകൾ തെരഞ്ഞെടുത്തിരിക്കുന്നത്. ഫ്രാൻസിസ് മാർപാപ്പയുടെ തെരഞ്ഞെടുപ്പിൽ തങ്ങളുടെ വിലയിരുത്തലുകൾ തെറ്റിയതിൽ ജാള്യതയിലാണ് മാധ്യമലോകം. മനുഷ്യന്റെ കണക്കുകൂട്ടലുകൾക്കപ്പുറത്ത് മറ്റെന്തൊക്കെയോ ഉണ്ടെന്ന് ചിലർക്കെങ്കിലും ബോധം ഉദിക്കുന്നുണ്ട്. മാർപാപ്പയുടെ തെരഞ്ഞെടുപ്പിൽ വത്തിക്കാനിൽ തമ്പടിച്ച പതിനായിരത്തോളം മാധ്യമപ്രവർത്തകർ വിളിച്ചോതുന്നത് ലോകത്തെ ഏറ്റവും സുപ്രധാന സംഭവങ്ങളിലൊന്നായി ഇതിനെ വീക്ഷിക്കണമെന്നാണ്.

ഇതിനുംപുറമേ, ഫ്രാൻസിസ് മാർപാപ്പയുടെ നടപടികൾ സഭയെ ലോകത്തിന്റെ മൂലക്കല്ലായി മറ്റുള്ളവർ വീക്ഷിക്കാനുള്ള സാധ്യതകളും തെളിഞ്ഞുവരുന്നുണ്ട്. ദരിദ്രരുടെ പക്ഷത്തു നിലയുറപ്പിക്കേണ്ടതാണ് സഭയുടെ ദൗത്യമെന്ന ആശയംതന്നെ ലോകത്തിന്റെ ഗതിയെ മാറ്റിമറിക്കാൻ പര്യാപ്തമാണ്.

ചുരുക്കത്തിൽ, എല്ലാം കൂടി കൂട്ടിവായിക്കുമ്പോൾ ദൈവരാജ്യമെന്ന യാഥാർഥ്യത്തിലേക്ക്ലോകംമെല്ലെനടന്നടുക്കുകയാണെന്നു തോന്നാം. ക്രിസ്തുവിന്റെ പ്രതിപുരുഷനായ പോപ്പ് കേന്ദ്രീകൃതമായ ഒരു വ്യവസ്ഥിതിക്കുവേണ്ടി ഭൂമി ദാഹിക്കുന്നുണ്ടോ? മനുഷ്യന്റെ പരിമിതമായ അറിവിന്റെയപ്പുറത്ത് ദൈവം തന്റെ വഴികൾ ക്രമപ്പെടുത്തിക്കൊള്ളും. ഇതു തിരിച്ചറിയാനുള്ള ജ്ഞാനത്തിനുവേണ്ടിയാകട്ടെ ഇനി നമ്മുടെ പ്രാർഥനകളെല്ലാം.

## എന്തിനാണ് തമിഴ്നാട്ടിലെ എഞ്ചിനീയറിങ് കോളജുകളിലേക്ക് നാം കുട്ടികളെ വിടുന്നത്?

തമിഴ്നാട് നാമക്കലിലുള്ള എഞ്ചിനീയറിങ് കോളജിൽ പുതിയ കുട്ടികൾക്കു പ്രവേശനം നൽകിയപ്പോഴുള്ള കമ്മീഷനെ സംബന്ധിച്ച തർക്കത്തിൽ ബൈക്കിൽ കാറിടിപ്പിച്ച് ഒരു വിദ്യാർഥി മരണപ്പെടുകയും ഒരാൾ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ കിടക്കുകയും ചെയ്ത സംഭവം ഏപ്രിൽ ആദ്യവാരത്തിൽ എല്ലാ മാധ്യമങ്ങളും റിപ്പോർട്ടു ചെയ്യുകയുണ്ടായി. സീനിയേഴ്സ് ആയ ഏഴു വിദ്യാർഥികൾ അതിന്റെ പേരിൽ കൊലക്കുറ്റത്തിനു അറസ്റ്റിലായിരിക്കുന്നു. എല്ലാവരും മലയാളികൾ. മിക്കവരും 20 വയസ്സിനു താഴെ പ്രായമുള്ളവരും. ഈ സംഭവത്തിൽ അതിശയോക്തിയില്ല. കുറെ വർഷങ്ങളായി സേലം, കോയമ്പത്തൂർ, നാമക്കൽ ദേശങ്ങളിലുള്ള നൂറുകണക്കിനു എഞ്ചിനീയറിങ് കോളജുകളിലെ സ്ഥിതി ഇങ്ങനെയൊക്കെയാണ്. സേലം റെയിൽവേ സ്റ്റേഷനിൽ ഏതാനും ദിവസം ചെലവഴിക്കുകയോ അല്ലെങ്കിൽ അന്നാട്ടുകാരോട് മലയാളി വിദ്യാർഥികളുടെ മറുനാടൻ വാഴ്ചയെക്കുറിച്ച് അന്വേഷിക്കുകയോ ചെയ്താൽ 'നിർമലരും നിർദോഷികളും വാത്സല്യഭാജനങ്ങളുമായ' മലയാളി പുത്രീപുത്രന്മാരുടെ തനിസ്വഭാവം എന്തെന്ന് പ്രത്യക്ഷമാക്കിത്തരും.

കോളജുകൾ തമ്മിലുള്ള കുടിപ്പകയും ഗ്യാങുകളുടെ തേർവാഴ്ചയ്ക്കുമിടയിൽ കിടന്ന് വെന്തുരുകയാണ് മിക്ക കുട്ടികളും. മയക്കുമരുന്നിനും മദ്യപാനത്തിനും വ്യഭിചാരത്തിനും അടിപ്പെട്ട അനേകം കുട്ടികളെ നമുക്കു കാണാൻ കഴിയും. ക്വൊട്ടേഷൻ ടീം രൂപീകരിച്ചു പ്രവർത്തിക്കുകയോ അതിൽ അംഗമാവുകയോ ചെയ്തവർ ഒട്ടനവധി അവിടെയുണ്ട്. മദ്യപിക്കാനും മയക്കുമരുന്നുപയോഗിക്കാനും മൃഷ്ടാന്ന ഭോജനം കഴിക്കാനും ധാരാളം പണം വേണം. ഇതിനുവേണ്ടിയുള്ള ഭീകരമായ പടപ്പുറപ്പാടിൽ മരണകരമായ സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കും.

നിയമം നിലവിലുണ്ടെങ്കിലും അതിക്രൂരമായ റാഗിങ്ങാണ് ജൂനിയർ വിദ്യാർഥികൾ പലപ്പോഴും അനുഭവിക്കേണ്ടിവരുന്നത്. പലരുടെയും ജീവൻ കഷ്ടിച്ച് കിട്ടുന്നുവെന്നേയുള്ളൂ. ചിലപ്പോൾ സേലത്തുനിന്നും പാലക്കാട്ടുവരെയുള്ള ട്രെയിൻ യാത്രയിൽ ഇതു നേരിട്ടു കാണാൻ കഴിയും. പെൺകുട്ടികളെയും ജൂനിയർ വിദ്യാർഥികളെയും മയക്കിയും ഭീഷണിപ്പെടുത്തിയും പണം തട്ടുന്ന വലിയൊരു സംഘം വിദ്യാർഥികൾ അവിടെയുണ്ട്. ഇതിനും പുറമേയാണ് നാട്ടിൽ നിന്നും വിദ്യാർഥികളെ കോളജിൽ പ്രവേശനം നൽകി കമ്മീഷൻ മേടിച്ച് സുഖജീവിതം നയിക്കുന്നവരുമുള്ളത്.

ഇവരാണത്രേ നാളെ രാജ്യം മുന്നോട്ടു നയിക്കാനുള്ള ഭാവി പൗരന്മാർ? കേരളത്തിൽ ആയിരക്കണക്കിന് സീറ്റുകൾ എഞ്ചിനീയറിങ്ങിന് ഒഴിവായി കിടക്കുന്നു. പരമാവധി ഇവിടെത്തന്നെ കുട്ടികൾ പഠിക്കട്ടെ.

ഇളംപ്രായത്തിൽത്തന്നെ തമ്മിൽത്തല്ലി പകതീർക്കുകയും മദ്യത്തിനും മയക്കുമരുന്നിനും വ്യഭിചാരത്തിനും ക്വൊട്ടേഷൻ പ്രവർത്തനത്തിനും ഇരയാകുകയും ചെയ്യുന്ന ഒരു സാഹചര്യത്തിലേക്ക് ഇനിയും കുട്ടികളെ പറഞ്ഞയയ്ക്കാതിരിക്കുക. എഞ്ചിനീയറിങ് ബിരുദക്കാർക്ക് തൊഴിൽ സാധ്യത ഇപ്പോൾ വളരെ കുറഞ്ഞിരിക്കുന്നുവെന്നും മനസ്സിലാക്കുക.

ഒരു കുട്ടി ഏതൊരു കോഴ്സിനു ചേരും മുൻപ് നിർബന്ധമായും ഒരു ധ്യാനത്തിൽ പങ്കെടുത്തിരിക്കണം. അവധിക്കാലത്ത് എൻട്രൻസ് കോച്ചിങ്ങിനായി പരക്കം പായുന്നവർ നാലോ അഞ്ചോ ദിവസത്തെ ധ്യാനത്തിനു വിടാൻ മടി കാണിക്കുന്നതു കാണാം. ഇക്കാലത്ത് നന്മതിന്മകളെ തിരിച്ചറിയാനുള്ള ഒരു വഴി ധ്യാനം മാത്രമാണെന്ന് പറഞ്ഞാൽ അതിന് അത്ഭുതമില്ല.

തമിഴ്നാട്ടിലെ പല എഞ്ചിനീയറിങ് സ്ഥാപനങ്ങളിലെയും ഇന്നത്തെ സ്ഥിതി വളരെ ഗുരുതരമാണ്. പെട്ടുപോയതുകൊണ്ട് പലരുമിത് മറച്ചുവയ്ക്കുകയാണ്. അവിടെ നടമാടിക്കൊണ്ടിരിക്കുന്ന ഞെട്ടിപ്പിക്കുന്ന യാഥാർഥ്യങ്ങളെ തിരിച്ചറിഞ്ഞാൽ അവ ഉൾക്കൊള്ളാൻ കേരളീയ സമൂഹത്തിനു പറ്റുമോയെന്നു സംശയിക്കുന്നു. ജയിലിൽ ചിരകാലം കിടക്കാൻ യോഗ്യത നേടുന്നവർ ധാരാളമായി രൂപപ്പെട്ടുവരുന്നുണ്ടെന്നു സാരം ■

**അവധിക്കാലത്ത് എൻട്രൻസ് കോച്ചിങ്ങിനായി പരക്കം പായുന്നവർ നാലോ അഞ്ചോ ദിവസത്തെ ധ്യാനത്തിനു വിടാൻ മടി കാണിക്കുന്നതു കാണാം. ഇക്കാലത്ത് നന്മതിന്മകളെ തിരിച്ചറിയാനുള്ള ഒരു വഴി ധ്യാനം മാത്രമാണെന്ന് പറഞ്ഞാൽ അതിന് അത്ഭുതമില്ല**



കോഴിക്കോട് രൂപത ബിഷപ് വർഗീസ് ചക്കാലയ്ക്കലും ജീസസ് യൂത്ത് എപ്പിസ്കോപ്പൽ അഡ്വൈസർ കൂടിയായ നാഗ്പൂർ ആർച്ച് ബിഷപ് ഏബ്രഹാം വിരുതുകുളങ്ങരയും ഫ്രാൻസിസ് മാർപാപ്പയോടൊപ്പം



## ജീസസ് യൂത്തിന് കേരളത്തിൽ പുതിയ നേതൃത്വം

പുതിയ കെ.വൈ.സി.ടി. (കേരള യൂത്ത് സെൻട്രൽ ടീം)
കോ ഓർഡിനേറ്റർ: **സിൻജോ പി.കെ.** | അസി. കോഡിനേറ്റർ: **അരുൺ ആന്റണി**
ടീമംഗങ്ങൾ: **അനീഷ് കോട്ടൂർ, ബിനോയ് പള്ളിയാടി, ബിനോഷ് ജോർജ്, ഡോ. ഡിനു ആൻ ഡൊമിനിക്, ജീൻ മരിയ, ജിൻസ് ജോസഫ്, ജോയിഷ് ജോർജ്, രഹ്ന ഫ്രാൻസിസ്, .ഷാർലറ്റ് ടോം, വിനോദ് പോൾ, ജോബി തോമസ് (Ex.off)**
എൽഡേഴ്സ്: **പ്രൊഫ. ജോർജ് വി.എം., സജി ജോസഫ്**
ആനിമേറ്റേഴ്സ്: **ഫാ. ഏബ്രഹാം പള്ളിവാതുക്കൽ, ഫാ. ആനന്ദ് മണ്ണലാലിൽ, സി. ത്രേസ്യാമ്മ ഫിലിപ് FMM**

വിശ്വാസ വർഷാചരണത്തിന്റെ ഭാഗമായി ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടത്തിയ മലയാറ്റൂർ കാൽനട തീർഥാടനം. കേരളത്തിലെ സോണുകളുടെയും മിനിസ്ട്രികളുടെയും നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിലേക്ക് കാൽനട തീർഥാടനങ്ങൾ നടന്നുവരികയാണ്



# കെയ്റോസ് നൈറ്റ് വിജിൽ

ഞങ്ങളുണ്ട് നിങ്ങൾക്കായി പ്രാർഥിക്കാൻ. നിങ്ങളുടെ പ്രാർഥനാ ആവശ്യങ്ങൾ ഞങ്ങളെ അറിയിക്കൂ. മാസത്തിലെ രണ്ടാം വെള്ളിയാഴ്ചകളിൽ 6 മണി മുതൽ 12 മണി വരെ. കെയ്റോസ് വായനക്കാരെയും നേരിട്ടോ, അല്ലാതെയോ, കെയ്റോസ് വിജിലിൽ പങ്കുചേരാൻ സ്നേഹപൂർവം ക്ഷണിക്കുന്നു. വിശദാംശങ്ങൾക്കായി വിളിക്കുക. ജാൻസൺ അറയ്ക്കൽ, മൊബൈൽ: 9847538140. പ്രാർഥനാവശ്യങ്ങൾ അറിയിക്കാൻ വിളിക്കുക/ ഇ-മെയിൽ അയക്കുക: kairosnightvigil@gmail.com

## കെയ്റോസ് സുഹൃത്തുക്കൾ (FRIENDS OF KAIROS)

പതിനായിരക്കണക്കിന് യുവജനങ്ങളുടെ ജീവിതങ്ങളിൽ നന്മയുടെ ചൈതന്യം പടർത്തി, ദൈവരാജ്യത്തെ വിലപ്പെട്ട ശുശ്രൂഷകരായി അവരെ മാറ്റിത്തീർക്കുന്ന ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിലാണ് കെയ്റോസ് മാസിക പ്രസിദ്ധീകരിക്കുന്നത്. എല്ലാ മേഖലകളിലുമുള്ള യുവജന ജീവിതത്തിൽ സ്വാധീനമാകുക എന്ന ലക്ഷ്യത്തോടെയുള്ള മാധ്യമ ശുശ്രൂഷയാണിത്. ചിലവുകൾ കുതിച്ചുയരുന്ന ഇക്കാലഘട്ടത്തിൽ അനേകരുടെ കരുതലും സ്നേഹവുമാണ് കെയ്റോസിനെ വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നത്. ഇത്തരത്തിൽ കെയ്റോസ് മാസികയെ സാമ്പത്തികമായി സഹായിക്കുന്നവരുടെ കൂട്ടായ്മയാണ് കെയ്റോസ് സുഹൃത്തുക്കൾ (Friends of Kairos) എന്ന പേരിൽ അറിയപ്പെടുന്നത്. 200 രൂപാമുതൽ 500, 1000 എന്നിങ്ങനെ വിവിധ തുകകൾ നൽകി, ഓരോ മാസവും കെയ്റോസിനെ സഹായിക്കുന്നവരെ സ്നേഹത്തോടും കൃതജ്ഞതയോടും കൂടിയാണ് ഞങ്ങൾ സ്മരിക്കുന്നത്. കെയ്റോസിലൂടെ നടക്കുന്ന യുവജന ശുശ്രൂഷയെ സാമ്പത്തികമായി സഹായിക്കാൻ കെയ്റോസിന്റെ ഓരോ വായനക്കാരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

വിശദാംശങ്ങൾക്കായി ബന്ധപ്പെടുക: കെയ്റോസ്, HMT Colony P.O., എറണാകുളം - 683 503
Email: kairosmag@gmail.com Phone: 96458 69036 (ടോമി തോട്ടുങ്കൽ)

## യൂത്ത് റിട്രീറ്റ്

ആത്മീയാഘോഷത്തിന്റെ അഞ്ച് ദിനങ്ങൾ...
യുവത്വത്തിന്റെ തിളക്കമാർന്ന ജീവിതശൈലി യേശുവിൽ രൂപപ്പെടുത്താനൊരവസരം.
തിയ്യതി: മെയ് 8-ന് രാവിലെ 9.30 മുതൽ 12-ന് ഉച്ചയ്ക്ക് 2.30 വരെ

**കളമശ്ശേരി എമ്മാവൂസിൽ.** ഫീസ്: ₹ 450

**ജീസസ് യൂത്ത് കേരള ടീം** ധ്യാനം നയിക്കുന്നു. 9746423879, 9895711718, 9895371709, 0484-2555980

KAIROS Reg No: KL/CT/90/2012-14 RNI No. KERMAL/2002/12027 Licence No. KL/PMG/NR/WPP/22/KKD/2012-14 ₹15.00
Licence to post without prepayment of postage

# ഈ അവധിക്കാലം വണ്ടർലാ, ഡ്രീംവേൾഡ് തുടങ്ങിയ വാട്ടർ തീം പാർക്കുകളിൽ കൂട്ടുകാരോടൊപ്പം ആഘോഷിച്ചാലോ (സൗജന്യമായി !!!)



യുവജനങ്ങൾക്കും, കൗമാരക്കാർക്കുമായുള്ള മാസികയായ കെയ്റോസിന് 60 ത്രിവർഷ വരിക്കാരെ കണ്ടെത്തിയാൽ നിങ്ങൾക്ക് കൂട്ടുകാരോടൊപ്പം (ആകെ 10 പേർ വരെ) വണ്ടർലാ, ഡ്രീംവേൾഡ് തുടങ്ങിയ വാട്ടർ തീം പാർക്കുകളിൽ സൗജന്യമായി ആഘോഷിക്കാൻ അവസരം. മൂന്നു വർഷത്തേക്ക് വരിസംഖ്യ ₹ 500/–

മെയ് 30 നുള്ളിൽ 50 വരിക്കാരെ കണ്ടെത്തി പദ്ധതി പൂർത്തിയാക്കുന്നവർക്ക് പ്രത്യേക സമ്മാനങ്ങൾ

വിശദാംശങ്ങൾക്ക് നിങ്ങളുടെ ഇ–മെയിൽ അഡ്രസ്സ് 94475 72513–ലേക്ക് എസ്.എം.എസ്. അയയ്ക്കുക, അല്ലെങ്കിൽ വിളിക്കുക.

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Ernakulam-682041. Ph. 9847900555. Place of publication Kairos, Emmaus, HMT Colony P.O Ernakulam-683503. Editor Dr. Chackochan Njavallil, Parathodu, Kanjirapally, Kottayam-686512